UNIVERSITY LIBRARY

# ഗുരുനാഥൻ.

| പുസ്തകം 14 | 1110 കുംഭം | ലക്കം 7 |
|---|---|---|

## പ്രകൃതിസഖ്യം.

(തുടച്ച്)

(ആർ. ഈശ്വരപിള്ള ബി. എ.)

അവതാരപുരുഷന്മാരുണ്ടായി ലോകത്തിൽ അവിടവിടെ മതപ്രഖ്യാപനം ചെയ്യുന്നതിനുമുമ്പു മനുഷ്യന്റെ മതം പ്രശാന്തമായ പ്രകൃതിസഖ്യം തന്നെയായിരുന്നു. ഇനിയും മനുഷ്യൻ പൂർവ്വവൽ ഈ മതം തന്നെ അവലംബിക്കുമെന്നുള്ളതിനും ഇപ്പോൾ ലക്ഷ്യമില്ലാതില്ല. ഈശ്വരൻ സർവ്വചരാചരാത്മകനാണെന്നുള്ള തത്വം നമ്മെ പ്രകൃതിസേവനത്തിലേക്കു തന്നെ പ്രേരിപ്പിക്കുന്നു. ഗീതയിലും മററുമുള്ള "വിരാട്പുരുഷ"വർണ്ണന ഈ സൂക്ഷ്മതത്വത്തിന്റെ ഒരു സ്ഥൂലരൂപം മാത്രമാണ്. മനുഷ്യന് എപ്പോഴെങ്കിലും ഈശ്വരസാമീപ്യം ലഭിച്ചിട്ടുണ്ടെങ്കിൽ അതു പ്രകൃതിമുഖേനയാണെന്നു നിസ്സംശയം പറയാം. പുരോഹിതന്മാരുടേയും വിഗ്രഹങ്ങളുടേയും മാദ്ധ്യസ്ഥം കൂടാതെ പ്രകൃതിമുഖേനയുള്ള സേവനമാണ് അധികം ഫലവത്തായിട്ടുള്ളതും. ഇന്നു നമ്മെ വിഷമിപ്പിക്കുന്ന ക്ഷേത്രപ്രവേശനപ്രശ്നത്തിനും ഇതു തക്കതായ ഒരു നിവൃത്തി നല്കുന്നു. ആർക്കും അനായാസേന അവലംബിക്കാവുന്ന ഒരു സേവാമാർഗ്ഗമാണു പ്രകൃതിആരാധനം. ആ വഴിക്കുള്ള അതീതപ്രകൃതിഭജനവും ആരാധനവും അപ്രകാരം തന്നെ. പ്രകൃതിക്കു നാം ധനം നൽകേണ്ട ആവശ്യമില്ല. അതു നമ്മെ ശപിക്കയുമില്ല. നമ്മുടെ സ്നേഹത്തെയാകട്ടെ ഭക്തിയെയാകട്ടെ അതു് ഇരട്ടിച്ചു മടക്കിത്തരുന്നു. പ്രകൃതിവസ്തുക്കൾ ആരാധകന്മാരെ അതീതപ്രകൃതിയിലേക്കു തെററാതെ വഴികാണിക്കുന്നു. നേരെമറിച്ചു മനുഷ്യൻ നമ്മെ പലപ്പോഴും വഴിതെററിക്കുന്നു. നമ്മുടെ ഉപനിഷത്തുക്കളും മററും പ്രകൃതിയിൽ നിന്നും തത്ഭക്തരായ ഋഷികളുടെ മനസ്സിൽ ഊറിവീണ അമൃതബിന്ദുക്കളാണ്. പ്രകൃതി അനവരതമായി നമുക്കു നിശ്ശബ്ദമായിട്ടാണെങ്കിലും ശ്ര

വണ്ണഗോചരമായവിധത്തിൽ ഉപദേശം തന്നുകൊണ്ടിരിക്കയാണ്. നമു ക്കു നമ്മുടെ ജ്ഞാനത്തിൻെറ പരിധിയെ വിസ്തൃതമാക്കണമെങ്കിൽ നമ്മു ടെ മനസ്സിനു ശാന്തിയും സമഭാവനയും ഉണ്ടാകണമെങ്കിൽ നാം ലോക ത്തിൽ രാഗദ്വേഷാദി ദോഷങ്ങളൊന്നും കൂടാതെ ജീവിക്കണമെങ്കിൽ ന മുക്ക് ആത്മനിർവൃതി സിദ്ധിക്കണമെങ്കിൽ സജീവമായ പ്രകൃതിയെ തന്നെ അവലംബിക്കണം. കവികൾ, ശാസ്ത്രജ്ഞന്മാർ, ഋഷികൾ, യോഗികൾ ഇവർ പ്രകൃതിയിൽ കൂടിയാണ് അതീതപ്രകൃതിയെ വീക്ഷിക്കുന്നതു്. വി ശ്വസിക്കാവുന്ന ബന്ധുവും, സ്നേഹിക്കാവുന്ന മിത്രവും, ചതിക്കാത്ത സഖാ വും, അനുഗ്രഹിക്കുന്ന ആചാര്യനും, തത്വം ഉപദേശിക്കുന്ന ഗുരുവും വാസ്ത വത്തിൽ പ്രകൃതി ഒന്നുതന്നെയാണ്. പ്രകൃതിയെപ്പോലെ അനതിശയനീയ മായ സൗന്ദര്യം എവിടെ കാണും? "പ്രകൃതിയെപ്പോലെ ചിത്രമെഴുതുവാൻ ആൎക്കു സാധിക്കും" എന്ന് ഒരു കവി തന്നെ ചോദിക്കുന്നു. മനസ്സു ത ന്നെ പ്രകൃതിയുടെ ഊറൽ ആണത്രെ. അതുകൊണ്ടു മനസ്സും പ്രകൃതിയും ഒരു വസ്തുവിൻെറ വകഭേദം മാത്രമാണ്. അവതമ്മിൽ അകൃത്രിമമായ ബ ന്ധമുണ്ടു്. "ഓരോ മണൽതരിയിലും ലോകചരിത്രത്തിലെ ഒരു മഹത്താ യ അദ്ധ്യായം രേഖപ്പെടുത്തിയിട്ടുണ്ടെന്നു തത്വജ്ഞന്മാർ പറയുന്നു. മനു ഷ്യൻെറ ജീവിതത്തിനു പല വശങ്ങളുമുണ്ടു്. അതിൻെറ ഒരുവശം പ്രകൃ തിയിലേക്കു തുറന്നിരിക്കുന്നു. പ്രകൃതിയിൽനിന്നും ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു ദിവ്യപ്രവാഹം മനുഷ്യൻെറ പ്രകൃതിവശത്തെ പ്രക്ഷാളനം ചെയ്തു പ രിശുദ്ധമാക്കുന്നു. പ്രകൃതിയിലെ ഒരു മഹത്തായ വസ്തുവാണു സൂൎയ്യൻ. സൂൎയ്യനമസ്കാരം പ്രകൃതിസേവനത്തിൻെറ ഒരു വിശിഷ്ടരൂപഭേദമാണ്. സൂൎയ്യൻ പല വിശിഷ്ടരൂപത്തിലും പ്രകൃതിയുടെ ചക്ഷുസ്സായി ആരാധിക്ക പ്പെടുന്നു.

"ദേവതിൎയ്യങ്മനുഷ്യാണാം
സരീസൃപസവീരുധാം
സൎവ്വജീവനികായാനാം
സൂൎയ്യആത്മാദൃഗീശ്വരഃ"

ഇത്ര മാഹാത്മ്യമുള്ള പ്രകൃതിയെ അഥവാ പ്രകൃതിജ്യോതിസ്സി നെ ആരാണു സേവിക്കാതിരിക്കുന്നതു്? ഇപ്രകാരമുള്ള സേവനംകൊണ്ടു മനുഷ്യന് ഈശ്വരസാമീപ്യം അല്പമെങ്കിലും ലഭിക്കുന്നു. ഇപ്രകാരം മനു ഷ്യൻ ആദ്യകാലത്തു് അവലംബിച്ചിരുന്നതും, ദിവ്യചൈതന്യയുക്തവും, പ രിശുദ്ധവും, ശാന്തിപ്രദവും, സുഖപ്രദവും, അനയാസേന സാധിക്കാവുന്ന തുമായ സജീവപ്രകൃതിസേവനത്തെ ത്യജിച്ചു് ഇന്നു മററുപല വഴിക്കും തി രിഞ്ഞു് അന്യോന്യം കലഹത്തിനും വൈരത്തിനും ഹേതുവായവിധത്തിൽ അതീതപ്രകൃതിസേവനം ചെയ്യുന്നതിനു ഉദ്യമിക്കുന്നതു് എന്തുകൊണ്ടാ

ണെന്ന് അത്ര വെളിവാകുന്നില്ല. പ്രകൃതി മനുഷ്യനിൽ നിക്ഷിപ്തമായ ഈശ്വരചൈതന്യത്തിന്റെ ഭാവത്തേയോ അഭാവത്തേയോ കാണിക്കുന്ന ഒരു ഉഷ്ണമാനയന്ത്രമാണെന്നു പറയപ്പെട്ടിരിക്കുന്നു. ഇതു പ്രകൃതിയോട് അടുത്തസഖ്യംകൂടാതെ സാധിക്കയില്ല. എന്നുതന്നെയല്ല നാം കാണുന്ന പ്രകൃതിതന്നെ ഒരു മൂൎത്തിമത്തായ ചിന്തയാണെന്നും ഒരു മഹാൻ പറയുന്നു. പ്രകൃതി അതിന്റെ ബാഹ്യമായ ഭൗതികശക്തികളേക്കാഠം എത്രയോ ഉൽകൃഷ്ടമായ ഒരു ആന്തരശക്തിയെ വഹിക്കുന്നു. ഇതിനുംപുറമെ പ്രപഞ്ചം ഒരു മഹത്തായ ബുദ്ധിശക്തിയുടെ പ്രതിമയാണെന്നും പറഞ്ഞുകാണുന്നു. ഇതിൽനിന്നൊക്കെയും അനുമാനിക്കേണ്ടതു പ്രകൃതി ഒരു സചേതനവും സജീവവുമായ ഒരു വസ്തുവാണെന്നും അതിന്റെ പല വശങ്ങളും മനുഷ്യനിലേക്കു തുറന്നിരിക്കുന്നു എന്നുമാണ്. തന്റെ മുമ്പിൽ തുറന്നുകിടക്കുന്നതും, തന്നെ അതിലേക്ക് ആകൎഷിക്കുന്നതും, തന്റെ ശക്തിയെ മനുഷ്യനിലേക്കു സംക്രമിപ്പിച്ചുകൊണ്ടിരിക്കുന്നതും, ഒരു അത്യുൽകൃഷ്ടശക്തിയെ വഹിക്കുന്നതുമായ പ്രകൃതിയെ വിട്ടു കൃത്രിമമാൎഗ്ഗം അവലംബിച്ചു വഴിതെററി ഭ്രമിച്ചു കുഴങ്ങുന്നതും എന്തിനാണെന്ന് അറിഞ്ഞുകൂടാ. നാം കുനിയുമ്പോഴാണ് ഉയരുമ്പോഴല്ല സാക്ഷാൽ ജ്ഞാനത്തോടടുക്കുന്നത് എന്നു ഒരു മഹാൻ പറയുന്നു. നമ്മെ സദാ വലയംചെയ്തുകൊണ്ടിരിക്കുന്ന നിസ്സൎഗ്ഗരമണീയമായ പ്രകൃതി നൽകുന്ന സന്ദേശം വാസ്തവത്തിൽ പ്രകൃതിയെ കവിഞ്ഞുനില്ക്കുന്ന ഒരു ശക്തിയുടെ സ്ഫുലിംഗങ്ങളാണ്. അവ നമ്മുടെ ഉള്ളിൽ ഇരുളടഞ്ഞുകിടക്കുന്ന ഗുഹകളേയും രന്ധ്രങ്ങളേയും പ്രകാശമാനങ്ങളാക്കിത്തീൎക്കുന്നു. "എത്ര നിസ്സാരമായ ഒരു പുഷ്പത്തിനും എന്നിൽ വാചാമഗോചരങ്ങളായ ചിന്തകളെ ഉൽപാദിപ്പാൻ കഴിയും" എന്നു പ്രകൃതികവിയായ വേർഡ്സ്‌വൎത്ത് പറയുന്നു. ഇദ്ദേഹം പ്രകൃതിയുടെ നിരന്തരാഹ്വാനത്തെ സാദരം സ്വീകരിച്ചു സേവിച്ച ഒരു കവിയാണ്. ഇതിന്റെ അൎത്ഥം എന്താണ്? വാക്കിനു എത്താൻപാടില്ലാത്തവിധം അഗാധമായ ചിന്ത എന്താണ്? അതു പ്രകൃതിയെ കവിഞ്ഞുനില്ക്കുന്ന ഒരു വസ്തുവാണ്. ലോകത്തിൽ ക്ഷേത്രം (ദേവാലയം) ഒന്നുമാത്രമേയുള്ളു. അതു പ്രകൃതിതന്നെയാണ്. പ്രകൃതിസേവനം അത്യുൽകൃഷ്ടമനസ്സമായിട്ടുള്ള സംസൎഗ്ഗമാണ്. ഒരു പ്രസ്രവണം ഉത്ഭവിക്കയോ നദി ഒഴുകുകയോ ചെയ്യുന്ന സ്ഥലത്തുവേണം ആരാധനസ്ഥലം നിൎമ്മിക്കുവാൻ. അവിടം പുണ്യസ്ഥലമാണ്. നാം പ്രകൃതിയോടടുക്കുന്തോറും സത്യത്തോടും അടുക്കുന്നു. നിൎമ്മലവും നിശ്ചലവുമായിരിക്കുന്ന ജലത്തിലെ വസ്തുക്കഠം യഥാൎത്ഥത്തിൽ പ്രതിഫലിക്കയുള്ളു. അതുപോലെതന്നെ പ്രകൃതിയും ശാന്തമായിരിക്കുമ്പോഠം മാത്രമേ അതിൽ ഈശ്വരചൈതന്യം പ്രത്യക്ഷമാകയുള്ളു. സുവിസ്തൃതമായ ലോകപുസ്തകം നമ്മുടെ മുമ്പിൽ തുറന്നു

കിടക്കുമ്പോരം ആത്മജ്ഞാനത്തെ തേടി ദൂരെ പോകുന്നതു് എന്തിനു്? അതുകൊണ്ടു പ്രകൃതിയെതന്നെ സേവിക്ക. അതുതന്നെയാണു സൎവ്വാഭീഷ്ടദയായ കാമസുരഭി. ആരോഗ്യം വേണമെങ്കിൽ അതിനും, മനശ്ശാന്തി വേണമെങ്കിൽ അതിനും, നിൎമ്മലമായ സുഖം വേണമെങ്കിൽ അതിനും, പരമമായ ജ്ഞാനം വേണമെങ്കിൽ അതിനും, സത്യംവേണമെങ്കിൽ അതിനും, ചതിക്കാത്ത മിത്രം വേണമെങ്കിൽ അതിനും, ക്ഷയിക്കാത്ത സൗഭാഗ്യം വേണമെങ്കിൽ അതിനും, ഭജിച്ചാൽ ഫലം കിട്ടണമെങ്കിൽ അതിനും, ജന്മസാഫല്യം വേണമെങ്കിൽ അതിനും പ്രകൃതിയെതന്നെ ത്രിവിധകരണങ്ങരംകൊണ്ടും സേവിക്കയും സ്നേഹിക്കയും ആദരിക്കയും ചെയ്യണം. പ്രകൃതിയാകട്ടെ യഥാൎത്ഥത്തിൽ

സ്വൎഗ്ഗാരോഹണനിശ്രേണി
മോക്ഷമാൎഗ്ഗാധിദേവതാ
ഉദാര ദുരിതോൽഗാര
ഹാരിണീ ദുൎഗ്ഗതാരിണീ.

സുപ്രസിദ്ധന്മാരായ ശാസ്ത്രജ്ഞന്മാരെല്ലാവരും ദൃഢമായ പ്രകൃതിസഖ്യംകൊണ്ടാണു പ്രകൃതിയിൽ അന്തൎല്ലീനങ്ങളായ ഗൂഢശക്തികളെ അപാവരണംചെയ്തിട്ടുള്ളതു്. പരിണാമവാദത്തിന്റെ ആദ്യപ്രയോക്താവായ ഡാർവിൻ ഒരു വിശിഷ്ട പ്രകൃതിസേവകനായിരുന്നു. വസ്തുക്കളുടെ പരസ്പരാകൎഷണശക്തി ഔഷധങ്ങളുടെ വീൎയ്യങ്ങരം, നീരാവി, വിദ്യുച്ഛക്തി, സസ്യങ്ങളുടെ വിവിധാവയവങ്ങളും അവയുടെ പ്രവൃത്തികളു, ശബ്ദം, പ്രകാശം, ഇവകളുടെ സ്വാഭാവികഗുണങ്ങരം, റേഡിയം, ഹീലിയം, എന്ന അത്ഭുതപദാൎത്ഥങ്ങരം എന്നുവേണ്ട ഇങ്ങനെ ഇന്നു മനുഷ്യനു് അനൎഘസമ്പത്തായും പലവിധത്തിൽ ഉപയോഗപ്രദങ്ങളായും ദിവ്യശക്തിസംയുക്തങ്ങളായുമുള്ള എത്രയോ നിഗൂഢരഹസ്യങ്ങളെ പ്രകൃതിയോടിണങ്ങി മനുഷ്യൻ കൈക്കലാക്കിക്കഴിഞ്ഞിരിക്കുന്നു. "ജ്ഞാനം" തന്നെ എന്താണു്? പ്രകൃതിവസ്തുക്കളുടെ യാഥാൎത്ഥ്യത്തെ ഗ്രഹിക്കുകയല്ലയോ? ധ്രുവപ്രദേശങ്ങളെ അപാവരണം ചെയ്വാനുള്ള ശ്രമവും ഹിമവദാരോഹണോദ്യമവും പ്രകൃതിസേവനത്തിന്റെ വകഭേദങ്ങളല്ലയോ. അനന്തമായ ആകാശവീഥിയിൽ സ്വച്ഛന്ദം വിഹരിക്കുന്ന അനുകാമീനന്മാരായ ധൂമകേതുക്കളോടു കുശലപ്രശ്നം ചെയ്തു അവയുടെ കേന്ദ്രങ്ങളും ചലനവൃത്തവുംമററും ഗ്രഹിക്കാൻ സാധിച്ചതു പ്രകൃതിസേവനംകൊണ്ടല്ലെങ്കിൽ പിന്നെ എന്തു കൊണ്ടാണു്? അവ നമ്മുടെ ദൃഷ്ടിക്കു് ഗോചരമായ പ്രപഞ്ചപ്രാന്തങ്ങളിലേക്കു നമ്മുടെ ജിജ്ഞാസയെ ആകൎഷിക്കയല്ലയോ ചെയ്യുന്നതു്. ഇത്രയുമൊക്കെ നമുക്കു നല്കാമെങ്കിൽ പ്രകൃതിയെ കവിഞ്ഞുനില്ക്കുന്ന അതീതപ്ര

കൃതിയിലേക്കും നമ്മെ ചൂണ്ടിക്കാണിക്കുവാൻ സാധിക്കുന്ന നഭോഢപഗന്മാരും ഇല്ലെന്നുവരുമോ? നമ്മുടെ ഉപനിഷത്തുകൾ കേവലം നിരൎത്ഥകങ്ങളായ അരണ്യരോദനങ്ങളോ അതോ പ്രകൃതിസേവനത്തിന്റെ ഫലമായി ലഭിച്ച അനുഗ്രഹങ്ങളോ ഏതാണ്? മനുഷ്യനു പഞ്ചേന്ദ്രിയങ്ങളുണ്ട്- ഇവയുടെ ഓരോന്നിന്റേയും വിഷയമായി പ്രകൃതിയിൽ രൂപം, ശബ്ദം, ഗന്ധം, രസം, സ്പൎശം ഇവയും ഉണ്ട്. എന്നാൽ മനുഷ്യന് ഇന്ദ്രിയങ്ങളിൽനിന്നും ഭിന്നമായും അവ ഗ്രഹിക്കാത്ത വസ്തുക്കളെ ഗ്രഹിക്കുന്നതുമായ ധീന്ദ്രിയം കൂടിയുണ്ട്. ഇതുപോലെ പ്രകൃതിയിൽനിന്നും ഭിന്നമായും അതിനേക്കാൾ സൂക്ഷ്മതരമായും ചിന്തയുടെ വ്യാപാരംകൊണ്ടുമാത്രം ഗ്രഹിക്കുവാൻ സാധിക്കുന്നതുമായ ഒരുവശം പ്രകൃതിക്കും ഉണ്ടായിരിക്കാമെന്നുവിചാരിക്കുന്നതു് അസംഗതമായി വരികയില്ല. പ്രകൃതിയെ സേവിച്ചു സ്വാധീനമാക്കിയാൽ മാത്രമേ ഇതു സാധിക്കുകയുള്ളു. പുസ്തകങ്ങളും ഗ്രന്ഥങ്ങളും ഇതിഹാസപുരാണങ്ങളും മററും എന്താണ്? അവ പ്രകൃതിയിൽനിന്നും വികലഹസ്തങ്ങളാൽ അവചിതങ്ങളായ അവ്യക്തജ്ഞാനാംശങ്ങളാണ്. അവ ഇന്നും പ്രകൃതിസഖ്യത്താൽ നേരിട്ടു സമ്പാദിക്കപ്പെട്ടവയാണെന്നു വിചാരിച്ചുകൂടാ. പ്രകൃതിയെ പരിചൎയ്യകൊണ്ടു നമ്മോടു കടപ്പെടുത്തുക എന്നാൽ അതിന്റെ സമ്പൽസമൃദ്ധമായ ഭണ്ഡാരം അല്പമെങ്കിലും തുറന്നു കാണിക്കും.

# കൃഷ്ണഗാഥാകൎത്താവു ആര്?

[വി. കെ. രാമൻമേനോൻ ബി. എ., എൽ. ടി.]

കൃഷ്ണഗാഥാകൎത്താവ് ചെറുശ്ശേരിനമ്പൂരിയല്ലെന്നും 'ചെറുശ്ശേരി' എന്നതു ഗ്രന്ഥനാമമാണെന്നും സ്ഥാപിക്കേണ്ടതിലേക്കു ചില പണ്ഡിതശിരോമണികൾ ആ പേരിനെ എങ്ങിനെയെല്ലാം വികൃതപ്പെടുത്തീട്ടുണ്ടെന്ന് ഓൎക്കുമ്പോൾ ഏവനും ആശ്ചൎയ്യം തോന്നുന്നതാണ്. 'ചെറുശ്ശേരി' എന്നതിന്റെ ആദിരൂപം 'ചെറുച്ചേരി' എന്നാണെന്നു കവിതിലകൻ കുണ്ടൂർ നാരായണമേനവൻ അവർകളും 'ചെറുശീര്' എന്നാണെന്നു ശ്രീമാൻ സി. ഐ. രാമൻനായർ അവർകളും 'ചെറുചിരി' (പുഞ്ചിരി) യാണെന്നു മറെറാരു പണ്ഡിതനും അഭിപ്രായപ്പെടുന്നു. * 'ചെറുശ്ശേരി' യെ ചെറുച്ചിരിഅമ്മ എന്നു രൂപാന്തരപ്പെടുത്തി കൃഷ്ണഗാഥ നിൎമ്മിച്ചതു്

* ടി. കെ. രാമൻമേനോൻ

ഒരു സ്ത്രീയാണെന്നുവരുത്തുവാൻ ഒരു ഭാഷാഭിമാനി ചെയ്ത ശ്രമമാണ് ഏററവും രസാവഹമായിട്ടുള്ളതു്. കൃഷ്ണഗാഥയെപ്പോലെയുള്ള ഒരു വിശിഷ്ട ഗ്രന്ഥത്തിൻെറ കർത്തൃത്വം ഒരു സ്ത്രീയിൽ ആരോപിക്കുന്നതു സ്ത്രീജനങ്ങൾക്ക് അഭിമാനഹേതുകം തന്നെയാണ്. എന്നാൽ "വ്യാസനായുള്ളോരു മാമുനിതൻകൃപ-ദാസനാമെന്നിൽ പുലമ്പേണമെ" എന്നിങ്ങനെയുള്ള ദിക്കുകളിൽ ചില ഭേദഗതികൾ വരുത്തി കവിതാഗുണത്തിനു മാററു കുറച്ചാലും ഈ സംഗതി തെളിയിക്കുന്നതു മിക്കവാറും അസാദ്ധ്യമാകുന്നു. ഒരു സമയം മററു ചില വിമർശകന്മാരെ കളിയാക്കുവാൻ വേണ്ടി മാത്രം ഇങ്ങിനെ ഒരു അഭിപ്രായം അദ്ദേഹം പുറപ്പെടുവിച്ചതാണെന്നു വിചാരിക്കുവാൻ ന്യായമുള്ളതുകൊണ്ട് ഇതിന്ന് അത്രഗൌരവം കല്പിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. 'ചെറുശ്ശേരി' എന്നതു ഗ്രന്ഥനാമമാണെന്നു സ്ഥാപിക്കേണ്ടതിലേക്കുള്ള ന്യായങ്ങളാണു കേൾക്കേണ്ടതു്.

"* 'കൃഷ്ണഗാഥ' കവി നൾകിയ പേരല്ല. ഗുണ്ടർട്ടിൻെറ നിഘണ്ഡുവിലും ബെയിലിയുടെ നിഘണ്ഡുവിലും കൃഷ്ണഗാഥ പുസ്തകരൂപ്പേരായി വിവരിച്ചിട്ടില്ല. 'കൃതായാം കൃഷ്ണഗാഥയാം' എന്നു ചേർത്തിട്ടുള്ള ഒട്ടാവസാനത്തിലെ സംസ്കൃതശ്ലോകം ഗ്രന്ഥകർത്താവിൻേറതല്ല. ഏതോ ഒരു രസികൻ കുത്തിത്തിരുകിയതാണ്. ഗ്രന്ഥാന്തർഭാഗത്തു് ഒരിടത്തും കൃഷ്ണഗാഥ എന്ന ശബ്ദമേ കാണുന്നില്ല. ഗ്രന്ഥം മുഴുവൻ പരിശോധിച്ചു നോക്കിയതിൽ 'കൃഷ്ണൻ' എന്ന നാമം കവി പ്രായേണ വർജ്ജിച്ചിട്ടുള്ളതായി തെളിയുന്നു. "ചെറുശ്ശേരിയുടെ എരിശ്ശേരിയിൽ കഷ്ണമില്ലെന്നു്" ഒരാൾ അഭിപ്രായപ്പെട്ടതായും അതിനുത്തരമായി 'ഇളക്കിനോക്കിയാൽ കാണും' എന്നു ഗ്രന്ഥകർത്താവു പറഞ്ഞതായും ഉള്ള ഐതിഹ്യം യുക്തിവിരുദ്ധമാണ്. ചെറുശ്ശേരി എന്ന ഒരു ഇല്ലം ഉത്തരകേരളത്തിൽ ഉണ്ടായിരുന്നില്ലെന്നു കവനോദയക്കാർക്കു ബോദ്ധ്യമായിരിക്കുന്നു. 'ചന്ദ്രോത്സവ'ത്തിൽ പല കവികളുടേയും പേരു പറയുന്ന കൂട്ടത്തിൽ ചെറുശ്ശേരിയുടെ പേർ ഉൾപ്പെട്ടിട്ടില്ല"

ഈ വാദങ്ങളുടെ സാധുത്വാസാധുത്വത്തെപ്പററി അല്പമൊന്നു ചിന്തിക്കാം. ഒട്ടാവസാനത്തിലെ സംസ്കൃതശ്ലോകം കവിയുടേതല്ലെന്നുള്ളതു വെറും ഊഹം മാത്രമാണ്. അതിന്നു യാതൊരു അടിസ്ഥാനവുമില്ല. അന്യനായ ഒരു കവിക്ക് ഇതിൽ ഇങ്ങിനെ ഒരു ശ്ലോകം കൂട്ടിച്ചേർത്തിട്ട് എന്തു പ്രയോജനമാണു സിദ്ധിക്കുന്നതു് എന്നു മനസ്സിലാകുന്നില്ല. 'കൃഷ്ണൻ' എന്ന നാമം കവി പ്രായേണ വർജ്ജിച്ചിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നതു് അത്ര ശരിയാണെന്നു തോന്നുന്നില്ല. താഴെ എഴുതുന്ന വരികൾ നോക്കുക:—

* ശ്രീമാൻ, സി. ഐ. രാമൻനായർ

കൃഷ്ണനിലുള്ള ഗുണങ്ങളുമന്നേരം—കൃൽസ്നമായ് ചൊന്നാനനന്ദനോട്
കൃഷ്ണനെന്നുള്ളൊരു നാമവും ചൊല്ലിനാൻ—വൃഷ്ണികൾനാഥനായുള്ളവനും
നാരായണാ കൃഷ്ണനെന്നുതുടങ്ങിയ—നാമങ്ങളോരോന്നേ പാടിപ്പാടി
വൃഷ്ണികൾക്കുള്ളൊരു ഭീതിയെക്കണ്ടിട്ടു—കൃഷ്ണനായുള്ളൊരു വിഷ്ണുവപ്പോൾ
കൃഷ്ണനുമായ്‌വന്നു വൃഷ്ണികളെല്ലാരു—മുഷ്ണിച്ചു കൂട്ടനോരെങ്കിലപ്പോൾ
വൃഷ്ണികൾക്കാക്കമേ ചേന്നതില്ലൊട്ടുമേ—കൃഷ്ണനുമുള്ളത്തിലവ്വണ്ണമെ
വൃഷ്ണികളാണ്ടു ഭൂമിയിൽ വന്നു—കൃഷ്ണനായ് നിന്നനിൻെറ
കൃഷ്ണായെന്നിങ്ങിനെ നീളത്തിൽ ചൊന്നപ്പോൾ—വൃഷ്ണികളെല്ലാരും
കേഴുന്നേരം
കൃഷ്ണനെ കാണ്മാനായ് മുന്നമെ പോയൊരു—ജിഷ്ണുതാൻ വന്നീലയല്ലിയിന്നു

ഇങ്ങിനെ പല ദിക്കുകളിലും കവി 'കൃഷ്ണൻ' എന്നു പ്രയോഗിച്ചിട്ടുണ്ട്. ഈ സംഗതിയും 'അച്യുതഗാഥയെ ചൊല്ലിനിന്നാനങ്ങു ലജ്ജയെ കൊണ്ടിവനെന്നുനണ്ണി' എന്നും 'മാധവഗാഥയെ നിമ്മിച്ച മാനുഷൻ' എന്നുമുള്ള വരികളും 'കൃതായാം കൃഷ്ണഗാഥായാം' എന്നു ചേത്തിട്ടുള്ള സംസ്കൃതപദ്യവും കൂട്ടിച്ചേത്തുനോക്കുമ്പോൾ 'കൃഷ്ണഗാഥ' എന്ന പേരു കവിതന്നെ കൊടുത്തതാണെന്നു തെളിയുന്നുണ്ട്. 'കൃഷ്ണഗാഥ' എന്ന പേരു പാട്ടിനു യോജിക്കാത്തതുകൊണ്ടു 'കൃഷ്ണ'പദത്തിനു പകരം പയ്യായങ്ങളായ 'അച്യുതൻ' 'മാധവൻ' എന്നീപദങ്ങൾ 'ഗാഥ'യോടുചേത്തു ചില ദിക്കുകളിൽ പ്രയോഗിച്ചിട്ടുണ്ടെന്നുമാത്രമെ ഉള്ളു. 'കൃഷ്ണഗാഥ' കൃഷ്ണപ്പാട്ടായതു് എങ്ങിനെയാണെന്നുള്ളതിലേക്കു വലിയ വിവരണം ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ഗുണ്ടർട്ടിൻേറയും ബെയിലിയുടേയും നിഘണ്ടുക്കളിൽ ഈ പേർ കാണുന്നില്ലെന്നാണു മറെറാരുവാദം. ബെയിലിയുടെ നിഘണ്ടു എനിക്കു നോക്കാൻ തരമായിട്ടില്ലാത്തതുകൊണ്ട് അതിനെപ്പററി എനിക്കൊന്നും പറവാൻ തരമില്ല. എന്നാൽ ഗുണ്ടർട്ടിൻെറ നിഘണ്ടുവിൽ പ്രസ്തുതകൃതിയിൽ നിന്നു വാക്യങ്ങളുദ്ധരിച്ചേടത്തെല്ലാം കൃഷ്ണഗാഥയിൽ നിന്നെടുത്തതെന്നു വ്യക്തമായി കാണിച്ചിട്ടുണ്ട് 'ചെറുശ്ശേരി' എന്നൊരില്ലം ഉത്തരകേരളത്തിൽ ഉണ്ടായിരുന്നില്ലെന്നുള്ളതു കവനോദയക്കാൎക്കു ബോദ്ധ്യമായിരിക്കുന്നു എന്നാണു പിന്നെ ഒരു വാദം. 1091-ൽ അച്ചടിച്ചിട്ടുള്ള 'കൃഷ്ണപ്പാട്ടി'ൽ "ഈ ഗാഥക്കു തെക്കേമലയാളത്തിൽ 'ചെറുശ്ശേരി' എന്നു കഥാനാമമായി സാധാരണ പേർ പറഞ്ഞുവരുന്നു" എന്നു കാണുന്നു. ഇതിൽനിന്നു തെക്കേമലയാളത്തിലുള്ളവൎക്കു മാത്രമെ ഇങ്ങിനെ ഒരു ധാരണ ഉണ്ടായിട്ടുള്ളൂ എന്നല്ലെ മനസ്സിലാക്കേണ്ടതു്. ഇതിനു പ്രത്യേകം കാരണമുണ്ട്. കൃഷ്ണഗാഥാകത്താവു തൻെറ കൃതിയുടെ വൃത്തത്തിന്ന് ഒരു പേരുകല്പിച്ചി

ട്ടുണ്ടായിരുന്നില്ല. മഞ്ജരി എന്നുംമററുമുള്ള പേരുകൾ അടുത്തകാലത്തു ണ്ടായതാണ്. അതിനാൽ ഈ വൃത്തത്തിൽ കവിതയെഴുതിയവരെല്ലാം ചെറുശ്ശേരിമട്ട് എന്നെഴുതിവന്നു. ഇതിൽ നിന്നു 'ചെറുശ്ശേരി' എന്നതു വൃത്തനാമമോ ഗ്രന്ഥനാമമോ ആണെന്നു പലരും ഭ്രമിച്ചുപോയതാണെ ന്നാണു വിചാരിക്കേണ്ടതു്. കവനോദയക്കാർക്കു ബോദ്ധ്യമായിരിക്കുന്നു എന്നു പറഞ്ഞതുകൊണ്ടു മാത്രം ചെറുശ്ശേരി എന്നൊരില്ലം ഉത്തരകേരള ത്തിലുണ്ടായിരുന്നില്ലെന്നു വരുന്നതല്ലല്ലൊ. കൃഷ്ണഗാഥയെപ്പോലെയുള്ള ഒരു ഗ്രന്ഥത്തിന്നു് അതിൻെറ വൃത്തനാമമാണു കവി നൽകിയതു് എന്നു ള്ള അഭിപ്രായംതന്നെ എത്രയോ ബാലിശമായിരിക്കുന്നു.

ചെറുശ്ശേരിയെ സംബന്ധിച്ചുള്ള ഐതിഹ്യം യുക്തിവിരുദ്ധമായി രിക്കുന്നു എന്നുള്ള സംഗതിയെപ്പററിയാണ് ഇനി ഒന്നു പറവാനുള്ളതു്. ഈ അഭിപ്രായം പുറപ്പെടുവിച്ച സി. ഐ. രാമൻനായരവർകൾ ഇങ്ങിനെ പറയുന്നു. "പ്രാമാണികസമ്മതം ലഭിച്ചിട്ടുള്ള പല ഐതിഹ്യങ്ങളേ യും യുക്തിവിരുദ്ധമെന്നു കണ്ടാൽ നിരൂപകകുടിലന്മാർ ത്യാജ്യകോടിയി ലേക്കു തള്ളി നീക്കുന്നതു കാണുമ്പോൾ ഇതിൻെറ കഥ പറവാനില്ലല്ലൊ" പ്രാചീനകവികളെ സംബന്ധിച്ചു പല ഐതിഹ്യങ്ങളും നാം കേട്ടിട്ടുണ്ടു്. അവ അധികവും അസംഭാവ്യസംഗതികളെക്കൊണ്ടു നിറഞ്ഞിരിക്കുന്നതാ യിക്കാണാം. അതുകളിലും സത്യത്തിൻെറ വല്ല ശകലവും ഉണ്ടായേക്കാം അതിനാൽ ത്യാജ്യഗ്രാഹ്യവിവേചനം ചെയ്യല്ലാതെ അവയെ തള്ളിക്കള യാറില്ല. എന്നാൽ ചെറുശ്ശേരിയെ സംബന്ധിച്ചുള്ള മുൻപറഞ്ഞ ഐ തിഹ്യത്തിൽ അസംഭാവ്യമായി യാതൊന്നുമില്ല. കൃഷ്ണപ്പാട്ടിനെ എരിശ്ശേ രിയോട്ട് ഉപമിച്ചതിലായിരിക്കാം യുക്തിഭംഗമുണ്ടെന്നു പറയുന്നതു്. പ ക്ഷെ പ്രസ്തുത കൃതിയിൽ കമ്പമില്ലെന്നു പറഞ്ഞ ആൾ ഒരു അരസികനാ ണെന്നുള്ളതിന്നു വല്ല സംശയവുമുണ്ടോ? അങ്ങിനെയുള്ള ഒരാൾ അതി നെ എരിശ്ശേരിയോട്ട് ഉപമിച്ചതിൽ അത്ഭുതപ്പെടുവാനെന്താണുള്ളതു്? എന്നാൽ 'ഇളകിനോക്കിയാൽക്കാണും' എന്നുള്ള ഫലിതം കൃഷ്ണഗാഥാ കർത്താവിനെപ്പോലെയുള്ള ഒരു രസികൻെറ മുഖത്തിൽ നിന്നല്ലാതെ പു റപ്പെടുവാൻ ഇടയില്ല. കൃഷ്ണഗാഥ അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്നതിന്നു മുമ്പു തന്നെ കേട്ടിട്ടുള്ള ഈ ഐതിഹ്യം ഇതിൻെറ കർത്താവ് ചെറുശ്ശേ രിനമ്പൂരിയാണെന്നു വരുത്തുവാൻ വേണ്ടി ഏതാനും പേർ കൂടി കല്പിച്ചു കൂട്ടി ഉണ്ടാക്കിയതാണ് എന്നു പറയുന്നതിലാണു യുക്തിവിരുദ്ധതയും അ സംഭാവ്യതയുമുള്ളതു്.

ചന്ദ്രോത്സവത്തിൽ പുനം നമ്പൂരിയെപ്പററി പറഞ്ഞിട്ടുള്ളതുകൊ ണ്ടും കൃഷ്ണഗാഥയുടെ കർത്താവു് മറെറാരു കവിയാണെങ്കിൽ ആ കവിയുടെ

പേരു വിട്ടുപോകുവാൻ ഇടയില്ലാത്തതുകൊണ്ടും കൃഷ്ണഗാഥാ കർത്താവ് പുനം നമ്പൂരിയാണെന്നു വിചാരിക്കുന്നതല്ലെ യുക്ത്യനുസരണമായിട്ടുള്ളതു്. എന്നൊരു ചോദ്യത്തിന് അവകാശമുണ്ട്. എന്നാൽ കവിതാരീതി നോക്കിയാൽ കൃഷ്ണഗാഥ പുനത്തിന്റേതാണെന്നു വിശ്വസിക്കുവാൻ വളരെ പ്രയാസം തന്നെ. 'ഭാഷാകവിനിവഹോയം ദോഷാകരവദ്വിഭാതി ഭുവനതലേ' എന്നിങ്ങനെ ഭാഷാകവികളെ പുച്ഛിച്ചിരുന്ന ഉദ്ദണ്ഡശാസ്ത്രിപ്രഭൃതികൾ പുനത്തിനെ അരക്കവിയായിട്ടെങ്കിലും ഗണിച്ചതു് അദ്ദേഹം നാമമാത്രഭാഷാകവിയായിരുന്നതുകൊണ്ടു മാത്രമാണ്. അവർ കൃഷ്ണഗാഥ വായിച്ചു രസിച്ചിട്ടുണ്ടെന്നു വിചാരിക്കാൻ യാതൊരു കാരണവും കാണുന്നില്ല. കൃഷ്ണഗാഥയെപ്പററി ഒരു സൂചന പോലും അവരുടെ കൃതികളിൽ കാണുന്നതുമില്ല. ഇതിനും പുറമെ ഉദ്ദണ്ഡശാസ്ത്രികളുടെ പ്രശംസയ്ക്കു പാത്രമായ 'താരിത്തനപീകടാക്ഷാഞ്ചിത' എന്നു തുടങ്ങിയ പദ്യത്തിൽ നിന്നു പുനം കോഴിക്കോട്ടു മാനവിക്രമരാജാവിന്റെ ആശ്രിതനായിരുന്നു എന്നാണ് മനസ്സിലാക്കേണ്ടതു് 'പാലാഴിമാതുതാൻ പാലിച്ചു പോരുന്ന കോലാധിനാഥനുദയവർമ്മ'നെപ്പററി പുനം നമ്പൂരിയുടെ കൃതികളിലൊന്നുംതന്നെ പ്രസ്താവിച്ചിട്ടില്ല. ഈ കാരണങ്ങളെക്കൊണ്ട് കൃഷ്ണഗാഥാകർത്താവ് ഈ പുനം നമ്പൂരിയല്ലെന്നാണു തെളിയുന്നതു്. സാഹിത്യപരിഷത്തു വക ത്രൈമാസികയുടെ കഴിഞ്ഞ ലക്കത്തിൽ ചിറക്കൽ ദേശവാസിയായ ടി. ബാലകൃഷ്ണൻ നായരവർകൾ കൃഷ്ണഗാഥയുടെ ഒരു പ്രതിയിൽ 'പൊനത്തിൽ ശങ്കരൻ നമ്പിടി രചിച്ച കൃഷ്ണപ്പാട്ട്' എന്ന് എഴുതിയിരിക്കുന്നതായി പറയുന്നു. എന്നാൽ അതേലേഖനത്തിൽ തന്നെ വേറൊരിടത്തു് ഇപ്രകാരവും പ്രസ്താവിച്ചിട്ടുണ്ട്. "കാനത്തൂര് ഗ്രാമത്തിൽ പന്ത്രണ്ടില്ലങ്ങൾ ഉണ്ടായിരുന്നതിൽ ഒന്നാണ് പൊനത്തിലില്ലം. ചെറുശ്ശേരി എന്നൊരില്ലവും പന്ത്രണ്ടില്ലങ്ങളിൽ പെട്ടതാണ്. ചെറുശ്ശേരിയില്ലത്തിൽ ഒരുകാലത്തു് ഒരു ബ്രാഹ്മണയുവാവുമാത്രം ശേഷിക്കയും അദ്ദേഹത്തെ പൊനത്തിലില്ലത്തേക്ക് ദത്തെടുക്കയുമുണ്ടായെന്നു പഴമക്കാർ പറഞ്ഞു വരുന്ന ഐതിഹ്യം വാസ്തവമാണെങ്കിൽ കൃഷ്ണഗാഥാകർത്താവായ പൊനത്തിൽ ശങ്കരൻ നമ്പൂരിയായിരിക്കാം ചെറുശ്ശേരിയില്ലത്തെ ഒടുവിലത്തെ ആളെന്നും ദത്തിനു മുമ്പ് അദ്ദേഹം രചിച്ച കൃതിയായിരിക്കാം ചെറുശ്ശേരിഭാരതം എന്നും ഊഹിക്കുന്നതു് തീരെ അബദ്ധമാണെന്നു കരുതുവാൻ തരമില്ലെന്നു തോന്നുന്നു." ഈ രണ്ടു മഹാന്മാരുടേയും പേരുകൾ (ചെറുശ്ശേരി, പുനം) കൃഷ്ണഗാഥയോടു ചേർത്തു പറഞ്ഞുവരുന്നതുകൊണ്ടു് മേലെഴുതിയ അഭിപ്രായം ആദരണീയമാണെന്നുതന്നെ വേണം വിചാരിക്കാൻ ഏതായാലും ഉത്തരകേരളത്തിൽ ചെറുശ്ശേരി എന്നൊരില്ലം ഉണ്ടായിരുന്നു എന്നും ആ ഇല്ലത്തെ ഒരു നമ്പൂരിയാണ് കൃഷ്ണഗാഥാ കർത്താവ് എന്നുമാണ് ഇതേവരെ

കിട്ടിയ തെളിവുകളിൽ നിന്നും പ്രത്യക്ഷമാകുന്നതു്. പ്രാചീന കവികളെ സംബന്ധിച്ചു നമുക്കുള്ള അറിവു് അധികവും അവരുടെ കൃതികളിൽ നിന്നും അവരെ സംബന്ധിച്ചുള്ള ചില ഐതിഹ്യങ്ങളിൽ നിന്നും ലഭിക്കുന്നതാകകൊണ്ടു് അവയെയെല്ലാം വിട്ടു് ഗ്രന്ഥകാരന്മാരുടെ പേരുകൾക്കു് രൂപാന്തരം വരുത്തി ശെപ്പിടിവിദ്യ കാണിക്കുന്നതു് പാണ്ഡിത്യപ്രകടനത്തിനു കൊള്ളാമെങ്കിലും സത്യാവസ്ഥ കണ്ടുപിടിക്കുന്നതിന്നു് പര്യാപ്തമല്ലെന്നു ഇവിടെ പറഞ്ഞുകൊള്ളട്ടെ.

# ന്യായപ്രകാശിക.

[വിദ്വാൻ വൈ. നാരായണയ്യർ]

## 182. ശുക്തിരജതന്യായം.

ചിപ്പി വെള്ളത്തിൽ കിടക്കുന്നതു കാണുമ്പോൾ അതു വെള്ളിയാണെന്നുതോന്നും; താമരയിലയിലും ചേമ്പിലയിലും വെള്ളത്തുള്ളി കെട്ടിക്കിടക്കുന്നതു മുത്താണെന്നു തോന്നുന്നതുപോലെ. ഒന്നു മറ്റൊന്നാണെന്നുള്ള വിഭ്രാന്തിക്കു് ഉദാഹരണമാണിതു്. ജഗത്തിനെ ബ്രഹ്മമെന്നും ശരീരത്തെ ആത്മാവെന്നും ജനങ്ങൾ ഭ്രമിക്കുന്നതു ശുക്തിയെ രജതമെന്നും, രജ്ജുവിനെ സർപ്പമെന്നും തെററിദ്ധരിക്കുന്നതുപോലെയാണെന്നു വേദാന്തികൾ പറയുന്നു. തരം താഴ്ന്ന ഒന്നിനെക്കണ്ടു തരമുയർന്ന മററൊരു വസ്തുവാണെന്നു ഭ്രമിക്കുമ്പോൾ പ്രസ്തുതന്യായം പ്രയോഗിക്കാം.

## 183. സിംഹരതിന്യായം.

മാംസാഹാരിയായ സിംഹം ആണ്ടിൽ ഒരുപ്രാവശ്യം മാത്രമേ ഇണചേരുകയുള്ളു എന്നു പറയപ്പെടുന്നു. സസ്യം ഭക്ഷിക്കുന്ന ധാന്യാഹാരിയായ കപോതമാകട്ടെ സദാ രതിലീലാലോലമായി നടക്കുന്നു. ഇന്ദ്രിയനിയന്ത്രണത്തിന്നു് അടിസ്ഥാനം ആഹാരഭേദമല്ലെന്നും മനസ്സിന്റെ സ്ഥിരതയാണെന്നും ഉഭയാഹാരികൾ പറയുന്നു. ജനനേന്ദ്രിയനിയന്ത്രണശക്തിയുള്ളവനും, "പ്രജായൈ ഗൃഹമേധി"യും ആയ ഗൃഹസ്ഥന്റെ യുശജീവിതം സിംഹരതിന്യായേന ആയിരിക്കും.

## 184. സുമുഖീഭിക്ഷുകന്യായം.

സുന്ദരിയും ഭിക്ഷുവും എന്നൎത്ഥം. ഒരു കഥയിൽനിന്നാണ് ഈ ന്യായം ഉണ്ടായതു്. ഒരു സുന്ദരിയെ ഒരു ഭിക്ഷു കണ്ടു കുറെ വെള്ളം വേണമെന്നാവശ്യപ്പെട്ടു. അവൾ വെള്ളം കോരി കൈയിലൊഴിച്ചുകൊടുത്തു. ഭിക്ഷു വായ്ക്കടിയിൽ കൈ മലൎത്തിച്ചേൎത്തുവെച്ചുകൊണ്ടു ജലം കുടിച്ചു. കുടിച്ചുകൊണ്ടിരിക്കവേ, അവളുടെ സൌന്ദൎയ്യംകണ്ടു ഭിക്ഷു മോഹിച്ചു. അവളെ കുറെയധികംനേരം കണ്ടുകൊണ്ടുനില്ക്കാൻ അവൻ ഒരു ഉപായം കണ്ടുപിടിച്ചു. വിരലകററിക്കൊണ്ടു വെള്ളം കുടിക്കാൻതുടങ്ങി. വീഴുന്ന വെള്ളത്തിൽ മുക്കാലും ചോൎന്നുപോകുമല്ലോ! കുറെയേറെനേരം അവൾ വെള്ളമൊഴിച്ചുകൊടുക്കേണ്ടിവന്നു. ഭിക്ഷു നേത്രംകൊണ്ടു സൌന്ദൎയ്യപാനം പ്രധാനമായും വാകൊണ്ടു ജലപാനം ഗൗണമായും നടത്തി, ഭക്ഷ്യപ്രീതിസമ്പാദിച്ചു. സുമുഖിയും ഭിക്ഷുവിന്റെ സൌന്ദൎയ്യത്തിൽ മയങ്ങിപ്പോയി. അവൾക്കും കുറെയധികനേരം അവനെ നോക്കിനില്പ്പാൻ ഭാഗ്യമുണ്ടായി; ഭിക്ഷു ചെയ്ത കൗശലം അവൾ അറിഞ്ഞതേയില്ല. ഭിക്ഷുവിനു സുമുഖിയോടും സുമുഖിക്കു ഭിക്ഷുവിനോടും തോന്നിയ കൗതുകാവേശത്തെ അവർ പരസ്പരം അറിഞ്ഞില്ല.

പരസ്പരം അറിയാതെതന്നെ ഇരുവരുടേയും ആശയം നിറവേറുന്ന ഘട്ടങ്ങളിൽ പ്രസ്തുതന്യായത്തെ യോജിപ്പിക്കാം.

## 185. സൂകരപ്രസവന്യായം.

> "സൂതേ സൂകര യുവതീ
> സുതശതമതിദുൎഭഗം ഝടിതി
> കരിണീ ചിരേണ സൂതേ
> സകല മഹീപാലലാളിതം കളഭം."

പന്നി അതിവേഗത്തിൽ പത്തുപന്ത്രണ്ടു വിരൂപസന്താനങ്ങളെ പെറുന്നു. ആനയോ വളരെനാൾകൊണ്ടേ പ്രസവിക്കുന്നുള്ളു;—സകല രാജാക്കന്മാരുടേയും ആസ്ഫാലനം ഏല്ക്കത്തക്ക മഹത്വമേറിയ ഒരു ആനക്കുട്ടിയെ പ്രസവിക്കുന്നു. അസംഖ്യം ചെറുകാൎയ്യങ്ങൾ അടിക്കടി ചെയ്യുന്നതിനെക്കാൾ ദീൎഘമായ ജീവിതകാലത്തിനുള്ളിൽ ഒരു മഹാകാൎയ്യം ചെയ്താൽ മതി—കൃതാൎത്ഥനാകാം. പുതുമഴയിൽ കുരുക്കുന്ന തകരച്ചെടികളെപ്പോലെ സംഖ്യാതീതങ്ങളായ വിരസകൃതികൾ നിൎമ്മിക്കുന്ന ഒരു ദ്രുതകവിയുടെ കവനവിഹാരം സൂകരപ്രസവംപോലെയെന്നു പറയാം. [സരസദ്രുതകവികളെപ്പററിയല്ല പറഞ്ഞതു്.]

## 186. സ്നുഷാശ്വശ്രൂന്യായം.

പുത്രവധുവും അമ്മായിയമ്മയും പോലെ. അമ്മായിമാൎക്കു പുത്രഭാൎയ്യയുടെ മേലുള്ള അധികാരം ഒരു ഡിപ്പാർട്ടുമെൻറുമേലധികാരിക്കു താണ ശമ്പളക്കാരനായ ഒരു പ്യൂണിന്റെ മേലുള്ള അധികാരത്തേക്കാൾ വളരെ കൂടുതലാണു്. പുത്രഭാൎയ്യയുടെ വിചാരം താൻ ഗൃഹറാണിയാണെന്നാണു്. അമ്മായിയമ്മയുടെ വിചാരം താനൊരു ചക്രവൎത്തിനിയും വധുവൊരു അരിവെപ്പുകാരിയും എന്നായിരിക്കും. ഈ കഥവിട്ടു നമുക്കു പ്രസ്തുതകഥയിൽക്കടക്കാം:—

ഒരു അമ്മായിഅമ്മ കുളിക്കാൻ വെളിയിലുള്ള കുളത്തിൽ പോയിരുന്നു. ഒരു യാചകൻ വീട്ടിൽ ഭിക്ഷയ്ക്കുവന്നു. അമ്മായി അരിപ്പെട്ടിയും പണപ്പെട്ടിയും എല്ലാം പൂട്ടി താക്കോലുംകൊണ്ടാണു പോയിരിക്കുന്നതു്. ഒരുപിടി അരികൊടുക്കാൻ വധുവിനു് ആഗ്രഹമുണ്ടായി. എങ്കിലും നിവൃത്തിയില്ലല്ലോ! "ഇവിടെ ഭിക്ഷയില്ല" എന്നു വധു പറഞ്ഞു. ഭിക്ഷക്കാരൻ ഇറങ്ങിപ്പോയി. പടിപ്പുര കഴിയുംമുൻപേ അമ്മായിഅമ്മ എതിരേ വരുന്നു. "എവിടെപ്പോയിരുന്നെടാ?" എന്നു ചോദിച്ചു. "ഭിക്ഷക്കുപോയിരുന്നു; കൊച്ചമ്മ ഭിക്ഷയില്ലെന്നു പറഞ്ഞു. തിരിയെപ്പോകുകയാണു്" എന്നവൻ മറുപടിപറഞ്ഞു. "അവൾ അങ്ങിനെ പറഞ്ഞോ? അധികപ്രസംഗിപ്പെണ്ണു്!" എന്നു് അമ്മായി കയൎത്തു. "നീ വാടാ" എന്നു യാചകനെ വീട്ടിലേക്കു വിളിച്ചുകൊണ്ടുപോയി. യാചകനു വളരെ ആശ്വാസമുണ്ടായി. അമ്മായി വീട്ടിനകത്തുകേറി വധുവിനെ ശകാരിച്ചുതുടങ്ങി. "ഈ വീട്ടിലേക്കു നീയാണോടീ അധികാരി? ഉണ്ടെന്നും ഇല്ലെന്നും പറയാൻ നിനക്കെന്തവകാശം? അതു ഞാനല്ലേ പറയേണ്ടതു്?" എന്നൊക്കെ ഒരു ഭൂകമ്പം ഉണ്ടാക്കീട്ടു് വെളിയിൽവന്നു് "എടാ ഇവിടെ ഭിക്ഷയില്ല പോ!" എന്നു പറഞ്ഞു.

ഉറങ്ങുന്നവനെ വിളിച്ചുണൎത്തി "അത്താഴമില്ല; മനസ്താപപ്പെടൊല്ലേ! ഉറങ്ങിക്കോ!" എന്നൊരു വിദ്വാൻ ആശ്വസിപ്പിച്ചുവത്രേ. അതിനേക്കാൾ ഫലിതമയമാണു് ഈ കഥ.

വൃഥാഭിമാനവിജൃംഭണത്തിനും സ്വാധികാരപ്രമത്തതയ്ക്കും ഈ ന്യായം ദൃഷ്ടാന്തമാകുന്നു. ശ്വശ്രൂനിൎഗച്ഛോക്തിന്യായമെന്നും പേരുണ്ടു്.

## 187. ഹേമവഹ്നിന്യായം.

തീയിലിട്ടു വറുക്കുന്തോറും പൊന്നിനു മാററു കൂടും. ചാണയിലുരയുന്തോറും രത്നത്തിനു തിളക്കം കൂടും. ആപത്തുവരുന്തോറും മഹാത്മാക്ക

ളുടെ മാഹാത്മ്യം തെളിഞ്ഞുതെളിഞ്ഞുവരും. മുൻപു കഴിഞ്ഞ മണിശാണന്യായത്തിൻെറ ഫലമായ ഇതിനുണ്ട്.

"തംസന്തഃ ശ്രോതുമർഹന്തി സദസദ്വ്യക്തിഹേതവഃ
ഹേമ്നഃ സംലക്ഷ്യതേഹ്യഗ്നൗ വിശുദ്ധിഃശ്യാമികാപിവാ"

ഈ ഉപമയനുസരിച്ചു ന്യായസന്ദർഭം അല്പം മാറുന്നു. ഗുണദോഷവിവേചനം ചെയ്യാൻ അധികാരികൾ മഹാന്മാരാകുന്നു എന്നു സാരം.

188. ഖപുഷ്പന്യായം.

ഖപുഷ്പം=നഭസ്സൂനം=ആകാശപുഷ്പം. ഇല്ലാത്ത വസ്തു എന്നു സാരം. ഇല്ലാത്തതു പറയാനോ, ഇല്ലാത്ത വസ്തുവിനെ കണ്ടുപിടിക്കാനോ ഉള്ള നിഷ്ഫലപ്രയത്നങ്ങളിൽ പ്രസ്തുത ന്യായം ചേരുന്നു. ഗന്ധർവ്വനഗരം, മരുമരീചിക, ശശവിഷാണം, കാകദന്തഗവേഷണം, സികതാതൈലം-എന്നീ ന്യായങ്ങൾ പരസ്പരം ബന്ധമുള്ളതും മിക്കവാറും തുല്യവും ആണ്. ആദ്യത്തേതു രണ്ടും കണ്ണിനു വാസ്തവമെന്നു തോന്നിക്കുന്നു. ഒടുവിലത്തേ മൂന്നും മൂർത്തവസ്തുക്കളോട് അനുബന്ധിക്കപ്പെട്ട ഒരു കല്പനമാത്രം. ഖപുഷ്പമാകട്ടെ ശൂന്യത്തിനുള്ളിലെ ശൂന്യമത്രേ! സ്വപ്നത്തിലെ സ്വപ്നംപോലെ വേദാന്തികളുടെ ഭാഷയായാൽ മിഥ്യയിലേമിഥ്യ. കറകളഞ്ഞ വ്യാജമാണു ഖപുഷ്പം.

"മൃഗതൃഷ്ണാംഭസി സ്നാതഃ
ഖപുഷ്പകൃതശേഖരഃ
ഏഷവന്ധ്യാസുതോ യാതി
ശശശൃംഗധനുർധരഃ"

കള്ളത്തിനും കല്പനയ്ക്കും ഒരതിരു വേണ്ടേ?

"കാനൽത്തണ്ണീരിൽ നീരാടി
വാനപ്പൂവുമണിഞ്ഞിതാ!
മുയൽക്കൊമ്പായവില്ലേന്തി
വരുന്നൂ വന്ധ്യതൻ മകൻ!!"

189. ശ്വപുച്ഛോന്നമനന്യായം.

ശ്വപുച്ഛത്തിൻെറ ഉന്നമനം പോലെ. പട്ടിയുടെ വാൽ വളഞ്ഞേ ഇരിക്കൂ. വളവു നിവർത്തുന്നതിനുള്ള ശ്രമം നിഷ്ഫലം.

"കർപ്പൂരത്തറമേൽ നട്ടു
പനിനീർ കോരിവീഴ്ത്തിയും
കസ്തൂരി വളമിട്ടാലും
ഉള്ളിക്കു വാടനീങ്ങുമോ?"

ദുർബ്ബുദ്ധികളെ നന്നാക്കുവാൻവേണ്ടിയുള്ള നിഷ്ഫലമായ ശ്രമത്തെ ഈ ന്യായം ഉദാഹരിക്കുന്നു. അന്ധദീപന്യായം മുൻപു പറഞ്ഞുവല്ലോ; അതും വിഫലശ്രമംതന്നെ. എന്നാൽ ശവപുഷ്പന്യായത്തിൽ കർമ്മസ്ഥാനീയനായ വ്യക്തിയെപ്പററിയുള്ള "പുഷ്പ"രസത്തിന്നു മാററു കൂടും.

"കാട്ടിൽ ക്രൂട്ടു വിളിപ്പതാം, ശവമതിൻ മെയ്യിൽത്തലോടുന്നതാം,
നട്ടീടുന്നതുമാം വിസം തറയതിൽ, പാഴൂഴികർഷിപ്പതാം,
പൊട്ടൻ കാതിലുരയ്പതാം, കുരുടനെക്കണ്ണാടികാണിപ്പതാം,
പട്ടിക്കുള്ളൊരുവാൽ നിവർത്തിടുവതാം—സേവിപ്പതജ്ഞരെ."

## 190. സികതാതൈലന്യായം.

"അതു സാധിച്ചാൽ മണലിൽനിന്നും എണ്ണ ഉണ്ടാകും, സൂര്യൻ പടിഞ്ഞാറു് ഉദിക്കും." എന്നിങ്ങനെ ചിലപ്പോൾ പറയാറുണ്ട്. അസാദ്ധ്യമായ കാര്യം എന്നു സാരം. നടപ്പില്ലാത്ത സംഗതി, ഇല്ലാത്ത വസ്തു എന്നീ ആശയങ്ങളുടെ പകപ്പാണു് ഈ ന്യായം. ഈ പ്രാചീനന്യായത്തെ തെററിക്കാൻ വല്ലവരും മണ്ണെണ്ണയെക്കൊണ്ടുവന്നേക്കും. മണ്ണെണ്ണ, ഖനികളിൽനിന്നും കിട്ടുന്ന ദ്രവവിശേഷമാണ്. എണ്ണക്കുരുക്കളെ ചക്കിലിട്ടാട്ടിയെടുക്കുംപോലെ മണൽത്തരികളിലെ ഈർപ്പം കളഞ്ഞു പേഷണം ചെയ്തു ഊററിയെടുക്കുന്നതല്ല. അതുകൊണ്ടു സികതാതൈലമെടുക്കുന്ന കാര്യം നിഷ്ഫലശ്രമംതന്നെ. ആ വിവരം ഈ പദ്യം തെളിയിക്കുന്നുണ്ട്:—

ലഭേത സികതാസു തൈലമപി യത്നതഃപീഡയൻ
പിബേച്ച മൃഗതൃഷ്ണികാസു സലിലം പിപാസാർദ്ദിതഃ
കദാചിദപിപര്യടൻ ശശവിഷാണമാസാദയേത്
നതു പ്രതിനിവിഷ്ട മൂർഖജനചിത്തമാരാധയേത്.

## 191. സുന്ദോപസുന്ദന്യായം.

സുന്ദോപസുന്ദന്മാരുടെ കഥയാണു് ഇതിനാസ്പദം. സുന്ദനും ഉപസുന്ദനും തുല്യബലന്മാരായ അസുരന്മാർ; സഹോദരന്മാർ. തങ്ങൾ തമ്മിൽ പിണങ്ങുകയില്ലെന്നുള്ള ധൈര്യംകൊണ്ട് പരസ്പരവധ്യതപം എന്ന വരം തപസ്സുകൊണ്ടു നേടി. ഒരിക്കൽ ഒരപ്സരസ്ത്രീയെക്കണ്ടു രണ്ടുപേരും മദനപരവശരായി. താന്താങ്ങൾക്കു് അവളെ ലഭിക്കണമെന്നുള്ള മോഹത്താൽ പരസ്പരം യുദ്ധംചെയ്തു മരിച്ചു. അന്യോന്യനാശ്യനാശകഭാവം—വധ്യഘാതകഭാവമാണു് ഈ ന്യായം. തുല്യബലവാന്മാരായ രണ്ടു വ്യക്തികളുടെ മാത്സര്യത്തിൽ—തുല്യബലമുള്ള രണ്ടു വസ്തുക്കളുടെ സംഘട്ടനത്തിൽ, ഈ ന്യായത്തെ പ്രവേശിപ്പിക്കണം.

192. സേചനതപ്പ്ണന്യായം.

ആമ്രസേചനപിതൃതപ്പ്ണന്യായം എന്ന ലോപം കൂടാത്ത ദീൎഘസമാസമാക്കുമ്പോൾ അൎത്ഥം സ്ഫുരിക്കുന്നു. മാവിൻെറ മൂട്ട നനയ്ക്കുയും, പിതൃതപ്പ്ണക്രിയ നിർവഹിക്കയും എന്ന രണ്ടുകൂട്ടം ഒററ പ്രവൃത്തികൊണ്ടു സാധിക്കയാണ് ഈ ന്യായം. പിതൃതപ്പ്ണത്തിനു ജലാഞ്ജലി ചെയ്യേണ്ട യാവശ്യമുണ്ട്. ജലവും കുറെയധികം ചെലവുണ്ട്. ഈ ജലം വെറും തറയിൽ കളയുന്നതിനേക്കാൾ, തപ്പ്ണക്രിയ മാവിൻചുവട്ടിൽതന്നെ ആയിക്കളഞ്ഞാൽ, പിതൃക്കളുടെ തൃപ്തിവരുത്തുക എന്ന ഫലവും മാവിനു വെള്ളം കോരിയഫലവും രണ്ടുമായല്ലൊ എന്നൊരു ബുദ്ധിമാൻ വിചാരിക്കുന്നെന്നിരിക്കട്ടെ. ഒരു ക്രിയയാൽ രണ്ടു ജോലി സാധിക്കുന്നു എങ്കിൽ അതു സേചനതപ്പ്ണന്യായേനയെന്നു പറയാം. മുൻവിവരിച്ചിട്ടുള്ള കംബളനിൎണ്ണേജനന്യായത്തിൻെറ കഥയും ഇങ്ങനെതന്നെ. കമ്പിളിമെതിച്ചുതിരുമ്മി അഴുക്കു കളയുന്നവൻ കാലിലെ അഴുക്കു പോകണമെന്നു ഉദ്ദേശിച്ചിട്ടില്ല. സേചനതപ്പ്ണക്കാരൻ തർപ്പണം പ്രധാനമായും, സേചനം ആനുഷംഗികമായും മുൻകൂട്ടിത്തന്നെ പ്ലാനിട്ടിട്ടുണ്ട്. വ്യത്യാസം സ്പഷ്ടം.

# ലോകം;
# ഉൽപത്തിയും പരിണാമവും.

(ഡാക്ടർ ജാബസ്സ് ടി. സന്ദർലണ്ട്)

തുടച്ച്.

എന്നാൽ ഭൂമിയുടെ ഉൽപത്തികാലത്തെ നിശ്ചയിക്കണമെങ്കിൽ ആറായിരമല്ല ലക്ഷോപിലക്ഷമല്ല കോടാനകോടി വൎഷം പുറകോട്ടു പോകണമെന്നും ഭൂമി സൂൎയ്യനേയും നക്ഷത്രങ്ങളേയും അപേക്ഷിച്ചു പ്രായം കുറഞ്ഞതാണെന്നും ശാസ്ത്രം നമ്മെ ഉൽബോധിപ്പിക്കുന്നു. ഭൂമിയിലെ അംഗാരം അഥവാ കൽക്കരിയുടെ ഉൽപാദനത്തിനുതന്നെ 60 ലക്ഷം സംവത്സരം ആവശ്യമാണെന്നു ഹക്സ്ലി എന്ന പണ്ഡിതൻ കണക്കാക്കിയിരിക്കുന്നു. ഇത്രയും വൎഷംതന്നെ കൽച്ചുണ്ണാമ്പിൻെറ ഉൽപാദനത്തിനും ആവശ്യമാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഈ രണ്ടു വസ്തുക്കളുടേയും രൂപീകരണംതന്നെ ഭൂഗൎഭശാസ്ത്രചരിത്രത്തിൽ എത്രയോ ഹ്രസ്വമായ ഒരു ഘട്ടമാകുന്നു. ഭൂമിയിൽ ജീവജാലങ്ങൾ ഉത്ഭവിച്ചിട്ടുതന്നെ ച

രുങ്ങിയപക്ഷം 10 കോടി സംവത്സരം കഴിഞ്ഞിരിക്കുമെന്നു സർ. ആർച്ചി ബാൾഡ്ഗീക്കി വാദിക്കുന്നു. ഇതു സർ വില്യംതാംപ്സൻെറ (കെൽവിൻ പ്രഭു) ഗണനത്തോടു യോജിച്ചിരിക്കുന്നു. സർ. ചാർൽസ്ലിൽൻെറ അഭിപ്രായത്തിൽ പാറയടുക്കുകളുടെ ഉത്ഭവത്തിനു 24 കോടി വത്സരം വേണ്ടിയിരിക്കുന്നു. സൗരയൂഥംതന്നെ ഉണ്ടായിട്ടു 50 കോടി വത്സരമായിരിക്കണമെന്നു ഹെൽംഹോംട്സ് എന്ന ശാസ്ത്രജ്ഞൻ ഗണിച്ചിരിക്കുന്നു. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കായുടെ ഒടുവിലത്തെ പതിപ്പ് (14-ാമത്തെ) ഭൂമിയുടെ വയസ്സു ചുരുങ്ങിയപക്ഷം 100 കോടി സംവത്സരമാണെന്നു യുക്തിപൂർവ്വം വാദിക്കുന്നു. ഇപ്രകാരം ശാസ്ത്രത്തിനും ഉൽപത്തികാണ്ഡത്തിലെ രേഖകൾക്കും ഭൂമിയുടേയും ജ്യോതിർഗോളങ്ങളുടേയും സൃഷ്ടികാലവിഷയത്തിൽ ഒട്ടധികം യോജിപ്പില്ലായ്മ ഉണ്ടെന്നു നമുക്കു കാണാം.

എന്നാൽ നമ്മുടെ ശാസ്ത്രീയ ദുർഘടങ്ങൾ ഇതുകൊണ്ടവസാനിക്കുന്നില്ല. വെളിച്ചത്തിനു നിദാനമായ സൂര്യനില്ലാതെ വെളിച്ചമുണ്ടാകുമെന്നു വിചാരിക്കത്തക്കവണ്ണം സൂര്യനുമുമ്പു വെളിച്ചത്തെ സൃഷ്ടിച്ചുവെന്നു ഉൽപത്തികാണ്ഡത്തിലെ വിവരണത്തിൽ കാണുന്നു. സൂര്യൻ ഉണ്ടാകുന്നതിനുമുമ്പു പകലും രാത്രിയും തമ്മിൽ വേർതിരിക്കപ്പെട്ടതായി കാണുന്നു. ഇതും സാദ്ധ്യമാണോ? ആകാശത്തെ (പഴയകാലത്തെ വിശ്വാസപ്രകാരം) മുകളിലുള്ള ജലസമൂഹത്തെ താഴെയുള്ള ജലസമൂഹത്തിൽനിന്നും വേർതിരിക്കുന്നതിനായിട്ട് ഉള്ള ഒരു അർദ്ധവൃത്താകൃതിയിലുള്ള ഒരു മേൽത്തട്ടായിട്ടു വിവരിച്ചിരിക്കുന്നു. ഈ ആശയം എത്രത്തോളം അബദ്ധമാണെന്ന് ഇന്ന് ഏതു ശിശുവിനും അറിയാം. സൂര്യൻെറ പ്രകാശവും ഉഷ്മാവും കൂടാതെ ഒരുക്ഷണംപോലും സസ്യവർഗ്ഗത്തിനൊ മററേതെങ്കിലും രൂപത്തിലുള്ള പ്രാണിക്കൊ ജീവധാരണം ചെയ്യാൻ സാധിക്കുമെന്നു വിചാരിക്കത്തക്കവണ്ണം സൂര്യനുമുമ്പായി സസ്യവർഗ്ഗത്തെ സൃഷ്ടിച്ചുവെന്നും കാണുന്നു. ഭൂമിയെ സൃഷ്ടിച്ചതിനുശേഷമാണു സൂര്യനെ സൃഷ്ടിച്ചതെന്നും പറഞ്ഞുകാണുന്നു. എന്നാൽ ഭൂമിക്കു എത്രയോ കാലം മുമ്പേ സൂര്യനുത്ഭവിച്ചു എന്നും ഭൂമി അതിൻെറ കേവലം ഒരു പോതമാണെന്നും ശാസ്ത്രപ്രകാരം കാണുന്നു. ഉൽപത്തികാണ്ഡകർത്താവു നക്ഷത്രങ്ങളേയും ഭൂമിക്കുശേഷം സൃഷ്ടിച്ചവയാണെന്നു വിവരിക്കുന്നു. എന്നാൽ ഭൂമി മിക്ക നക്ഷത്രങ്ങളേയും അപേക്ഷിച്ചു ഇന്നലെ ജനിച്ച ഒരു വസ്തുവാണെന്നു നമുക്കു നല്ലപോലെ അറിയാം—നക്ഷത്രങ്ങളിൽ പലതും സൂര്യനേക്കാൾ വാസ്തവത്തിൽ വളരെ വളരെ പ്രായം കൂടിയവയാണ്. സസ്യങ്ങളെ ജന്തുക്കൾക്കുമുമ്പെ—ഒന്നു മൂന്നാംദിവസവും മററതു അഞ്ചാംദിവസവും—സൃഷ്ടിച്ചുവെന്നു പറയപ്പെട്ടിരിക്കുന്നു. ഇവിടേയും ശാസ്ത്രം അല്ലെന്നുപറയുന്നു. ജന്തുക്കളും സസ്യങ്ങളും വാസ്തവത്തിൽ ഒന്നിച്ചുതന്നെ ഉത്ഭവിച്ചു എന്നുള്ളതിനു ബലമായ തെളിവുണ്ട്.

ഇപ്രകാരം ഉല്പത്തികാണ്ഡത്തിലെ സൃഷ്ടികഥയെ ചരിത്രമായിട്ടോ ശാസ്ത്രമായിട്ടോ അതായതു യഥാൎത്ഥസംഭവങ്ങളുടെ രേഖകളായിട്ട വിചാരിക്കാൻ നാം ശ്രമിക്കുന്നതായാൽ അതു് എല്ലാ അംശത്തിലും ശിഥിലമായി ഭവിക്കുന്നുവെന്നു തെളിയുന്നു.

ഈ വിവരണം പിന്നെ എന്താണ്? ആധുനികവിജ്ഞാനത്തിൻെറ സാന്നിദ്ധ്യത്തിൽ നമുക്ക് ഇതിനു പറയാവുന്ന ഉത്തരം മററനേകം ദേശക്കാരുടെ ഇടയിൽ പ്രചാരമുള്ളതായി മുമ്പു പറഞ്ഞിട്ടുള്ള ഇത്തരം സൃഷ്ടികഥകൾ സൂചിപ്പിക്കുന്ന ഒന്നുതന്നെയാണ്. ഇൻഡ്യയിലും ഗ്രീസിലുമുള്ള സൃഷ്ടികഥകളെപ്പോലെതന്നെ നിശ്ചയമായും ഇതും പഴംകഥ—കെട്ടുകഥയാണ്. പ്രപഞ്ചമെങ്ങനെയുണ്ടായി എന്നു മനുഷ്യൻ എന്നും ചോദിച്ചുകൊണ്ടിരിക്കുന്ന ചോദ്യത്തിനു തൻെറ സ്വന്തചിന്ത വഴിക്കു സമാധാനം പറയുന്നതിനുള്ള ആദികാലത്തെ ഒരു അനുഗ്രഹീതമനുഷ്യൻെറ—അഥവാ അനേകം മനുഷ്യരുടെ ശ്രമഫലമാണ് ഇതു്. ലോകത്തിൽ മിക്കവാറും എല്ലാ ബൈബിൾവിദഗ്ദ്ധന്മാരും ഇന്നു് അവലംബിച്ചിട്ടുള്ള നില ഇതാണ്. ഉല്പത്തികാണ്ഡത്തിലെ ഈ കഥ ഭക്തിരസാൎദ്രമായ ഒരു മനസ്സിൻെറ സൃഷ്ടി എന്ന നിലയിൽ ഗണിക്കുന്നതായാൽ രസാത്മകവും അമൂല്യവുമാണ്. ഇതിനെ "ഒരു സൃഷ്ടികാവ്യ"മെന്നു അഭിധാനം ചെയ്തിരിക്കുന്നതു യുക്തിപൂൎവ്വമാണ്. ആ നിലയിൽ അതു ആകൎഷണീയവും അവിടവിടെ അത്യുൽകൃഷ്ടവുമാകുന്നു. എന്നാൽ യഥാൎത്ഥമായ വസ്തുതയെന്നു ഗണിക്കപ്പെട്ടാൽ പക്ഷം അതു മിൽട്ടൻെറ "നഷ്ടപ്പെട്ട സ്വൎഗ്ഗം" എന്ന ഭാവനാശക്തിയുടെ ഫലമായ ഉത്തമകൃതി ചരിത്രമാണെന്നോ ശാസ്ത്രമാണെന്നോ വാദിച്ചാൽ എങ്ങിനെയോ അതുപോലെ ഇക്കാലത്തെ വിമൎശനപരിശോധനയിൽ സാധുവായി ഭവിക്കുകയില്ല. അതു ദൈവം എങ്ങനെ ഭൂമിയേയും ആകാശത്തേയും സൃഷ്ടിച്ചു എന്നുള്ള കഥയല്ല പിന്നെയോ; സൃഷ്ടിക്രിയ എങ്ങനെ നടന്നുവെന്നു പുരാതനകാലത്തു വല്ല അനുഗ്രഹീതമനുഷ്യനോ മനുഷ്യക്കോ മനോധൎമ്മത്തിൻെറ ഫലമായുണ്ടായ ഒരു സാങ്കല്പികചിത്രമാണതു്.

ഉൽപത്തികാണ്ഡത്തിലെ ആദ്യഅദ്ധ്യായത്തിൽ വൎണ്ണിച്ചിട്ടുള്ളതുപോലെ ലോകം ഒരു ക്ലിപ്തകാലത്തിൽ സൃഷ്ടിക്കപ്പെട്ടുവെന്നുള്ളതും ഇന്നേവരെ സാൎവ്വത്രികമായി സ്വീകരിക്കപ്പെട്ടിരുന്നതുമായ സിദ്ധാന്തത്തെക്കുറിച്ചു് ഇത്രയും പറഞ്ഞുകഴിഞ്ഞുവല്ലോ.

ഇനി വേറെ ഒരേ ഒരു സിദ്ധാന്തം മാത്രമേ നമ്മുടെ ശ്രദ്ധയെ അൎഹിക്കുന്നതായുള്ളു. അതു് ആധുനികവും ശാസ്ത്രീയവുമായ പരിണാമവാദംതന്നെയാണ്. ഇനി അതിൻെറ യാഥാൎത്ഥ്യത്തിനുള്ള തെളിവുകളെന്തെല്ലാമാണെന്നു നോക്കുന്നതിന് അതിലേക്കു ദൃഷ്ടിവയ്ക്കാം.

ഒരൊററ ലേഖനത്തിൻെറ പരിമിതപരിധിയിൽ പരിണാമവാദികൾ ഈ സിദ്ധാന്തത്തിനുണ്ടെന്നു വാദിക്കുന്ന തെളിവു മുഴുവനുമോ അതിൻെറ ഒരു ദശാംശംപോലുമോ വിവരിക്കുന്ന ജോലി കൈയേൽക്കാൻ ഏതൊന്നാൽ സാദ്ധ്യമല്ലെന്നു തീർച്ചപറയാം. ഇതിൻെറ ആവശ്യവുമില്ലതന്നെ. ഇവിടെ എന്നാൽ സാദ്ധ്യമായിട്ടുള്ളതു് അവയുടെ പരമാർത്ഥതയോടുള്ള യോജിപ്പു് എത്രമാത്രം സ്ഥിരവും പ്രത്യക്ഷവുമാണെന്നും തന്നിമിത്തം അവ സൂചിപ്പിക്കുന്ന അനുമാനങ്ങൾ എത്രത്തോളം അസന്ദിഗ്ദ്ധങ്ങളും അനിവാര്യങ്ങളും ആണെന്നും കാണിക്കുന്നതിനുവേണ്ടി അവർ അവലംബിച്ചിട്ടുള്ള തെളിവുകളുടെ സ്വഭാവത്തെ ചൂണ്ടിക്കാണിക്കുക മാത്രമാണ്. അതു മതിതാനും.

ആദ്യമായി സൂര്യന്മാരേയും ഗ്രഹങ്ങളേയുംപററിത്തന്നെ തുടങ്ങാം. ഇവകളുടെ ഉത്ഭവം പരിണാമമാർഗ്ഗത്തിലൂടെ ആണെന്ന് എന്തുകൊണ്ടു വിശ്വസിക്കപ്പെട്ടിരിക്കുന്നു? എന്തെന്നാൽ പരിണാമപ്രവർത്തനരീതി ഇന്നും എങ്ങനെ നടന്നുകൊണ്ടിരിക്കുന്നു എന്നു ഗ്രഹിക്കുന്നതിനു നമുക്കു നേരേ മുകളിൽ ആകാശത്തിലേക്കു നോക്കേണ്ട ഭാരം മാത്രമേയുള്ളൂ. ജ്യോതിശ്ശാസ്ത്രജ്ഞന്നു തൻെറ സുശിക്ഷിതങ്ങളായ നിരീക്ഷണശക്തികളും ദൂരദർശിനിയന്ത്രവും മൂലം ലോകനിർമ്മാണം അതിൻെറ ഏറെക്കുറെ പൂർണ്ണവും അപൂർണ്ണവുമായ ഓരോ ഘട്ടത്തിലും നടക്കുന്നതായി ഗ്രഹിക്കാൻ സാധിക്കുന്നു.

ഇതാ ഒരു മഹത്തായ ആഗ്നേയമേഘം ഒരു ദിക്കിൽ കാണുന്നു. അതു് എന്താണു്? നിശ്ചയമായും അതു ലോകസൃഷ്ടിക്കുള്ള ഉപാദാനവസ്തുവാണു്. ഇതാ വേറൊരു ജ്യോതിർമേഘം. ഇതിൽ ഘനീഭാവം ഒന്നോ അധികമോ ദിക്കിൽ തുടങ്ങിയിട്ടുണ്ടു്. പക്ഷേ ഒരു ചക്രചംക്രമണവും ദൃശ്യമാകുന്നുണ്ടു്. അതിൻെറ അർത്ഥം എന്താണു്? ലോകപരിണാമം നടന്നുകൊണ്ടിരിക്കുന്നു എന്നാണു് അതു സൂചിപ്പിക്കുന്നതു്. ഇതാ ഒരു ദിക്കിൽ ഘനീഭവിച്ചു് ഒരു മഹത്തായ സൂര്യമണ്ഡലമായി പരിണമിച്ച ഒരു തേജോരാശി. അതിൽനിന്നും ഒരു വലയം വേർപെട്ടിരിക്കുന്നു. ആ വലയം എന്താണു്? അതു് ഒരു ഗ്രഹനിർമ്മാണത്തിൻെറ പ്രഥമഘട്ടമാണു്. ഇപ്രകാരമാണു ദൂരദർശിനി അല്ലെങ്കിൽ, നഗ്നദൃഷ്ടി സൂര്യനിർമ്മാണവും ഗ്രഹനിർമ്മാണവും എല്ലാ ഘട്ടത്തിലും നമുക്കു പ്രത്യക്ഷപ്പെടുത്തുന്നതു്. നമ്മുടെ തലയ്ക്കു മുകളിലുള്ള ആകാശത്തിൽ നടക്കുന്ന ചട്ടം പരിണാമമാണെന്നുള്ളതിനു് ഇതിലധികം ബലവത്തായ തെളിവു മറെറന്തെങ്കിലുമുണ്ടോ? മററു ലോകങ്ങൾ പരിണാമവഴിക്കു് ഉണ്ടാകുന്നുവെങ്കിൽ നമ്മുടെ ലോകവും ആ രീതിയിൽ തന്നെ ഉത്ഭവിച്ചുവെന്നുള്ള ഊഹം ശരിയല്ലേ?

ഇനി ആകാശത്തേ വിട്ടു ഭൂമിയെക്കുറിച്ചു ചിന്തിക്കാം—ജ്യോതിശ്ശാസ്ത്രത്തിൽനിന്നും ഭൂഗർഭശാസ്ത്രത്തിലേക്കു തിരിയാം. ഇവിടേയും പരി

ണാമവാദി ഐതിഹ്യത്തേയൊ, മനോധമ്മത്തേയൊ, ഊഹത്തേയൊ അല്ല നിരീക്ഷിതങ്ങളും പരീക്ഷിതങ്ങളുമായ വസ്തുതകളെയാണ് അടിസ്ഥാനമാക്കി വാദിക്കുന്നത്.

ഭൂമിയുടെ പുറമെ കട്ടിയുള്ള ഈ മൂൽഭാഗം എപ്രകാരം ഉത്ഭവിച്ചു ഭൂഗർഭശാസ്ത്രജ്ഞൻ പുറമേയുള്ള ഈ മൂൽഭാഗത്തിൽ ഏതെങ്കിലും ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ടോ എന്നു പരിശോധിക്കുന്നു. അയാൾ അത്ഭുതകരമായ ഒരു ചരിത്രം—പ്രകൃതിതന്നെ തൻെറ പഞ്ചഭൂതങ്ങളുടേയും ശക്തികളുടേയും കരങ്ങളെക്കൊണ്ട് അഗ്നി, ജലം, വാതം, ഹിമം ഇവകളെക്കൊണ്ടു എഴുതിയ ഒരു ചരിത്രം കാണുന്നു. ഇതനുസരിച്ചു അയാൾ ഈ ചരിത്രത്തെ വായിക്കാൻ ഒരുങ്ങുന്നു. അയാൾ അഗ്നിപർവ്വതങ്ങളെ പരിശോധിച്ച് ആ വഴിക്കു ചൂടിനു പാറകളുടെ സ്വഭാവം മാററുന്നതിനുള്ള ശക്തിയെ ഗ്രഹിക്കുന്നു. അയാൾ ഇന്നു നടന്നുകൊണ്ടിരിക്കുന്ന വിധത്തിൽ പാറയടുക്കുകളുടെ രൂപീകരണക്രമവും അതു് അതിൻെറ വ്യവസ്ഥകളെ സംഖ്യാതീതമായ വിധത്തിൽ പ്രത്യക്ഷപ്പെടുത്തുന്ന രീതിയും മനസ്സിലാക്കുന്നു. ഭൂമിയുടെ സ്ഥലഭാഗങ്ങളുടെ ഉന്മജ്ജനനിമജ്ജനങ്ങൾ, തന്മൂലം ഉണ്ടാകുന്ന വേലാരേഖഭേദങ്ങൾ മുതലായ പ്രകൃതിവൈചിത്ര്യങ്ങളെ ഇന്നു പ്രത്യക്ഷമാകുന്നപോലെയും ഭൂതകാലങ്ങളിൽ നടന്നതായി അനുമാനിക്കാവുന്ന മാതിരിയിലും സൂക്ഷ്മബുദ്ധ്യാ മനസ്സിലാക്കുന്നു. അയാൾ പർവ്വതങ്ങളെ ഭേദിച്ചു സമുദ്രത്തിലേക്കു നയിക്കുന്നതും മഹത്തായ നദീതടങ്ങളെ ഉൽഖനനം ചെയ്യുന്നതുമായ ഘർഷണശക്തിയുടെ പ്രവത്തനസമ്പ്രദായം മനസ്സിലാക്കുന്നു. അയാൾ പാറകളെ പൊട്ടിച്ചു മണ്ണാക്കുന്നതിൽ വ്യാപരിക്കുന്ന കാററു്, മഴ, മഞ്ഞുകട്ടി, ചൂടു് ഇവയുടെ പ്രവത്തനത്തെ ഗ്രഹിക്കുന്നു. ഹിമസംഹതികൾ എങ്ങനെ കുന്നുകളെ നിരപ്പാക്കി താഴ്വരകളെ നികത്തുന്നു എന്നും അവ വഹിക്കുന്ന ദുർഭരമായ മണ്ണും പാറകളും എങ്ങനെ ഭൂഖണ്ഡങ്ങളുടെ മദ്ധ്യംവരെ കൊണ്ടുചെല്ലുന്നു എന്നും അയാൾ മനസ്സിലാക്കുന്നു.

ഏതേതു പ്രകൃതിശക്തികളുടേയൊ നിയമങ്ങളുടേയൊ പരിണാമഫലങ്ങൾ ആണോ പഠിക്കുന്നതു് ആ ശക്തികളും നിയമങ്ങളും സുസ്ഥിരങ്ങളാണെന്നും തന്മൂലം ഈ ഗ്രഹത്തിൻെറ ഉപരിഭാഗത്തെപ്പററിയുള്ള പൂർവ്വചരിത്രത്തിൻേറയും അതു് ഇന്നു കാണുന്ന രൂപത്തിൽ എങ്ങനെ ആയിതീൎന്നുവെന്നുള്ളതിൻേറയും രഹസ്യം തനിക്കു സ്വാധീനമാണെന്നും അയാൾക്കറിയാം. മാററം നിരന്തരമായി നടന്നുകൊണ്ടേയിരിക്കുന്നു. അതു് അതിൻെറ ചരിത്രത്തെ എല്ലായിടത്തും പാറകളിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ആ ചരിത്രം എന്താണു്? അതു പരിണാമമാണു്.

ജീവോൽപത്തിക്ക് എന്നതന്നെയല്ല അല്പീയസ്സായ രൂപത്തിലുള്ള ജീവൻെറ ഉല്പത്തിക്കുകൂടി ഭൂമിയെ പ്രാപ്തയാക്കുന്നതിനു സാമാന്യം ദീർഘകാലം വേണ്ടിവന്നു എന്നുള്ളതു തീച്ചയാണ്. ജീവൻ എങ്ങനെ, ഏതു വിധത്തിൽ, ഏതെല്ലാം പ്രപഞ്ചവസ്തുക്കളിൽനിന്നും ഉത്ഭവിച്ചു എന്നുള്ളതിനെപ്പററി ശാസ്ത്രജ്ഞന്മാക്കു ലേശംപോലും ജ്ഞാനമില്ലെന്ന് അവർ വെളിവായി സമ്മതിക്കുന്നു. ഈ പരിണാമപ്രവത്തനം ഇടയ്ക്കു യാതൊരു വിഘ്നവുംകൂടാതെ നടന്നുവന്നുവെന്നും തന്മൂലം ജീവൻ നിർജീവവസ്തുവിൽനിന്നും എങ്ങനേയൊ ഉത്ഭവിച്ചുവെന്നും വിശ്വസിക്കുന്നതിലേക്കാണ് അധികംപേരുടേയും മനസ്സും പ്രവണമായിരിക്കുന്നതു്. എന്നാൽ ഈ വിശ്വാസം പ്രത്യക്ഷതെളിവിന്മേലല്ല അധികവും പ്രകൃതിയുടെ പ്രവത്തനരീതിയുടെ ഐകരൂപ്യത്തിലുള്ള വിശ്വാസത്തിന്മേലാണു സ്ഥാപിതമായിരിക്കുന്നതു്. ജീവൻ യഥാൎത്ഥത്തിൽ പരിണാമമാർഗ്ഗേണ നിർജീവവസ്തുവിൽനിന്നും ഉത്ഭവിച്ചു എങ്കിൽ നമുക്കു കേവലം അജ്ഞാതമായിട്ടുള്ളതും മിക്കവാറും അജ്ഞേയമായിട്ടുള്ളതുമായ ഒരു കാലത്തിലും പരിതസ്ഥിതികളിലും ആയിരിക്കണം ആ ഉൽപത്തി.

പരിണാമപ്രവത്തനത്തിൻെറ ആരംഭം നിശ്ചയിക്കുന്നതിനു നാം എത്രയോകാലം പിന്നോട്ടു പോയാൽ സാധിക്കും? മററുതരത്തിൽ പറകയാണെങ്കിൽ ലോകത്തിനു ഇപ്പോൾ എന്തു പ്രായമുണ്ട്. കെൽവിൻപ്രഭു ഹംബോൾട്ടു മുതലായ പത്തൊമ്പതാം ശതകത്തിലെ പ്രസിദ്ധ ഗവേഷകന്മാർ അതും 200 മുതൽ 270 ലക്ഷം വരെ വത്സരങ്ങൾ ആണെന്നു കണക്കാക്കിയിരിക്കുന്നു എന്നാൽ അനന്തരഗവേഷകന്മാർ ഈ കാലത്തെ ഇതിലും വളരെ അധികം ദീർഘിപ്പിച്ചിട്ടുണ്ട്. കൽക്കരി അട്ടിക്കു ഏകദേശം 2500 ലക്ഷം കൊല്ലത്തെ പഴക്കമുണ്ടെന്നും അറിയപ്പെട്ടിട്ടുള്ള ഏററവും പഴയ ലോഹത്തിനു 15000 ലക്ഷം കൊല്ലത്തെ പഴക്കമുണ്ടെന്നും അണ് എൻസൈക്ലോപ്പീഡിയാ ബ്രിട്ടാനിക്കാ (14-ാംപതിപ്പു ഭൂമി എന്നുള്ള ലേഖനം) പ്രകാരം കാണുന്നതു്. സൃഷ്ടിപ്രകരണശാസ്ത്രപ്രകാരം ഭൂമിക്കു 40000 ലക്ഷം കൊല്ലം പ്രായമായിട്ടുണ്ടെന്നു അനുമാനിക്കണം.

ജീവൻ അതിൻെറ ഉൽപത്തികാലത്തിൽ ഒരു പ്രത്യേക സൃഷ്ടിയാണെന്നു സമ്മതിക്കുന്ന പക്ഷവും ആ പ്രാരംഭംതന്നെയും ഭൂമിയിലുള്ള പ്രാണിചരിത്രത്തിൻെറ കേവലം ആദ്യഘട്ടത്തിനു മാത്രം ഉപയുക്തമാകത്തക്കവണ്ണം അതു വളരെ അല്പിഷ്ഠവും അവയവഹീനവുമായ ഒന്നായിരിക്കാനെ ഇടയുള്ളു എന്നാണു പരിതസ്ഥിതികൾ ചൂണ്ടിക്കാണിക്കുന്നതു്. ആ അതിതുച്ഛമായ പ്രാരംഭത്തിൽനിന്നും (നിരവയവപദാൎത്ഥത്തിൽനിന്നും കേവലം അണുമാത്രം വ്യത്യസ്ഥമായ ഒരു സാവയവപദാൎത്ഥത്തിൽനി

ന്നു്) ആ ജീവചൈതന്യം തുടരെ മേല്പോട്ടു, താണപടിയിൽനിന്നും ഉയൎന്ന പദത്തിലേക്കും നിരവയവസ്ഥിതിയിൽനിന്നു സാവയവസ്ഥിതിയിലേക്കും ആരംഭത്തിൽ സസ്യവൎഗ്ഗമെന്നും പ്രാണിവൎഗ്ഗമെന്നും രണ്ടു പ്രധാനവിഭാഗമായി തിരിഞ്ഞും പിന്നേയും ശാഖോപശാഖമായി പിരിഞ്ഞും നിരന്തരം പെരുകി വികസിച്ചു. ഒടുവിൽ ഇന്നു സ്ഥലത്തിലും ജലത്തിലും കാണുന്ന സമൃദ്ധവും വിചിത്രവും സംഖ്യാതീതവുമായ ജീവജാലങ്ങളെക്കൊണ്ടു ഭൂമി മുഴുവൻ ആവരണം ചെയ്യപ്പെട്ടിരിക്കുന്നു. ഈ അത്ഭുതകരമായ ജീവിതപരിണാമം ഏതുപ്രകാരം തുടൎന്നുകൊണ്ടിരുന്നുവെന്നു നമുക്കു് എങ്ങനെ അറിയാം? നമുക്കു പ്രകൃതിയുടെ പ്രസ്തരഗ്രന്ഥത്തിലെ ചരിത്രം വായിച്ചു അതു മനസ്സിലാക്കാം. ഇവിടെ ഒരിക്കലും തെറ്റിദ്ധരിക്കാൻ വഴിയില്ലാത്ത അക്ഷരങ്ങളിൽ അതു ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. (തുടരും)

# ഭാരതം.

(വെള്ളാട്ടുവീട്ടിൽ ഗോവിന്ദമേനോൻ.)

1. ശശ്വൽ പ്രകാശങ്ങൾ വിശിഷ്ടധൎമ്മ
മണിപ്രകാണ്ഡങ്ങളുയൎന്നു മിന്നി
ഭൂലോകമൊട്ടുക്കതിദീപ്തി ചേൎത്തി—
ശ്രീഭാരതക്ഷോണി ജയിച്ചിടുന്നു.

2. സന്ദൎശകന്മാൎക്കു മനം മയക്കും
സൌഭാഗ്യസമ്പത്തുകളൊത്തിണങ്ങി
സൎവ്വേശ്വരാനുഗ്രഹവായ്പിൽ മിന്നും
സൎവംസഹാമണ്ഡനമിദ്ധരിത്രി.

3. ഹിമാചലക്കോട്ട വടക്കു, മററു
ഭാഗങ്ങളിൽ സാഗരമാം കിടങ്ങും
സ്വയം പ്രകൃത്യംബ രചിച്ചു കാത്തു
പോരും സ്വകേളീഗൃഹമൊന്നിതല്ലൊ.

4. സേനാബലത്താൽ ധരണീതലത്തി—
ലെല്ലാടവും നാടുകൾ കീഴടക്കി
പരപ്പുകൂട്ടീടിന ഹൂണർ തന്റെ
സാമ്രാജ്യഭാഗത്തിലിതല്ലിരുന്നു!

5. ലോഭത്തിനാൽ മാററലരക്രമങ്ങൾ
നടത്തുവാനിങ്ങ വരുന്നതുണ്ടോ?
എന്നാങ്ങനോക്കുംപടി പവ്വതങ്ങ—
ളുയന്നു നിൽപൂ ശിഖരങ്ങളാലേ.

6. അപത്യവാത്സല്യ ഗുണാഢ്യയിബ്‌ഭൂ—
ദേവിയ്ക്കു വായ്ക്കും കനിവിൻപ്രവാഹം
ഗംഗാദിയാം പുണ്യസരിൽക്കുലങ്ങ—
ളായിട്ടുകാണാമിവിടത്തിലെങ്ങും.

7. വിണ്ണുററതൻ പൊന്മകളായ്ഗണിച്ചു
വാട്ടം ഭവിക്കാതെ വസിച്ചുകൊൾവാൻ
വേണ്ടുന്നകാലത്തു പയോധരത്താൽ
പയസ്സുനല്കിപ്പരിരക്ഷചെയ്‌വു.

8. വ്യാസാദിദിവ്യഷിഷികളാവിദേഹ—
ഭൂനാഥരാജഷിികൾ, ധമ്മജാതർ,
യശോധനന്മാർ രഘുവംശ്യരാമ—
പ്രജാഗണപ്രാണനരാധിപന്മാർ,

9. സത്യൈകരക്ഷയ്ക്കഖിലം കളഞ്ഞു—
ള്ളോരാഹരിശ്ചന്ദ്രർ തുടന്നഭൂപർ,
മേന്മേൽവിപത്തേററുമിളാതലത്തെ—
ക്കാത്തുള്ള ഹല്യാദിവധൂജനങ്ങൾ,

10. സ്വരാജ്യരക്ഷയ്ക്കുയിർ കൈവെടിഞ്ഞ
പ്രതാപസിംഹാദി മഹാപ്രതാപർ,
സ്വാതന്ത്ര്യലാഭവ്രതനാം മഹാത്മാ—
വായുള്ളൊരാഗ്ഗാന്ധിജിതൊട്ടധന്യർ,

11. ഏവം കഥിച്ചാൽ കഴിയാത്തനേക—
വീരക്കു ജന്മക്ഷിതിയാകമൂലം
വിശിഷ്ടവീരപ്രസവിത്രിയെന്ന
വിഖ്യാതിയിപ്പാരു വഹിപ്പുപണ്ടേ (കലാപകം)

12. അഭീഷ്ടസന്ദായകകല്പദാരു—
കല്പങ്ങളായുള്ള മഹീരുഹങ്ങൾ
മാകന്ദകേരാദികളായ പേർപൂ—
ണ്ടെങ്ങുംവിളങ്ങുന്നു ഫലാഢ്യമായി.

13. സാഹിത്യദുഗ്ദ്ധാബ്ധി ബുധാഗ്ര്യർമ്മന്നം
മഥിച്ചെടുത്തുള്ള സുധാരസത്തെ
ശാകുന്തളാദിപ്പുതുപൊൻകുടങ്ങൾ
നിറച്ചുവെച്ചുള്ളതുമിങ്ങുതന്നെ.

14. ധർമ്മൈകചിന്താപരയാകുമിന്ത്യാ—
ധരിത്രിതൻചാരുയശസ്സുഗന്ധം
കസ്തൂരികാകൈതവമായജസ്രം
വീശുന്ന നേപാളതടത്തിൽനിന്നും.

15. കാരുണ്യവായ്പിൻ കമനീയമായൊ—
രാകാരമിപ്പുണ്യധരാതലത്തിൽ
പുരാ സമുൽഭ്രുത, മതിന്നുമാക്ക—
മാരാദ്ധ്യമായ്‌വെൽവിതു ബുദ്ധസംജ്ഞം.

16. ഈയാഷ്ടഭ്രുവായവസുന്ധരയ്ക്കു—
ള്ള മൂല്യവൈമല്യവുമാഭയേയും
നേടാൻ തുരക്കുന്നു ജനങ്ങൾ മേന്മേൽ
മാറായമൈസൂരിലെ ഹേമഭ്രുവിൽ

17. 'വിപത്തിലും സദ്ഗുണസൌരഭം കൈ—
വിടാ മഹാത്മാക്കളിവണ്ണമോതി
അരയ്ക്കിലും വാസന വീശിടുന്ന
പാടീരവൃക്ഷങ്ങളുമിങ്ങുനില്പ്പു.

* * * *

18. ഹൈമാദ്രിയിങ്കൽ തലവെച്ചുറങ്ങു—
മമ്മയ്ക്കു കാൽത്താരു തലോടുവാനായ്
പിരിഞ്ഞിടാതുണ്ടൊരു കൊച്ചുപുത്രി
തൃക്കാല്ക്കൽ ഗോശ്രീശപരിയെൻ ജനിത്രി. *

---

* 'ഗോശ്രീശവംശം' കാവ്യത്തിൽനിന്നു്. (പകപ്പുവകാശം ഗ്രന്ഥകത്താവിനു് മാത്രം.)

# മരണവ്യാപാരിയായ ഒരു മഹാമനുഷ്യൻ.

(സി. എസ്. സുബ്രഹ്മണ്യൻപോററി എം. എ.)

രാഷ്ട്രങ്ങൾക്കു യുദ്ധസാമാനങ്ങൾ വിററുകൊണ്ടിരിക്കുന്ന നിഗൂഢവും ദുർഗ്ഗ്രാഹ്യവുമായ ഒരു ശക്തി യൂറോപ്പിലുണ്ട്. യൂറോപ്പിലെ വെറുപ്പും അസൂയയും ഇട്ടു തിളപ്പിക്കുന്ന കിടാരത്തിൻെറ ചുവട്ടിൽ യുദ്ധാഗ്നി കത്തിയിളക്കി ജ്വലിപ്പിക്കുന്ന ഇരുമ്പുകുടിലിൻെറ ഉടമസ്ഥൻ ആ നിഗൂഢമാടമ്പി സർ ബെസിൽഷാഹറാഫ് ആണെന്ന് ഇപ്പോൾ പരസ്യമായിരിക്കുന്നു. ക്ലെമൽകോ ഒരിക്കൽ അദ്ദേഹത്തിനെ "യൂറോപ്പിലെ ആറാമത്തെ ശക്തി" എന്നു വിളിക്കയുണ്ടായി. അദ്ദേഹത്തിൻെറ പ്രവൎത്തനങ്ങളെ ഒരു നിഗൂഢവെളിയിടമൂടിയിരിക്കുന്നു. "എന്നേ സംബന്ധിക്കുന്ന യാതൊന്നും ഒരിക്കലും വെളിക്കു പറയരുതു്" എന്ന നിയമമാണ് അദ്ദേഹം പരിപാലിച്ചുപോരുന്നതു്.

ഇപ്പോൾ എൺപത്തിഅഞ്ചു വയസ്സുചെന്ന സർ ബെസിൽ ഇന്നും ഒരു നിഗൂഢമനുഷ്യനത്രേ. നാറൻഫെൽററിലെ ആയുധപ്പണ്ടികശാലയ്ക്കുവേണ്ടി അദ്ദേഹം ഒച്ചപ്പെട്ട പ്രവൎത്തനം ആരംഭിച്ചതു 1887-ാമാണ്ട് ആയിരുന്നു. അന്ന് അദ്ദേഹം തൻെറ മരണവ്യാപാരം ചെയ്യുന്ന സാമാനങ്ങളെ വാങ്ങാൻ അത്യാസക്തിയോടുകൂടിയിരുന്ന റഷ്യായ്ക്കും, ടൎക്കിക്കും, പലേ ബാൾക്കാൻ രാജ്യങ്ങൾക്കു വിററു. അന്നുമുതൽ ഇന്നുവരെ അദ്ദേഹം ആ വ്യാപാരം ശേഷിയോടെ തുടൎന്നു. അതിന്ന് ഒന്നാന്തരം അന്തരീക്ഷം യുദ്ധത്തിൻെറ ഭയങ്കരമായ തണുപ്പു ബാധിച്ചിട്ടുള്ളതാണല്ലൊ. സാഹറോഫിനെ ഗോപനം ചെയ്തിരുന്ന ആവരണം പരിപൂൎണ്ണമായതായിരുന്നു. അദ്ദേഹം എന്നു ജനിച്ചുവെന്നോ എവിടെ ജനിച്ചുവെന്നോ നിശ്ചിതമായി ആരും അറിഞ്ഞിരുന്നില്ല. ഇന്ന് അദ്ദേഹം ആരോഗ്യം നശിച്ചു വൃദ്ധനായി ക്ഷീണിച്ചു മാണ്ടി കാർലോവിൽ പതുക്കെ പതുക്കെ നടക്കുന്നു. സമീപത്തുള്ള നാട്ടിൻപുറങ്ങളിൽ മോട്ടാർകാറിൽ സഞ്ചരിക്കുമ്പോൾ കാണുന്ന കൃഷകരോട് അദ്ദേഹം വെടിപറയുകയും അവരുടെ വിളവുകളെക്കുറിച്ചു കുശലപ്രശ്നം ചെയ്കയും ചെയ്യാറുണ്ട്. നാട്ടിൻപുറത്തെവിടെയോ ഉള്ള ഒരു ദയാശീലനായ അഭിജാതവൃദ്ധനെന്നാണ് അവർ അദ്ദേഹത്തെപ്പററി വിചാരിക്കുക. യൂറോപ്പിലെ അനവധി യുദ്ധങ്ങളിൽ തങ്ങളുടെ പിതാക്കന്മാരേയും മക്കളേയും കൊന്ന യന്ത്രസാമഗ്രികൾ ഒരുക്കിക്കൊടുത്ത മനുഷ്യനാണ് അദ്ദേഹം എന്ന് അവർ അറിയുന്നില്ല.

വൈദ്യന്മാർ അദ്ദേഹത്തിന്റെ ശേഷിച്ച ഹ്രസ്വജീവിതത്തെ സംരക്ഷിക്കുന്നതിനു തല്പരരായി അദ്ദേഹത്തിനെ ശുശ്രൂഷിച്ചുപോരുന്നു. എന്നാൽ ലോകക്കാർക്കു താല്പര്യം അദ്ദേഹം കഴിച്ചുകൂട്ടിയ ഭയങ്കരമായ ജീവിതത്തെക്കുറിച്ചേ ഉള്ളൂ. സാഹാറോഫിന്നു പുരുഷപ്രായം തികഞ്ഞിരുന്ന കാലത്തു ബീവർബ്രൂക്കുപ്രഭു ഒരിക്കൽ ഇങ്ങനെ പറക ഉണ്ടായി. "രാഷ്ട്രങ്ങളുടെ തലവിധികളിലാണ് ആ മനുഷ്യന്റെ വിനോദങ്ങൾ; സൈന്യങ്ങളുടെ ചംക്രമണങ്ങളിലാണ് അയാളുടെ ആഹ്ലാദം. ഈ നിഗൂഢമനുഷ്യരൂപം ഹിംസകൊണ്ടു സങ്കടം അനുഭവിക്കുന്ന യൂറോപ്പിൽ യുദ്ധങ്ങളുടെ പിന്നാലെ അങ്ങനെ സഞ്ചരിക്കയാണ്."

ബാല്ക്കൻരാജ്യവുമായുള്ള വ്യാപാരത്തിൽ വലിയ ലാഭം അദ്ദേഹത്തിനു ലഭിച്ചു. അതു കഴിഞ്ഞ് അദ്ദേഹത്തിന്റെ നോട്ടം തന്റെ പ്രിയപ്പെട്ട ഗ്രീസിലേക്കു പതിച്ചു. സാഹാറോഫ് ഗ്രീസിന് ഒരു സബ്മറയിൻ (അന്തർവാഹിനിക്കപ്പൽ) വിററു. ഗ്രീസ് തന്റെ പ്രേമാവസമായ ഒരു രാജ്യമാണെന്നുള്ള വസ്തുത, അയൽരാജ്യമായ ടർക്കിയോടു ഗ്രീസിനെ ഭയപ്പെടേണ്ടതിനേയും അവിടെ നിന്നുണ്ടാകാവുന്ന ആപത്തുകളേയും കുറിച്ചു ചൂണ്ടിക്കാണിച്ച് ഉൽബോധനം ചെയ്യാൻ അദ്ദേഹത്തിനു പ്രതിബന്ധമായി നിന്നില്ല. ടർക്കി സ്വന്തംനില മനസ്സിലാക്കി ഉടനെ രണ്ടു സബ്മറയിൻ അദ്ദേഹത്തിനോടു വാങ്ങി.

അതുകഴിഞ്ഞു തെക്കെ ആഫ്രിക്കയിൽ ബൂവർ യുദ്ധമായി. അവിടെ അദ്ദേഹത്തിന്റെ ഉദാരമായ നിഷ്പക്ഷപാതിത്വം സ്പഷ്ടമായി പ്രദർശിപ്പിച്ചു. സാഹാറോഫ് യുദ്ധോപകരണങ്ങൾ ഒരു വിലയ്ക്കു ബൂവറന്മാർക്കു നൽകി. ഇംഗ്ലീഷുകാർ ഉടമസ്ഥന്മാരായ നാർഡൻഫെൽററു യന്ത്രശാലയിൽനിന്ന് ബൂവറന്മാർക്കു കൊടുത്ത ആ സാമാനങ്ങൾ യുദ്ധത്തിൽ ഇംഗ്ലീഷുപടയാളികളുടെ മരണപ്പട്ടിക വർദ്ധിപ്പിക്കാൻ പ്രയോജനപ്പെട്ടു. ഈ യുദ്ധസാമാനവ്യാപാരിയുടെ മുമ്പിലത്തെ പ്രവൃത്തനങ്ങളെക്കുറിച്ചു നോക്കുക. ഈ ഇരുപതാം ശതവർഷത്തിന്റെ പ്രാരംഭത്തിൽ റസ്സോജാപ്പനീസ് യുദ്ധം ഉണ്ടായി. അന്നു പല ആയുധനിർമ്മാണശാലകളും ഒന്നിച്ചുചേർന്നു ഒരു കൂട്ടുകെട്ടുണ്ടാക്കി. അതിൽ സാഹാറോഫ് ഒരു വില്പനക്കാരൻ മാത്രമല്ല; ഒരു എക്സിക്യൂട്ടീവ് നേതാവുമായി. അന്നും അമിതധനം അദ്ദേഹം സമ്പാദിച്ചു. പിന്നീടുണ്ടായിട്ടുള്ള സമരങ്ങൾ ധനവിഷയത്തിൽ അദ്ദേഹത്തിനെ മുറയ്ക്കു് ഉയർത്തി അദ്ദേഹത്തിന്റെ ലാഭവും ശക്തിയും വർദ്ധിപ്പിച്ചു.

ജാർജ്ജ്പഞ്ചമൻ ചക്രവർത്തി അദ്ദേഹത്തിനു ബിരുദങ്ങൾ നൽകി. 1921-ൽ നൈററ് എന്ന സ്ഥാനം അദ്ദേഹത്തിനു സമ്മാനിച്ചു. ഫ്രാൻസ് അദ്ദേഹത്തിനു ഫ്രെഞ്ച്ലീജിയൻആഫ് ആണർ എന്ന ബിരുദം

കൊട്ടത്തു. ചിലപ്പോൾ അദ്ദേഹത്തിൻെറ തൊഴിലിനെക്കുറിച്ചുള്ള ചില രഹസ്യവൎത്തമാനങ്ങളെല്ലാം ജനങ്ങൾക്ക ചോൎന്ന കിട്ടുക ഉണ്ടായി.

"മരണവ്യാപാരികൾ" (മെൎച്ചൻറ്സ് അഫ് ഡത്ത്) എന്ന ഗ്രന്ഥത്തിൻെറ കൎത്താക്കന്മാരായ എൻഗൽബെച്ചേറവും ഹാനിഫെനും റിപ്പോൎട്ട് ചെയ്തിരിക്കുന്നതു് അദ്ദേഹം ക്യൂബായിലെ അമേരിക്കൻ ഭടന്മാരെ കൊല്ലാൻ 5000,000 ഡാളർ വിലയുള്ള ആയുധങ്ങൾ സ്പെയിനുകൊട്ടത്തു എന്നാണ്. ലോകമഹായുദ്ധത്തിൽ എത്ര വളരെ പണം അദ്ദേഹം വാസ്തവത്തിൽ സമ്പാദിച്ചിട്ടുണ്ടെന്ന് ആൎക്കും അറിഞ്ഞുകൂട. എന്നാൽ ഒൻപതകമുള്ള ഒരു തുക അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ടെന്നാണു കേൾവി. അദ്ദേഹത്തിൻെറ സ്വന്തം സമ്പാദ്യം അനേകം കോടി പവൻ വരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിൻെറ ഡയറികൾ ആറു സെക്രട്ടറിമാരുടെ മുമ്പിൽ വച്ചു് അദ്ദേഹംതന്നെ ചുട്ടുകളഞ്ഞതായി പറയപ്പെട്ടിരിക്കുന്നു." എന്തെന്നാൽ അവയിൽ അടങ്ങിയിരുന്ന സംഗതികൾ പരസ്യംചെയ്യുന്നപക്ഷം ലോകത്തെ ആകമാനം അവ ഇളക്കി തുള്ളിക്കുമായിരുന്നു എന്നാണ് ഇതിനിടെ പ്രസിദ്ധംചെയ്ത അദ്ദേഹത്തിൻെറ ഒരു ജീവചരിത്രത്തിൽ കാണുന്നതു്.

ലോകമഹായുദ്ധം കഴിഞ്ഞു് ഇപ്പോൾ പതിനാറുകൊല്ലം ചെന്നതിനു ശേഷമാണ് ഈ വക അതിഘോരങ്ങളായ കൃത്യങ്ങൾ പൎയ്യന്വേഷണക്കമ്മിററികളുടെ ദൃഷ്ടിയിൽ വരുന്നതു്. അതിൽ നാനാ രാഷ്ട്രങ്ങളുടേയും സേനകൾക്ക ലഭിച്ചുപോന്ന കൊല ആയുധങ്ങൾ അധികവും അവരുടെ സ്വന്തം രാജ്യങ്ങളിൽ അവരുടെ സ്വന്തം നാട്ടുകാർ ഉണ്ടാക്കിയവയാണെന്ന്, വാസ്തവസംഭവങ്ങൾ ഇപ്പോൾ തെളിയിക്കുന്നു.

ജാൎജ്ജ്സെൽസ്സ് അടുത്തകാലത്തു പ്രസിദ്ധംചെയ്ത "ഇരുമ്പും ചോരയും ലാഭവും" എന്ന പുസ്തകത്തിൽ ഇങ്ങനെ പറയുന്നു. "ബ്രിട്ടൻ സ്വപുത്രരെ യുദ്ധത്തിനയയ്ക്കുന്നു. ഡാൎഡിനൽസിൽ അവർ യുദ്ധം ചെയ്തിട്ടുണ്ടെങ്കിൽ അവരിൽ ചിലർ കൊല്ലപ്പെട്ടതു ബ്രിട്ടീഷുകാർ ഉണ്ടാക്കിയ ഷെല്ലുകൾ കൊണ്ടത്രെ." "ജൎമ്മൻകാർ വെർഡൽ എന്ന സ്ഥലത്തെ ആക്രമിച്ചു—ഫ്രഞ്ചുകാർ എതിൎത്തു യുദ്ധംചെയ്തു. രണ്ടുപക്ഷത്തും വളരെ ഭടന്മാർ നശിച്ചു. ഡോണാമൗണ്ടിൽ ഫ്രഞ്ചുകാർ ഇട്ടിരുന്ന മുള്ളുകമ്പി വേലികളിൽപെട്ടു് അനേകായിരം ജൎമ്മൻകാർ ചത്തു. ആ കമ്പികളുടെ കാലുകളിൽ മാഗ്ഡെബർഗർഡ്രാഫുആൻഡുകേബിൾവെൎക്ക്" എന്ന ജൎമ്മൻ നിൎമ്മാണശാലയുടെ പേരായിരുന്നു കാണപ്പെട്ടതു്. ആ കമ്പികൾ യുദ്ധകാലത്തു സ്വിററ്സർലാൻഡ് വഴി അയക്കപ്പെട്ടതത്രെ. ഇററലി ജൎമ്മൻകാൎക്ക ഗന്ധകം ശേഖരിച്ചു വിററിരുന്നു. "ഫ്രാൻസിലെ നിൎമ്മാണശാല

കൾ ശത്രുക്കളായ ജൎമ്മൻകാൎക്ക് ഫോസ്ജെൻഗ്യാസ് (വിഷവാതകം) നിൎമ്മിക്കുന്നതിനു വേണ്ട ബൈസൾഫെഡ് വണ്ടിവണ്ടിയായി അയച്ചുകൊടുത്തു” ഇതൊക്കെ സാഹാറോഫിൻെറ വ്യാപാരകൗശലമായിരുന്നു.

ഇങ്ങനെ പലവഴികളിലും മഹായുദ്ധകാലത്തുതന്നെ യുദ്ധസാമാന വ്യാപാരികൾ ധനലാഭത്തിനായി അനേകം അനേകം വഞ്ചനപ്രവൃത്തികളും കുത്സിതപ്രവൃത്തികളും ചെയ്തിട്ടുണ്ട്. അവർ ഭൂമിക്കാസകലം നാശം വരുത്തിയ ആ ഭയങ്കരയുദ്ധം സ്വന്തം ലാഭത്തിനുവേണ്ടി ആവശ്യത്തിലധികം നീണ്ടുനില്പാൻ വേണ്ടതെല്ലാം ചെയ്തുകൊണ്ടുമിരുന്നു. മനുഷ്യരുടെ എല്ലാമതങ്ങളിലും തത്വശാസ്ത്രങ്ങളിലും അവരുടെ നിൎവ്വാണാശ കാണാമെങ്കിലും അതെല്ലാററിനേയും പണത്തിലുള്ള അവരുടെ ഭ്രമ കീഴടക്കി ചക്രവൎത്തിപദത്തിൽ വിളങ്ങുകതന്നെ ചെയ്യും. സാഹാറോഫ് ഇതിനൊരു ദൃഷ്ടാന്തമാണ്. ദീപസ്തംഭം മഹാശ്ചൎയ്യം എനിക്കും കിട്ടണം പണം. (ഓറിയൻറൽ വാച്ചുമാൻ)

# വിദ്യാൎത്ഥികളും നോട്ടുബുക്കുകളും.

(വിദ്വാൻ, പി. കെ. കോരുത്ത്. പുത്തൻകാവു്)

അടുത്തകാലത്തു പ്രസിദ്ധീകരിച്ച വി. എസ്. എൽ. പരീക്ഷാറിപ്പോർട്ടിൽ വിദ്യാൎത്ഥികൾ പാഠപുസ്തകങ്ങൾ ഉപയോഗിക്കാതെ അദ്ധ്യാപകന്മാർ നൽകുന്ന നോട്ടുകൾകൊണ്ടു മാത്രം തൃപ്തിപ്പെടുന്നതിനെ കഠിനമായി പ്രതിഷേധിച്ചിരിക്കുന്നു കഴിഞ്ഞ മഹായുദ്ധാനന്തരം ബാധിച്ച സാമ്പത്തികാധഃപതനത്തോടുകൂടിയാണു വിദ്യാലയങ്ങളിൽ—മലയാളവിദ്യാലയങ്ങളിൽ—ഈ ദുൎവ്യാധി സംക്രമിച്ചതു്. ഭാഷാപാഠപുസ്തകങ്ങളും ഇംഗ്ലീഷുപുസ്തകങ്ങളുമല്ലാതെ ഇതരപാഠ്യഗ്രന്ഥങ്ങൾ വാങ്ങിച്ചു വായിക്കുന്ന വിദ്യാൎത്ഥികൾ മലയാളംസ്കൂളുകളിൽ 10 ശതമാനംപോലും കാണുകയില്ലെന്നു മലയാളംസ്കൂളുകളുമായി നിരന്തരം ഇടപെട്ടുകൊണ്ടിരിക്കുന്ന അസ്മാദൃശന്മാൎക്കറിയാവുന്നതാണ്. വി. എസ്. എൽ. പരീക്ഷയ്ക്കു സംഭവിക്കുന്ന ഭീമപരാജയത്തിൻെറ പ്രഥമകാരണവും ഇതുതന്നെ. പരീക്ഷാവിജയം മാത്രം വിദ്യാഭ്യാസോദ്ദേശ്യമായി കരുതുന്നതിനാൽ വിദ്യാൎത്ഥികൾ പാഠസംഗ്രഹം ഏതെങ്കിലും പ്രകാരത്തിൽ ഉരുവിട്ടു മനഃപാഠമാക്കി, ഉത്ത

രപത്രങ്ങളിൽ ചർച്ചിക്കണമെന്ന് അദ്ധ്യാപകന്മാരും വിചാരിച്ചുപോരുന്നില്ലയോ എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു.

ചരിത്രം, ഭൂമിശാസ്ത്രം, സാഹിത്യശാസ്ത്രഗ്രന്ഥങ്ങളായ വ്യാകരണം, ഭാഷാഭൂഷണം, സാഹിത്യസാഹ്യം മുതലായ പാഠ്യപുസ്തകങ്ങൾ വായിക്കാതെ അവയ്ക്കു ലഭിക്കുന്ന നോട്ടുകൾ വിദ്യാർത്ഥികളെ അലസന്മാരാക്കുമെന്നുള്ളതിനു സംശയമില്ല. ഇപ്പോഴത്തെ സാമ്പത്തികാധഃപതനം ഭാഷാപാഠ്യപുസ്തകങ്ങൾപോലും വാങ്ങിക്കുന്നതിന് അദ്ധ്യേതാക്കളെ വിരോധിച്ചിരിക്കുന്നു. ഇംഗ്ലീഷുസ്കൂളുകളിൽ എല്ലാ വിദ്യാർത്ഥികളും ആവശ്യമുള്ള പാഠ്യപുസ്തകങ്ങളും ഇതരബുക്കുകളും യഥാകാലം വാങ്ങിച്ചു പഠിക്കുന്നതുകൊണ്ടു അവിടത്തെ അദ്ധ്യാപനം വളരെ ഫലിക്കുന്നുണ്ട്. മലയാളംസ്കൂൾ അദ്ധ്യാപകന്മാർ അതികഠിനമായി അദ്ധ്വാനിക്കുന്നുണ്ടെങ്കിലും ഫലം മോശമായിപ്പോകുന്നതു ഇക്കാരണത്താലാണെന്ന് അധികാരികൾ അറിഞ്ഞിരിക്കുന്നതു വളരെ നല്ലതാണ്.

പാഠ്യപുസ്തകങ്ങൾ കൈകാര്യം ചെയ്യാത്തതിനാൽ താഴെ പറയുന്ന ന്യൂനതകൾ അദ്ധ്യേതാക്കളിൽ ഉണ്ടാകാം. 1. ഭാവിയിലും ഗ്രന്ഥങ്ങളോട് ഇടപെടാനുള്ള പരിചയക്കുറവ്.

"ആചാര്യാൽപാദമാദത്തേ
പാദം ശിഷ്യസ്വമേധയാ
പാദം സബ്രഹ്മചാരിഭ്യഃ
പാദം കാലക്രമേണതു"

ഒരു മനുഷ്യൻ തനിക്കു ലഭിക്കുന്ന വിദ്യാഭ്യാസം മേൽപറഞ്ഞ നാലു മാർഗ്ഗങ്ങളിൽകൂടിയാണു സമ്പാദിക്കുന്നതെന്നു പൂർവ്വാചാര്യന്മാർ വിധിച്ചിരിക്കുന്നു. അതിനാൽ വിദ്യാശാലയിൽനിന്നും ലഭിക്കുന്ന ജ്ഞാനം വളരെ തുച്ഛവും എന്നാൽ അതു ഭാവിജ്ഞാനസമ്പാദനത്തിനുള്ള പ്രവേശനദ്വാരവും ആകുന്നു. ബാല്യകാലത്ത് അതായതു വിദ്യാർത്ഥിജീവിതത്തിൽ പുസ്തകങ്ങളോടിടപെടാതെയിരുന്നാൽ അനന്തരജീവിതത്തിൽ പുസ്തകപാരായണത്തിനുള്ള ആസക്തി ഉണ്ടാകുന്നതല്ല.

2. നല്ല വാക്യരചന സ്വാധീനമാവുന്നതല്ല. ഓരോ വിഷയങ്ങളിലും അതിസമർത്ഥന്മാരായ ഗ്രന്ഥകാരന്മാർ ദീർഘകാലംകൊണ്ടു നിർമ്മിക്കുന്ന ഗ്രന്ഥങ്ങൾ സാഹിത്യപരമായും തത്തദ്വിഷയകമായും വളരെ പ്രാമാണ്യമുള്ളതായിരിക്കും. വിദ്യാർത്ഥികൾ ആ വക ഗ്രന്ഥങ്ങൾ വായിച്ചു പരിചയിക്കുന്ന പക്ഷം ഉത്തമഗ്രന്ഥകാരന്മാരോടും വിശിഷ്ടഗ്രന്ഥങ്ങളോടും പ്രതിപത്തിയുണ്ടാകുകയും ഗദ്യരചനാപാടവം സിദ്ധിക്കയും ചെയ്യും.

3. അക്ഷരവീഴ്ചകൾ അധികം ഉണ്ടാകുന്നതല്ല. മലയാളംസ്കൂൾ വിദ്യാത്ഥികളിൽ കാണുന്ന ഒരു വലിയ ന്യൂനത അക്ഷരവീഴ്ചയാണു്. അദ്ധ്യാപകന്മാർ നൽകുന്ന നോട്ടുകളിൽ വിദ്യാത്ഥികൾ കേൾക്കുന്നതുപോലെ എഴുതിയാൽ തന്നെയും "ഗ്രന്ഥം മൂന്നു പകൎത്തുമ്പോൾ മുഹൂൎത്തം മൂത്രമായ് മാറു"ന്നതുപോലെ ധാരാളം തെറവുകൾ വരാവുന്നതാണു്. അദ്ധ്യാപകൻ പറയുന്നതു് ഒന്നു്. വിദ്യാത്ഥികൾ കേൾക്കുന്നതു മറെറാന്നു്. അവർ എഴുതുന്നതു മൂന്നാമതൊന്നു്. പിന്നീടു വായിക്കുന്നതു് ഈ വിഷയത്തോടു യാതൊരു ബന്ധവുമില്ലാത്ത നാലാമതൊരു കാര്യം. പുസ്തകങ്ങളുമായി പരിചയപ്പെടുന്ന പക്ഷം ഈദൃശങ്ങളായ ഭീമാബദ്ധങ്ങൾ ഉണ്ടാകുന്നതല്ല.

4. ദൂഷിച്ച ഗദ്യരചന വശമാവുന്നു. നല്ലതു പരിചയിച്ചില്ലെങ്കിലും ദൂഷിച്ചതു കാണ്മാൻ പോലും ഇടയാകരുതെന്നാണു മനശ്ശാസ്ത്രപണ്ഡിതന്മാരുടെ അഭിപ്രായം. അദ്ധ്യാപകന്മാർ വിദ്യാത്ഥികൾക്കു പ്രദാനം ചെയ്യുന്ന നോട്ടുകൾ മുൻപിൽ വേണ്ടവിധം സജ്ജീകരിച്ചു് എഴുതിത്തയാറാക്കിയതല്ലായിരിക്കും. അപ്രകാരമുള്ള നോട്ടുകളിലെ ഗദ്യരീതി അത്രതന്നെ ആകഷകമല്ല. വിദ്യാത്ഥികൾ ഈ ഭാഗങ്ങൾ ഉരുവിട്ടു പഠിക്കുന്നതിനാൽ ഒരുമാതിരി ദൂഷിച്ച ഗദ്യരീതി അവൎക്കു വശമാവുന്നതിനും, കാലാന്തരത്തിൽ അവരെ ഉത്തമസാഹിത്യപദ്ധതിയിൽനിന്നും അകററി നിറുത്തുന്നതിനും ഇടയാവും.

നോട്ടുകൾക്കു മേൽപ്രസ്താവിച്ച ന്യൂനതകൾ ഉള്ളതിനാൽ വിദ്യാത്ഥികൾ പാഠപുസ്തകങ്ങൾ വാങ്ങിക്കുന്നതിനു നിർബന്ധിക്കുന്നതു് അവരുടെ ഭാവിയെ വിജയോന്മുഖമാക്കുമെന്നു നിസ്സംശയം പ്രസ്താവിച്ചുകൊള്ളുന്നു.

## പുസ്തകാഭിപ്രായം.

### 1.

### പാപപരിഹാരം.

ഗ്രന്ഥകൎത്താ:— തോട്ടക്കാട്ടു് വല്ലഭനുണ്ണിമേനോൻ.

"അഞ്ചുവൎഷങ്ങൾക്കുമുമ്പു് എനിക്കു കാണ്മാൻ സംഗതിയായ ഒരു ചലനചിത്രകഥയുടെ മാഞ്ഞുതുടങ്ങിയ അവ്യക്തസ്മരണയെ ആസ്പദമാക്കി എഴുതിയതാണു്" പ്രസ്തുതകഥ എന്നാണു ഗ്രന്ഥകാരൻ പറയുന്നതു്. ചേ

ടിരാജാവായ ശ്രീഹൎഷനെ ഇളയ സഹോദരനായ മദനസിംഹൻ ജ്യേഷ്ഠപത്നിയുടെ സഹായത്തോടുകൂടി കൊല്ലുവാൻ ശ്രമിക്കുന്നതും ആ ശ്രമം അപജയത്തിൽ കലാശിക്കുന്നതും മററുമാണു് ഇതിലെ കഥാവിഷയം. ഒരു ചെറുകഥയ്ക്കു വേണ്ട കരുക്കളെല്ലാം ഇതിലുണ്ടെങ്കിലും അവയെ വേണ്ടവിധം ഉപയോഗപ്പെടുത്തീട്ടില്ല. ഗ്രന്ഥകാരൻ ഉപന്യാസരീതിയെയാണു കൈക്കൊണ്ടിരിക്കുന്നതു്. അതിനാൽ കഥ വായിച്ചുരസിക്കണമെന്നുള്ളവൎക്കു് ഇച്ഛാഭംഗത്തിനാണു വഴിയുള്ളതു്. 'ഭംഗിക്കുക', 'തൂണനായി', 'ഗണപ്പെടുക', 'ചേൎത്തിയിട്ടുള്ള' എന്നിത്യാദി പ്രയോഗങ്ങൾ ഒരു മലയാളിയുടെ തൂലികയിൽനിന്നു പുറപ്പെട്ടതാണെന്നു് ഓൎക്കുമ്പോൾ ആശ്ചൎയ്യം തോന്നുന്നുണ്ടു്. 'ഹൎഷൻ രാജ്യഭരണക്ലേശങ്ങളെ അവൾക്കറിയിക്കാത്തതു്' നല്ല ഭാഷയായില്ല. 'ദുഷ്ടന്മാരെ ഘ്രാണനകൊണ്ടു ശിഷ്ടന്മാരിൽനിന്നും വേർതിരിച്ചു കാണിക്കുന്ന ഒരു അമൂല്യസൂചകാംശമാണു്' നാസിക എന്നതു് ഒരു പുതിയ കണ്ടുപിടിത്തംതന്നെ! ഈ 'അമൂല്യസൂചകാംശ'ത്തെക്കൊണ്ടു് 'ഹത്താലനുഷ്ഠിപ്പിക്കുന്നതു്' ഒരുപക്ഷെ ഇന്നത്തെ ജനങ്ങളെ രസിപ്പിക്കുന്നതിനായിരിക്കാം. എന്നാൽ 'മാർജനിയിൽ പതിച്ചിരിക്കുന്ന ഹസ്തം' അവൎക്കു നീരസം ജനിപ്പിക്കുവാനാണു് ഇടയുള്ളതു്. ശുദ്ധിപത്രത്തിൽ പെടാത്ത അനേകം പിഴകളുള്ള പ്രസ്തുത ഗ്രന്ഥത്തിനു് 'പാപപരിഹാരം' എന്ന പേർ അത്ര പററിയതാണോ എന്നു ഞങ്ങൾ സംശയിക്കുന്നു.

## ആരാധകൻ.

ഗ്രന്ഥകൎത്താ:— ചങ്ങമ്പുഴ കൃഷ്ണപിള്ള

ദ്രാവിഡവൃത്തഭ്രമം മിക്ക ആധുനികകവികളേയും ബാധിച്ചിട്ടുണ്ടെങ്കിലും ആ വൃത്തത്തിൽ കവിത എഴുതി വിജയം നേടിയിട്ടുള്ളവർ വളരെ കുറച്ചു പേർ മാത്രമേയുള്ളു എന്നുള്ളതിനു സംശയമില്ല. അക്കൂട്ടത്തിൽ ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ പേർ പ്രത്യേകം പ്രസ്താവ്യമാണു്. ശബ്ദഭംഗി വരുത്തുന്ന വിഷയത്തിൽ മറെറാരു കവിയും ഇദ്ദേഹത്തെപ്പോലെ നിഷ്കൎഷ വെച്ചിട്ടില്ലെന്നു് 'ബാഷ്പാഞ്ജലി' വായിച്ചിട്ടുള്ളവൎക്കൊക്കെ അറിയാവുന്നതാണു്. 'ബാഷ്പാഞ്ജലി'യിലെ ഗുണഗണങ്ങൾ പ്രസ്തുതകൃതിയിലും നല്ലവണ്ണം ശോഭിക്കുന്നുണ്ടു്. ശ്രീമാൻ പിള്ളയുടെ കവിതകൾക്കു പ്രായേണ കണ്ടുവരുന്ന ഒരു ന്യൂനത അവയിലെ ആശയങ്ങൾ പണ്ഡിതേതരന്മാൎക്കു ദുർഗ്രാഹ്യമാണെന്നുള്ളതാണു്. എന്നാൽ ആ ഒരു ദോഷം 'ആരാധകനെ' തീണ്ടീട്ടില്ലെന്നു സസന്തോഷം പറഞ്ഞുകൊള്ളുന്നു. 'ആരാധകൻ' ഒരു ലഘുകാവ്യമാണു്. വിജയനും സോമനും പരസ്പരം അറി

യാതെ 'മാലതി' എന്ന യുവതിയിൽ അനുരക്തരായി തീരുകയും മാലതി വിജയയെ വരനായി വരിക്കുകയും ഈ വിവരം അറിഞ്ഞു നിരാശനായി സോമൻ ഇഹലോകവാസം വെടിയുകയും ചെയ്തു എന്നുള്ളതാണു കഥാവിഷയം. ഖണ്ഡകാവ്യത്തിന്റെ നിലയിൽ നോക്കുമ്പോൾ ഇതിൽ ചില ദോഷങ്ങൾ കണ്ടെത്തുന്നതാണ്, എങ്കിലും അതുകൾ നിസ്സാരമാകുന്നു. ഗ്രന്ഥകാരന്റെ കവിതാവാസന ഈ വിഷയത്തിലേക്കുതന്നെ തിരിഞ്ഞു കണ്ടാൽ കൊള്ളാമെന്നാണു ഞങ്ങളുടെ ആഗ്രഹം.

# നമ്മുടെ സംരക്ഷണനയം.

(P. R.)

ഇൻഡ്യയിലെ സ്റ്റീൽഇൻഡസ്റ്ററിക്ക് (ഉരുക്കുവ്യവസായം) ആവശ്യമെങ്കിൽ സംരക്ഷണത്തിനുള്ള കാലാവധി നീട്ടിക്കൊടുക്കേണ്ടതിലേക്കു ഇൻഡ്യൻ താരിപ്പുബോർഡ് ശുപാൾചെയ്വാൻ അവധാനതയോടെ കാത്തിരിക്കുന്നു. ജാംഷദ്പുരത്തിലെ "ടാട്ടഅയറൺആൻഡ്സ്റ്റീൽ കമ്പനി"ക്കു വേണ്ടിയാണു പൂർണ്ണമായിട്ടല്ലെങ്കിലും പ്രധാനമായി അവരുടെ ശ്രദ്ധ പതിഞ്ഞിരിക്കുന്നതു്. ഏകദേശം പത്തു സംവത്സരക്കാലമായിട്ട്, ഇൻഡ്യ വ്യാവസായികസംരക്ഷണപരിപാടിയിൽക്കൂടി പ്രയാണംചെയ്കതന്നെയാണ്. മൂന്നുകൊല്ലത്തിലധികക്കാലമായിട്ടു, വ്യവസായൗന്നത്യം വന്ന രാജ്യങ്ങൾ (ഇംഗ്ലണ്ടിനെപ്പോലുള്ളവ) സ്വന്തം വ്യവസായങ്ങളെ സംരക്ഷണപഥത്തിലേക്കു നയിപ്പാൻ ആവേശത്തോടെ ശ്രമിച്ചുവരുന്നു. വാണിജ്യത്തിൽ വന്നുചേരുന്ന അധഃപതനത്തിനു സംരക്ഷണത്തെ അഭയം പ്രാപിക്കുന്നു. സംരക്ഷണം അധഃപതനത്തെ ഒന്നുകൂടി ത്വരിപ്പിക്കുന്നു. ഇങ്ങനെ ലോകവാണിജ്യം തന്നെ ഒരു ദൂഷിച്ച പരിലേഖത്തിനകത്തേക്കു ചലിച്ചുകൊണ്ടിരിക്കുന്നു. സ്വന്തമെന്നു പറവാൻ ഉള്ള ഒരഭിപ്രായസ്വാതന്ത്ര്യം ഇല്ലാത്ത ഇൻഡ്യ ഈ ദൂഷിച്ച വൃത്തത്തിലേക്കല്ല, നാശകരമായ ഒരു ഘോരഗർത്തത്തിലേക്കാണു പോകുന്നതെന്ന് അറിയുന്നു. അനവധി താരിപ്പുബോർഡുകൾ ആവിർഭവിക്കയും തിരോഭവിക്കയും ചെയ്തുകഴിഞ്ഞു. വ്യവസായതല്പരന്മാരായ മുതലാളന്മാരിൽനിന്നും അതുപോലുള്ള മററുകക്ഷികളിൽനിന്നും മാത്രമെ തെളിവു ശേഖരിച്ചിട്ടുള്ളു. ഉപഭോക്താക്കളൊ നികുതിദായകരൊ ആണു സംരക്ഷണംകൊണ്ടുണ്ടാകുന്ന ഭാരം മുഴുവനും സ

ഹിക്കേണ്ടതു്. അവരുടെ പേർ മുൻനിറുത്തിയാണ് എല്ലാ സംഗതികളും നടത്തപ്പെടുന്നതെങ്കിലും അവരുടെ കാൎയ്യം അത്രയ്ക്കു ഗൗരവമുള്ളതായി ആരുംതന്നെ കണക്കാക്കിയിട്ടില്ല. സംരക്ഷണംപോലുള്ള പല കാൎയ്യങ്ങളിലും പൊതുജനങ്ങൾ അത്ര ശ്രദ്ധയോടെ പ്രവൎത്തിക്കുന്നില്ലെന്നു തന്നെയായിരിക്കാം അതിനുള്ള കാരണം. അത്രതന്നെയല്ല അവർ ഇതിൻെറ ഫലം അറിഞ്ഞിട്ടില്ലെന്നും വന്നേക്കാം. ഇറക്കുമതിച്ചരക്കുകളിൽ താരിപ്പ് ഏൎപ്പെടുത്തിയാണല്ലൊ സംരക്ഷണം പാലിക്കുന്നതു്. ഇറക്കുമതിച്ചരക്കിന്മേൽ ഏൎപ്പെടുത്തുന്ന താരിപ്പിനു പരോക്ഷകരമെന്ന് ഉപഭോക്താക്കളെ സംബന്ധിച്ചു പറയാവുന്നതാണ്.

ഏതെങ്കിലും ഒരു വ്യവസായഫലം ഒരു വിദേശസാധനത്തോടു മൂല്യത്തിൽ എതിർപൊരുതുവാൻ സാദ്ധ്യമല്ലാതെ വരുമ്പോൾ ഒരു സാമ്രാജ്യം അവിടത്തെ വ്യവസായാഭിവൃദ്ധിക്ക് അവിടെ സംരക്ഷണം ഏൎപ്പെടുത്തുന്നു. അങ്ങനെ ഏൎപ്പെടുത്തുന്ന സംരക്ഷണംകൊണ്ടു് ഏറെത്താമസിയാതെ ഈ വ്യവസായം ഏതു വിദേശച്ചരക്കുകളേയും തരംതാഴ്ത്തുന്നതായിരിക്കും. ഇങ്ങനെയുള്ള സംരക്ഷണം രണ്ടുപ്രകാരത്തിൽ ഉണ്ടു്. ഒന്നു ബൗണ്ടി (സഹായധനം) മറേറതു ചുങ്കം. (Duty)

(1) ബൗണ്ടി (സഹായധനം.) ഗവൺമെൻറിൽ നിന്നും നേരിട്ടു് ഒരു വ്യവസായത്തിനു സഹായധനം കൊടുക്കുന്നു. വിദേശങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ചരക്കുകളുടെ വിലയോടു തുല്യനിലയിൽ നമ്മുടെ വ്യവസായോല്പന്നത്തിൻെറ വിലയും വരുത്തുവാൻ ചെയ്യുന്ന ഒരു ഉപായമാണിതു്. ഒരു ഉദാഹരണം പറയാം. ടാട്ടാകമ്പനിയിൽ ഉണ്ടാക്കിയ ഗാൽവനൈസ്ഡ് ഷീററിനു ഒരു ടണ്ണിൻെറ വില 236 രൂപയിൽ കുറഞ്ഞുകൂടാത്തതെന്നു കണ്ടു. ഇറക്കുമതി ചെയ്യപ്പെട്ട അതേസാമാനത്തിനു 153 രൂപയേ ഒരു ടണ്ണിനു വില വരുന്നുള്ളു. അപ്പോൾ ഗവൺമേൻറു ഒരു ടണ്ണിനു 83 രൂപ സഹായധനം ടാട്ടാക്കമ്പനിക്കു കൊടുക്കുന്നു. ഇങ്ങനെ ചെയ്യുന്നതിൻെറ ആവശ്യം വിദേശങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ചരക്കുകളോട് എതിർപൊരുതുവാൻ ശക്തമാക്കുന്നതിനാണ്. ഇതത്രെ ബൗണ്ടി. ഇതു ഗവൺമേൻറു നികുതിയിൽ നിന്നു കൊടുക്കുന്ന സംഖ്യയാണ്. അതായതു നികുതിദായകൻ കൊടുക്കുന്ന പണത്തിൽ നിന്നു കൊടുക്കുന്നു.

(2) (Duty) (ചുങ്കം.) ഇറക്കുമതിച്ചരക്കുകളിന്മേൽ തീരുവ ഏൎപ്പെടുത്തിയും ഇങ്ങനെയുള്ള സഹായം ചെയ്യാം. ഇതിനാണു ചുങ്കം എന്നു പറയപ്പെടുന്നതു്. ഇറക്കുമതിച്ചരക്കിന്—ഗാൽവനൈസ്ഡ്ഷീററിന്—ടൺ ഒന്നിനു 83 രൂപ ചുങ്കം ഗവൺമേൻറു ചുമത്തുന്നു. ഇന്നു നട

ക്കുന്ന സമ്പ്രദായം ഇതുതന്നെയാണ്. ഇങ്ങനെ നിയമസമ്മതം സിദ്ധിച്ച ചുങ്കങ്ങളുടെ ഒരു ലിസ്റ്റ് ആണു താരിപ്പ്. താരിപ്പനുസരിച്ചുള്ള സംരക്ഷണം എന്നു നാം സാധാരണ പറയുന്നു. അനേക ഇറക്കുമതിച്ചരക്കുകളിൽ ചുമത്തുന്ന ചുങ്കം എന്നൎത്ഥം. സംരക്ഷിതവ്യവസായം കാലക്രമത്തിനു സ്വന്തം കാലിന്മേൽ നിന്നുകൊള്ളുമെന്നുള്ള വിശ്വാസത്തിന്മേൽ സാമ്രാജ്യം ഇതിനു പണംകൊടുക്കുന്നു. അതായതു സംരക്ഷണം കൂടാതെ എതിർശക്തിയോടു നേരിടുവാൻ വ്യവസായം ശക്തമാകുമെന്നു വിശ്വസിച്ചിരിക്കുന്നു. ക്രമശഃ അഭിവൃദ്ധിയിലും വിപുലതയിലും വരാത്ത വ്യവസായത്തെ സംരക്ഷണം ചെയ്യുന്നതു് ഒരു ജനതയുടെ സമ്പത്തിനെ ഉപയോഗശൂന്യമാക്കിത്തീൎക്കുകതന്നെയാണ്. സാമ്രാജ്യസ്വത്തും ധനവും അഭിവൃദ്ധമാക്കുന്നതിനുതക്കവണ്ണം ധനവിനിമയം ചെയ്യുന്ന ഒരു സംരക്ഷണം അത്യാവശ്യമാണ്.

ബൗണ്ടി ഒരു വ്യവസ്ഥിതഗ്രാൻറാണ്. അതിനു വേണ്ടിവരുന്ന ഭരണം അല്പം വിഷമമാണ്. ദാതാവിനു സൂക്ഷ്മവും ഗ്രഹീതാവിനു ശ്രദ്ധയുംആവശ്യമാണ്. പ്രത്യക്ഷനികുതി എന്നതത്വത്തിൽ ഇതു നിബന്ധിച്ചിരിക്കുന്നു. ഇതു അഭിവൃദ്ധികരമായ നികുതിവ്യവസ്ഥയത്രെ. പ്രത്യക്ഷകരം ഒരുപക്ഷേ രുചികരമല്ലാതെ വന്നേക്കാം. കൊടുക്കാൻ കഴിവുള്ള ഒരു കൂട്ടൎക്കുമാത്രമെ ഇതു ബാധകമാവുകയുള്ളു. അതി അഭിവൃദ്ധിപ്രദമായ സ്വഭാവംകൊണ്ടു സാമ്രാജ്യസമ്പത്തു വൎദ്ധിക്കുമെന്നതു നിശ്ചയംതന്നെ. ഉപഭോക്താക്കളേയൊ ദരിദ്രരായ നികുതിദായകവൎഗ്ഗത്തേയൊ ഇതു ബാധിക്കയില്ല. സമ്പന്നരായ ഒരു വൎഗ്ഗം ജനങ്ങൾ രാജ്യത്തിൽ വ്യവസ്ഥിതമായ ഒരു എതിർശക്തിയായി തീരുകയും ഗവൺമേൻറ് അവരോട് ഇടപെടേണ്ടതായി വരുകയും ചെയ്തേക്കാം. ബുദ്ധിസംസ്കാരം വന്നിട്ടില്ലാത്തവരും വ്യവസ്ഥിതഘടനയില്ലാത്തവരുമായ സാമാന്യജനങ്ങൾ, അതായതു പാവങ്ങളായ നികുതിദായകരും ഉപഭോക്താക്കളും അവർ വഹിക്കുന്ന നികുതിഭാരം എന്തെന്നറിയാതെ രാജ്യത്തിൽ ഏല്പിച്ചിരിക്കുന്ന ഭാരത്തെ വഹിക്കുന്നതിന് എളുപ്പത്തിൽ വശഗരാകുന്നു. അതിനാൽ ഗവൺമേൻറു പ്രത്യക്ഷകരം ചുമത്തുന്നതിൽനിന്നു ദൂരവൎത്തിയായിരിക്കുന്നു. സംരക്ഷണവിഷയത്തിൽ ബൗണ്ടിയേക്കാൾ താരിപ്പിന് ആനുകൂല്യം സിദ്ധിക്കുന്നതിനു സൗകൎയ്യം സിദ്ധിക്കുന്നു.

ചുങ്കം എല്ലായ്പോഴും ഒരു പരോക്ഷകരമായേ ഇരിക്കുന്നുള്ളു. ഔപയോഗികപദാൎത്ഥങ്ങളിൽ പലതിനും പരോക്ഷകരം നാം കൊടുക്കുന്നുണ്ട്. വസ്ത്രം, തീപ്പെട്ടി, മണ്ണെണ്ണ, ഉപ്പു മുതലായവ ഉദാഹരണങ്ങളാണ്. ഇറക്കുമതിച്ചരക്കുകളുടെ വില ഈ പരോക്ഷകരംകൊണ്ടു വൎദ്ധിക്കുന്നു എ

ന്നാതിരിക്കട്ടെ. ഈ ചരക്കുകൾക്ക് ഉടമസ്ഥന്മാർ ഗവൺമേൻറിലേക്കു പ്രത്യക്ഷകരം കൊടുക്കുന്നുണ്ടല്ലൊ. ഈ ക്രമമനുസരിച്ച് എല്ലാവരും സാധനങ്ങൾക്കു (ചുങ്കം കൊടുക്കേണ്ട ആവശ്യമില്ലാത്തവയ്ക്കു്) വിലക്കൂടുതൽ കൊടുക്കേണ്ടിവരുന്നു. ജീവിതം തന്നിമിത്തം വ്യയഹേതുകവും ക്ലേശകരവും ആയിത്തീരുന്നു. മുകളിൽ പറഞ്ഞ സംഗതിയിൽ ടാട്ടായുടെ ഗാൽവനൈസ്ഡ്ഷീററിൻെറ വില കുറയ്ക്കുവാൻ സംഗതി വന്നു എന്നു വിചാരിക്കുക. പക്ഷെ ചുങ്കം കുറയ്ക്കാതിരിക്കുന്നിടത്തോളം കാലം ടാട്ട അവരുടെ വിലയിൽകുറവു ചെയ്യുന്നതിനു വിചാരിക്കപോലും ചെയ്കയില്ല. ഇങ്ങനെ താരിപ്പിനാൽ ഈ അവ്യവസ്ഥിതസംരക്ഷണവും ജനങ്ങൾ അറിയാതെ കൊടുത്തുപോകുന്ന പരോക്ഷകരവും സംരക്ഷിതവ്യവസായത്തിനുള്ള ഉറപ്പിൽ ഒരു അസ്ഥാനഭ്രമത്തെ മാത്രമെ ഉളവാക്കുന്നുള്ളു. അതിനാൽ അതിനു കിടന്ന സമ്പാദ്യത്തെക്കുറിച്ച് അശ്രദ്ധയേ ഉണ്ടാകുന്നുള്ളു. അങ്ങനെ വ്യവസായത്തിന് ഒരു പശ്ചാൽഗമനവും നാടിൻെറ സമ്പൽവിപുലതയ്ക്കു് ഒരു ചീത്ത നിലയും വന്നുചേരുന്നു. പരോക്ഷമായ നികുതിയിൽ സ്വല്പമായ കൂടുതൽ ജനങ്ങളുടെ സാമ്പത്തികസ്ഥിതിയെ സുവ്യക്തരീതിയിൽ ബാധിക്കാതിരിക്കത്തക്കവണ്ണം ഒരു രാജ്യത്തെ ജീവിതക്രമം അത്ര ഉയൎന്ന നിലയിലാണെങ്കിൽ അവിടെ അപ്രത്യക്ഷകരം കുറഞ്ഞോരു തോതിൽ നടത്തുന്നതു ഒരുപക്ഷേ ഹിതമായേക്കാം.

അത്രതന്നെയല്ല, താരിപ്പുകൊണ്ടുള്ള സംരക്ഷണം ഒരു സാമ്രാജ്യസമ്പത്തിനു ഹാനികരമാണ്. അതു് എവിടെയെല്ലാമെന്നു നോക്കുക. ഒരു രാജ്യത്തിൽ ആകെയുണ്ടാകുന്ന ഉല്പന്നം സംരക്ഷിതവസ്തുക്കളെ അപേക്ഷിച്ചു പകുതിയിൽ കുറഞ്ഞും ഉപയോഗം ഇരട്ടിച്ചും വന്നാൽ അവിടെ ദോഷംതന്നെയാണു ഫലം. ഉദാഹരണത്തിനു ടാട്ടായുടെ സ്റ്റീൽ ഉല്പാദനം അനുകൂലപരിസരസ്ഥിതിയിൽ വീക്ഷിക്കുന്ന പക്ഷം ആറുലക്ഷം ടൺ ആണ്. ഇൻഡ്യയിൽ ഉപയോഗത്തിനു പന്ത്രണ്ടുമുതൽ പതിനഞ്ചുവരെ ലക്ഷം ടൺ ഉരുക്കിൻെറ ആവശ്യമുണ്ട്. ഇതുവരെ സംരക്ഷണം ഉണ്ടായിരുന്നിട്ടും വിപണിയിൽ പകുതി സാധനം സംഭരിക്കാൻ സാധിച്ചിട്ടില്ല. ഉപഭോക്താവു പകുതിയിലധികം സംരക്ഷിതവസ്തു ആവശ്യത്തിനു വാങ്ങേണ്ടതായിരിക്കുന്നു. മിഴിച്ചുനില്ക്കുന്ന മറെറാരു സംഗതിനോക്കുക. ഉപഭോക്താവ് ഒരു ടൺ ഗാൽവനൈസ്ഡ്ഷീററിനു 83 രൂപ സംരക്ഷണത്തിനുവേണ്ടി ചിലവിടേണ്ടി വന്നിരിക്കുന്നു. ടാട്ട ഇൻഡ്യയിലെ ആവശ്യത്തിനു വേണ്ടിവരുന്ന തുകയുടെ 12% മാത്രം ഉണ്ടാക്കിയ കാലത്താണ് ഈ സംരക്ഷണം ഏൎപ്പെടുത്തിയതു്. കൃത്രിമമായ ആലംബനങ്ങളിരുന്നിട്ടും ടാട്ടായുടെ സംഭരണം 32%ത്തിൽ കവിഞ്ഞിട്ടില്ല. (കഴിഞ്ഞകൊല്ലത്തേ കണക്കു്)

ഇന്നത്തെ സംരക്ഷണപ്രമാണങ്ങളെ ഈ വിധത്തിൽ ചിന്തിക്കുമ്പോൾ ഇപ്പോഴത്തെ ഇൻഡ്യൻതാരിപ്പ് ഇവിടത്തെ വ്യാവസായികവും സാമ്പത്തികവും ആയ സ്ഥിതിക്കു യോജിച്ചതല്ലെന്നു പ്രഥമവീക്ഷണത്തിൽ തെളിയുന്നതാണ്. നല്ലപോലെ ആലോചിച്ച് ഏർപ്പെടുത്തുന്ന ബൗണ്ടിയാണ് ഇവിടെ അനുഗമിക്കേണ്ട നയം. വ്യയംചെയ്യുന്ന പണവും അതിൽനിന്നുളവാകുന്ന ഫലവും വ്യവസ്ഥിതമായിരിക്കുമല്ലോ. ബൗണ്ടി ഏർപ്പാടിൽ നികുതിദായകന്റെ പണത്തിനു ദുർവ്വ്യയം വരുന്നില്ല. സാധാരണ നികുതിദായകനും ഉപഭോക്താവിനും സംരക്ഷണസുഖാഭോഗങ്ങൾക്കു വ്യയംചെയ്വാൻ ഒററപ്പൈപോലും അവശേഷിക്കുന്നില്ല.

ഭൂലോകവാണിജ്യത്തോട് ഇന്ന് ഇൻഡ്യയുടെ പ്രത്യേകസ്ഥിതിവിശേഷത്തേയും അവയ്ക്കു നമ്മുടെ സംരക്ഷണനയത്തോടുള്ള ബന്ധത്തേയും ചിന്തിച്ചുനോക്കാം.

ലോകമഹായുദ്ധത്തിനുശേഷം സർവ്വലോകസാമാന്യമായി വ്യാവസായികമനോഭാവം പ്രബുദ്ധമായിത്തീർന്നിട്ടുണ്ട്. യുദ്ധകാലത്തു ബ്രിട്ടീഷുസമുദായം ഇൻഡ്യൻസ്റ്റീൽവെയെഴ്സുകൊണ്ടു പല ആനുകൂല്യവും അനുഭവിച്ചിട്ടുണ്ട്. ഇക്കാലത്തും ഇതിനെത്തുടർന്നുള്ള ശുഭാപ്തിഘട്ടത്തിലും ഇൻഡ്യയിലെ ഇരുമ്പും ഉരുക്കും ആശിച്ചിരുന്നതിലധികം ആദായപ്രദമായിരുന്നു. 1922-ൽ ഇതിനുള്ള പ്രതിഘാതം തുടങ്ങി. രാജ്യമൊട്ടുക്കു മുതലാളിമാരായ വ്യവസായികൾ നമ്മുടെ വ്യവസായത്തിനു സംരക്ഷണം വേണമെന്നു മുറവിളി തുടങ്ങി. മററെല്ലാ വ്യവസായങ്ങളും ഏറെക്കുറെ ഇരുമ്പുവ്യവസായത്തിന്റെ ഗതിയെത്തുടർന്നു.

സംരക്ഷണത്തിനുള്ള മുറവിളിയിൽ തലപൊക്കിനില്ക്കുന്ന ചില സംഗതികളെ ഓർത്തിരിക്കേണ്ടതാണ്. ലോകവ്യവസായം ഓരോ രാജ്യത്തും വിവിധ മാതൃകയേയും മാർഗ്ഗത്തേയും ആശ്രയിച്ചു അഭിവൃദ്ധിപ്പെട്ടു. യുദ്ധകാലത്തുതന്നെ റഷ്യ കമ്മ്യൂണിസം സ്വീകരിച്ചു. എല്ലാ വ്യവസായത്തേയും സാമ്രാജ്യസമ്പത്താക്കി. വ്യവസായാഭിവൃദ്ധി പുതിയ രീതിയിൽ വളർത്തി. അതിൽ പഴയ ലോകത്തിലെ മുതലാളിമാരുടെ ആവശ്യം തന്നെയില്ല. അമേരിക്കയിൽ യുണൈററഡ്സ്റ്റേററ് മുതലാളിത്വത്തെ ഉപേക്ഷിച്ചില്ല. എങ്കിലും വ്യവസായത്തെ സാമ്രാജ്യസമ്പത്താക്കാൻ ശ്രമിച്ചു കഴിയുന്നത്ര ജനാശംസയ്ക്കു അനുരൂപമാക്കുവാൻ യത്നിച്ചു. നല്ല ലാഭം കിട്ടുന്നിടത്തു കൂടുതൽ ശമ്പളം കൊടുത്തു. തനിക്കു വ്യവസ്ഥിതമായ ഒരു ഓഹരി ഉണ്ടെന്നു വേലക്കാരൻ ക്രമേണ അറിഞ്ഞുതുടങ്ങി. മൂലധനവും വേലയും തമ്മിൽ വേർതിരിഞ്ഞുനില്ക്കാൻ സംഗതിയാക്കിയിരുന്ന പ്രബലത്വപ്രതിബന്ധങ്ങൾ ഇടിഞ്ഞുതകർന്നുതുടങ്ങി. അടുത്ത കാലത്തു ജപ്പാൻ

ഒരു പുതിയ രീതിയെ പരീക്ഷിച്ചു. അതു വിജയപ്രദമായിട്ടുതന്നെയാണു താനും. റഷ്യനും അമേരിക്കനും ആയ മാർഗ്ഗങ്ങളുടെ സംയോജനമെന്നോ, സംസന്ധാനം എന്നോ പറയാം. വ്യവസായത്തിനു പണം മുടക്കുന്ന മുതലാളിമാർ അവിടെയുണ്ട്. അതേസമയത്തു് എല്ലാ വ്യവസായവും സാമ്രാജ്യമുതലാണ്. ലാഭവും വേലയും സ്റ്റേററിൻെറ കാര്യമാണ്. ഈ മൂന്നു രാജ്യങ്ങളും—വിശേഷിച്ചു റഷ്യ—അതിവിസ്തൃതമായ കാർഷികഭൂമിയാണ്. അവയുടെ സ്ഥിതിവിശേഷത്തോട് ഇൻഡ്യയ്ക്കു അധികമടുപ്പമുണ്ട്. പക്ഷെ ഇൻഡ്യയിൽ നാട്ടുകാരായ ജനങ്ങൾക്കു ഭരണകൂടത്തിൻെറ നയത്തിൽ ഒന്നുംതന്നെ ചെയ്യാനില്ലെന്നു് ഒരു വ്യത്യാസവുമുണ്ട്.

ഇംഗ്ലണ്ടിനെപ്പോലെയുള്ള ചില രാജ്യങ്ങളിൽ വ്യവസായസമ്പ്രദായം പഴയ രീതിയിൽ ആകകൊണ്ടു യാഥാസ്ഥിതികനിലയെന്നുതന്നെ പറയണം. മുതലും വേലയും അകന്നു നില്ക്കുന്നു. ചിരന്തനമായ പ്രഭുത്വമനസ്ഥിതി അവയുടെ മദ്ധ്യത്തിൽ ഒരു കന്മതിൽ പോലെ അഭേദ്യമെന്നവണ്ണം സ്ഥിതിചെയ്യുന്നു. ഈ രീതിയുടെ അന്തഃസ്ഥിതമായ ആശയം മുതൽ വർദ്ധിക്കുന്നതിനു വേലയെ ചൂഷണം ചെയ്യണമെന്നും സ്റ്റേററിൻെറ ബലം പണത്തിൻെറ ബലം തന്നെയാണെന്നും ആകുന്നു. വ്യാവസായികവീക്ഷണത്തിൽ ഇൻഡ്യ ഇംഗ്ലണ്ടിലെ ഒരു കീടസമാനവസ്തുവാണ്. പല കാരണങ്ങൾകൊണ്ടും, അവ ഇവിടെ പ്രസ്താവ്യമൊ അല്ലാതെയൊ ഇരിക്കട്ടെ, ഇംഗ്ലണ്ടിനെ പദാല്പദം അനുധാവനം ചെയ്യേണ്ടതായിട്ടാണ് ഇൻഡ്യയുടെ നില. ഏതാനും അംശത്തിൽ സ്വതന്ത്രമായി ചെയ്യാവുന്ന കാര്യങ്ങളിലും ഇൻഡ്യാ സ്വാതന്ത്ര്യത്തോടെ ചിന്തിക്കയോ പ്രവർത്തിക്കയോ ചെയ്യുന്നില്ല. അതിനാൽ ഇംഗ്ലണ്ടിലോ ഡൊമിനിയലോ—കാനഡ എന്നിരിക്കട്ടെ—എന്തു ചെയ്യുന്നു അതിനെ അനുസരിക്കാനും അനുഗമിക്കാനും ഇൻഡ്യ സന്നദ്ധമാണ്. സംരക്ഷണനയത്തിൽ ഈ മനോഭാവം അനവധി ദുശ്ചേഷ്ടിതങ്ങൾക്കും ഉത്തരവാദിത്വം വഹിക്കുന്നുണ്ട്. ഇനിയെങ്കിലും വ്യവസായനയത്തിൽ വാക്കിലും പ്രവൃത്തിയിലും അല്പം സ്വാതന്ത്ര്യം അവലംബിച്ചില്ലെങ്കിൽ സാമ്രാജ്യമൊട്ടാകെ ദുരിതംതന്നെ അനുഭവിക്കും.

ഈ അവസരത്തിൽ സവിസ്തരമായ വിശദീകരണമൊന്നും കൂടാതെ നിയമനിർമ്മാണസമിതിയിൽ 1923 ഫെബ്രുവരി 16-ാംനു- ആദ്യമായി സംരക്ഷണനയം ആവിർഭവിച്ചപ്പോൾ നടന്ന വാദപ്രതിവാദത്തിൽ മി: ഇൻസ്, (ഇന്നു സർ ചാറൽസ് ഇൻസ്) അന്നു സമിതിയിൽ വാണിജ്യമെംബർ ആയിരുന്ന ഇൻസ് ഇൻഡ്യാഗവൺമേൻറിനുവേണ്ടി ഇങ്ങനെ പറഞ്ഞു.

നമ്മുടെ സംരക്ഷണനയം സാമാന്യമായി ഉപഭോക്താവിനേയും പ്രത്യേകമായി കർഷകരേയും സാമാന്യജനങ്ങളേയും ഉല്പന്നങ്ങളുടെ വില

യിൽ ഒരു കൂടുതൽ നിലവാരം അനുഭവിപ്പിക്കതന്നെ ചെയ്യും. ഈ പരമാൎത്ഥസംഗതിയിൽനിന്നും ഒരിക്കലും ഒഴിഞ്ഞുമാറുവാൻ സാദ്ധ്യമല്ല. അല്പമായ വിവേചനത്താൽ ഇതിനെ അല്പം ശാന്തപ്പെടുത്താൻ കഴിഞ്ഞേക്കാം. എന്നാലും സംഗതി അവശേഷിക്കതന്നെ ചെയ്യും. തെളിവു് ആവശ്യമില്ലാത്ത ഒരു പരമാൎത്ഥമാണു സംരക്ഷണനയംകൊണ്ടു് ഇൻഡ്യയിൽ സാധനങ്ങളുടെ വില അധികരിക്കുമെന്നതു്. ഈ അവശത ഉണ്ടെന്നറിഞ്ഞിരുന്നിട്ടും സംരക്ഷണനയം സധൈര്യം സ്വീകരിച്ച പല രാജ്യങ്ങളുമുണ്ടെന്നെനിക്കറിയാം. പക്ഷെ നമ്മുടെ ചിന്താവിഷയം ഇൻഡ്യയാണു്. യുണൈററഡ്സ്റ്റേററിനെപ്പോലെയോ കാനഡ, ആസ്ത്രേലിയ മുതലായ ഡൊമിനിയനെപ്പോലെയൊ ഉയൎന്ന ജീവിതരീതിയുള്ള രാജ്യങ്ങളെപ്പററി നാം ചിന്തിക്കുന്നില്ല. സംരക്ഷണം ആവശ്യപ്പെടുന്ന അനിവാൎയ്യവില കൊടുക്കുവാൻ യാതൊരു സംശയവും അതുപോലുള്ള രാജ്യങ്ങൾക്കില്ല. പക്ഷെ ഇൻഡ്യ മുപ്പതുകോടി ജനങ്ങൾ അധിവസിക്കുന്ന ഒരു രാജ്യമാണു്. ഇതിൽ മൂന്നിൽ രണ്ടുഭാഗവും കൃഷിക്കാരാണു്. അവരിൽ അധികംപേരും പാവങ്ങളും ജീവിതരീതി താഴ്ന്നതുമത്രെ. ഞാൻ വിചാരിക്കുന്ന ഒരു കാൎയ്യം നിശ്ചയംതന്നെ. ഈ അസംബ്ളിയിൽ കൃഷകവൎഗ്ഗം അവരുടെ പൂൎണ്ണശക്തി പ്രയോഗിക്കുന്നതിനു് ഇടവരുന്നതായാൽ ഇന്നു ഞാൻ ഹാജരാക്കുന്ന ഭേദഗതി നടപ്പിൽവരുമോ എന്നു സംശയിക്കുന്നു. ഇങ്ങനെ ഒരു ഭേദഗതി അവതരിപ്പിക്കുമോ എന്നുകൂടി സംശയിക്കുന്നു. ലോകത്തിലുള്ള എല്ലാ കൃഷകരും, (ഞാൻ പൂൎണ്ണവിശ്വാസത്തോടെ പറഞ്ഞുകൊള്ളുന്നു.) സംരക്ഷണനയംകൊണ്ടു ലഭിക്കുന്നതു കുറച്ചും നഷ്ടപ്പെടുന്നതു് അധികവും ആണു്. കൃഷകവൎഗ്ഗത്തെ നമ്മുടെ അനുഭാവചിന്തയിൽനിന്നും ഉപേക്ഷിക്കുക. ഇൻഡ്യയുടെ സ്ഥിതിയെ ആദരിക്കുന്ന ഒരുവനെങ്കിലും ഇവിടെയുണ്ടെങ്കിൽ സംരക്ഷണനയംകൊണ്ടു പ്രത്യക്ഷമായ മൂല്യവൎദ്ധനവുണ്ടാകുമെന്ന പരമാൎത്ഥത്തെ ഭീതിയോടെ വീക്ഷിക്കുന്നവനല്ലാതിരിക്കുമോ? ഇൻഡ്യ ത്യാഗത്തിനു സന്നദ്ധമായിരിക്കണമെന്നു പറയുന്നതു് എളുപ്പമാണു്. സൂക്ഷ്മാവലോകനം ചെയ്യിട്ടില്ലാത്ത ഒരുവനുപോലും കഴിഞ്ഞ ഏതാനും കൊല്ലങ്ങളിലെ അനുഭവംകൊണ്ടു് ഇൻഡ്യയിലെ പൊതുസമ്പത്തിനു തന്നെയല്ല രാഷ്ട്രീയമായും സാമുദായികമായും സാമ്പത്തികമായുംകൂടി ഈ വിലക്കൂടുതൽ ബാധകമായിട്ടുണ്ടെന്നറിയാം.

വ്യാവസായികഫലങ്ങളുടെ അനുഭോക്താവും, നികുതിദായകനും, ദരിദ്രനായ കൃഷിക്കാരനും ഇൻഡ്യയിൽ ഒന്നുതന്നെയാണു്. ഇതുതന്നെയാണു ഗവൺമേൻറു വിശദീകരിച്ചിട്ടുള്ളതും. സംരക്ഷണനയം, അതുതന്നെ താരിപ്പുകൊണ്ടു സാധിക്കുന്നതു് ഇൻഡ്യൻജനതയ്ക്കു ക്ഷേമപ്രയോജകമാകയില്ലെന്നുതന്നെ. ഇവിടെ ഒരു ചോദ്യത്തിനു വകയുണ്ടു്. ഈ നയം ദോ

ഷകരമെന്നു പറഞ്ഞ ഗവൺമേൻറ് എന്തുകൊണ്ട് അതിനു സമ്മതി നൽകി? 1923 ഫ്ബ്രുവരി 16-ാംനു- ഗവൺമേൻറു ഗ്ഗേസറ്റിയിൽ ഇങ്ങനെ കാണുന്നു.

മേൽവിശദീകരിച്ച സംരക്ഷണപ്രമാണത്തെ അപേക്ഷിക്കുന്നതിൽ രാജ്യത്തിംൻറ കോശസ്ഥിതിയേക്കൂടി ആദരിക്കണം. കയററുമതി ഇറക്കുമതി എക്സൈസ് എന്നീ ഇനങ്ങളേയാണ് ഇൻഡ്യാ ഗവൺമേൻറ് നികുതിയുടെ ഒരു വലിയ പങ്കായി അവലംബിച്ചിരിക്കുന്നതു്.

സംരക്ഷണനയം കൊണ്ടു വ്യവസ്ഥിതമായ താരിപ്പിൽ ഗവൺമേൻറിനു പ്രത്യേകകൗതുകമുണ്ടെന്നു വിശദമായല്ലൊ. കൊല്ലംതോറുമുള്ള ബഡ്ജററു പരിശോധിക്കുന്നതായാൽ തീരുവഇനത്തിൽ നികുതി കൊല്ലംതോറും വ്യവസായഫലങ്ങളിൽ സംരക്ഷണം ഏപ്പെടുത്തുന്നതുകൊണ്ടു വർദ്ധിക്കുന്നതായിക്കാണാം. ഗവൺമേൻറിന് പണമാവശ്യമെങ്കിൽ ജനങ്ങളിൽ നികുതി ചുമത്തട്ടെ. വല്ല അഹിതവും വരുമെങ്കിൽ അതിനു പരിഹാരം നേടട്ടെ. ബഡ്ജററു സമീകരിക്കാൻ സംരക്ഷണനയത്തെ ഒരിക്കലും അഭയം പ്രാപിക്കരുതു്. ജനങ്ങളുടെ അഭിമാനചിന്തയിലും മുതലാളിമാരുടെ സ്വാത്ഥചിന്തയിലും വ്യാപാരം നടത്തുകയും അരുതു്.

ഗവൺമേൻറ് അമ്മൻഡ്മെൻറിൻെറ സാത്ഥകസ്വഭാവത്തെക്കുറിച്ച് ഇയ്യിടെ പ്രത്യേകതാല്പയ്യമുള്ള ചില സങ്കേതങ്ങളിൽ വ്യാഖ്യാനിക്കാൻ ശ്രമിച്ചിട്ടുണ്ട്. സംരക്ഷണതാരിപ്പിൻെറ ഉച്ചസ്ഥിതി നിമിത്തം വിദേശസാമാനങ്ങളുടെ ഉപയോഗം പ്രത്യക്ഷമായിക്കുറഞ്ഞിട്ടുണ്ടെന്നും ചുങ്കത്തിൽനിന്നു ഗവൺമേൻറിനു കിട്ടുന്ന ആദായം നഷ്ടപ്പെട്ടുവാൻ ഇടയുണ്ടെന്നും ഈ ഇനമാണു ഗവൺമേൻറിൻെറ പ്രധാന ആദയാമാഗ്ഗമെന്നും ആ വ്യാഖ്യാനത്തിൽ വിശദീകരിച്ചിട്ടുണ്ട്. വികലമായ ഈ വ്യാഖ്യാനത്തെ കേൾക്കാനോ ആദരിക്കാനോ ഗവൺമേൻറ് ഈ നയം തുടങ്ങിയതിൽ പിന്നെ സ്മരിച്ചിട്ടുതന്നെയില്ല. അല്പോപഭോഗത്തിന് അനല്പചുങ്കം ഉത്തരവാദിത്വം വഹിക്കണമെന്നുംഅതിൻെറ ഫലം നികുതിയുടെ കുറവാകുമെന്നും സാധാരണ പറയാറുണ്ട്. ഉപഭോഗസാധനങ്ങൾക്കു സാമാന്യമായി ഒരു രീതിയുണ്ട്. അതിൽനിന്നും അശേഷവും കുറയ്ക്കാൻ തരമില്ല. ഇക്കാലത്തു നേരിട്ടിരിക്കുന്ന നികുതിയുടെ കുറവു സവ്വലോകസാമാന്യമായി കച്ചവടസാധനങ്ങളുടെ തുകയേയും വിലയേയും സംബന്ധിച്ചു മാത്രമാണ്. ഒരു പ്രത്യേകരാജ്യത്തിൻെറ സ്ഥിതികൊണ്ടല്ല.

ഗവൺമേൻറിൻെറ ഉദ്ദേശമതാണെങ്കിൽ—നികുതിയുടെ കുറവ് നാട്ടിൽ സാധനങ്ങളുടെ വിലക്കൂടുതൽ കൊണ്ടെന്നു വിചാരിക്കുന്നു എങ്കി

ൽ—ബൗണ്ടി ഏൎപ്പാടുകൊണ്ടു നമ്മുടെ വ്യവസായം രക്ഷിക്കേണ്ടതായിരിക്കുന്നു. ബൗണ്ടി പ്രത്യക്ഷമായ കരമാണല്ലൊ. ആദായനികുതി മുതലായ സൂപ്പർടാക്സ് മൂലം ജനങ്ങളിൽനിന്ന് ഈടാക്കാവുന്നതാണ്. സാധാരണ നികുതിദായകനേയോ ദരിദ്രനായ ഉപഭോക്താവിനേയൊ ഈ ഭാരം ബാധിക്കുന്നതല്ലല്ലൊ. നമ്മുടെ വ്യവസായത്തെ സംരക്ഷിക്കുന്നതിനു ഗവൺമേൻറ് ഒരു നല്ല സംഖ്യ കടമായെടുക്കട്ടെ. നികുതിദായകൻ അതിൻെറ പലിശ ഏതാനും കൊല്ലം കൊടുക്കുമ്പോഴ് വ്യവസായി അഭിവൃദ്ധിയിൽ എത്തുമല്ലൊ. അന്ന് ആ ആളും കൊടുത്തുകൊള്ളും. നമ്മുടെ റയിൽവേ കടംപോലെ ഈ വിധത്തിൽ വൎദ്ധിപ്പിക്കുന്ന വ്യവസായസമ്പത്ത് അവസാനത്തിൽ അധികമായിട്ടില്ലെങ്കിലും അത്രത്തോളം ആദായകരമായിത്തീരാൻ സംഗതിയുള്ളതാണ്. നമ്മുടെ ജാതകമെഴുതുവാൻ കുതുകികളായ ഒരു കൂട്ടരുടെ നയവിശേഷത്തിന് ഈ മാൎഗ്ഗങ്ങളൊന്നുംതന്നെ രുചികരമായിരിക്കാൻ തരമില്ല.

ആധുനികസംരക്ഷണനയത്തിനു സുവിദിതമായ ഒരു പ്ലാനുണ്ട്. അതിൻെറ പിന്നിലായി ഒരു സാമ്രാജ്യലക്ഷ്യവുമുണ്ട്. ഉപഭോക്താക്കളായ സാധുമനുഷ്യരുടെ ജീവിതരക്തംകൊണ്ടു രാജ്യത്തുള്ള അപൂൎവ്വം ചില വ്യാവസായികമൂൎത്തികൾക്കു ബലിതൎപ്പിക്കുന്നു. മറെറാരുവിധത്തിലും സാമാന്യജനങ്ങളെ ഗുണപ്പെടുത്തുന്നതിനോ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനൊ സാധിക്കയില്ല. ഇതു പ്രഥമവീക്ഷണത്തിൽ അസംബന്ധമെന്നു തോന്നിയേക്കാം. ദൃശ്യമാത്രമായ ഈ അസംബന്ധത്തിൻെറ പിന്നിൽ വാസ്തവമായ ഒരു കാൎയ്യമുണ്ട്. അതു എന്തെന്നു നോക്കാം. അസംതൃപ്തരായ ഇൻഡ്യൻ ജനതയെ ശാശ്വതമായി അവലംബിച്ചുകൂടാ. ഒരുവൻ എത്രതന്നെ ശ്രമിച്ച് അവരുടെ കണ്ണിൽ മണ്ണിടുവാൻ ഒരുങ്ങിയാലും ഇന്നല്ലെങ്കിൽ നാളെ അവർ സ്വേച്ഛാലാഭത്തിനു കണ്ണു തുറക്കാതിരിക്കയില്ല. ഭരണീയസമുദായത്തിൻെറ ചില അംഗങ്ങളെ ആശ്രയിക്കാതെ ഒരു വിദേശഗവൺമേൻറുഭരണം സാദ്ധ്യമല്ല. ഈ അവയവത്തെ ഗവൺമേൻറിനോടു കടപ്പാടുള്ളവരാക്കി സദാ തീൎത്തുകൊണ്ടിരിക്കണം. ഈ ഉദ്ദേശത്തെ ലക്ഷീകരിച്ച് ഒരു കാലത്തു സെമിൻഡാറന്മാരെ സൃഷ്ടിച്ചു സംരക്ഷിച്ചിരുന്നു. എന്നാൽ പല പ്രത്യക്ഷകാരണങ്ങളെക്കൊണ്ട് അവർ സമഗ്രസംരക്ഷയ്ക്കു മതിയാകാത്തവരെന്നു കണ്ടു. അതിനാൽ സമുദായത്തിൻെറ മറെറാരവയവത്തെ തേടേണ്ടിവന്നു. ഈ സ്ഥാനം വ്യവസായ ഉടമസ്ഥന്മാരിൽ കണ്ടെത്തി. ഈ രാജ്യത്തു വേലചെയ്യുന്ന അന്യമൂലധനത്തോടുള്ള സൗമനസ്യവും ഇവിടെയുള്ള സൗമനസ്യവും സമനിലയിൽ എത്തുവാൻ പല കൗശലങ്ങളും വീണ്ടും പ്രയോഗിച്ചു. ഇയ്യിടെ ഉണ്ടായ "വൈററപേപ്പർ" വ്യവസായവാണിജ്യങ്ങളിൽ സൗമനസ്യസമീകരണത്തിനുവേണ്ട

നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വ്യവസായത്തിനും വാണിജ്യത്തിനും തുല്യാനുകൂല്യങ്ങൾ ഇതുപോലെ ഏതു നിർദ്ദേശങ്ങൾ അഭിവ്യഞ്ജിപ്പിക്കുമെന്നു തെരുവിൽ നടക്കുന്ന സാധാരണജനങ്ങൾ അത്ഭുതപ്പെടുന്നു. ഈ രാജ്യത്തു വാണിജ്യവിവേചനംകൊണ്ടു നിയമശാസിതമായ പല നിരസനങ്ങളും പൂർണ്ണശക്തിയോടെ പ്രവർത്തിക്കുമ്പോൾ, വൈററ്പേപ്പറിൽ ഗവൺമേൻറു നിർദ്ദേശിച്ചിട്ടുള്ള സംഭാവ്യസംഗതികളെ—സംരക്ഷണത്തിൻെറ സകല ശക്തികളെ--കുറിച്ചു ചിന്തിച്ച് ഉപഭോക്താക്കൾ ഭയപ്പെടാതിരിക്കയില്ല. മത്സരബുദ്ധിയോടെ വലിയ ഇംഗ്ലീഷ്കമ്പനികൾ ഉണ്ടാകും. സദാ സംരക്ഷണപ്രാർത്ഥന ചെയ്തുകൊണ്ടിരിക്കുന്ന ടാട്ടയെപ്പോലുള്ള കമ്പനികൾ ആ കമ്പനികൾക്കു സഹായവിലയ്ക്കു നല്ല സാമാനം സംഭരണം ചെയ്തു കൊടുക്കേണ്ട ദിവസങ്ങളെണ്ണിയോ അവയുടെയിടയിൽ സ്വജീവിതത്തെത്തന്നെ നാമാവശേഷമാക്കിയോ കഴിയും. ഗവൺമേൻറു സകതുകം താങ്ങിയ സംരക്ഷണംകൊണ്ടുള്ള താരിപ്പിൻെറ സഹായം വെറും സ്വപ്നാനുഭൂതിയെന്ന് ഈ അപകടംകൊണ്ടു തെളിയും. എല്ലാവിധ പ്രതിപക്ഷങ്ങളേയും നേരിടുവാൻ തക്കവണ്ണം നമ്മുടെ വ്യാവസായം രണ്ടുകാലിന്മേൽ ഉറച്ചുനിൽക്കുവാനും ഈ പരമാർത്ഥം സഹായിച്ചേക്കാം.

ഈ അവസരത്തിൽ ഇൻഡ്യാക്കാരനായ ഒരു ഉപഭോക്താവിനുണ്ടാകുന്ന തെററിദ്ധാരണ മറെറാരു ഗൗരവരീതിയിൽ വിചാരണ ചെയ്തുനോക്കാം. ഇൻഡ്യാഗവൺമേൻറിൻെറ താരിപ്പുനയം ഇംപീരിയൽ അല്ലെങ്കിൽ സൂക്ഷ്മമായി പറയുന്നപക്ഷം ബ്രിട്ടീഷ്പ്രിഫറൻസുനയത്തോട് ദൃഢമായി ബന്ധിച്ചിരിക്കുന്നു. 1924-ൽ സ്റ്റീൽ വ്യവസായത്തോട് (അതായതു ജാംഷഡ്പുരത്തിൽ ടാട്ടായുടെ കമ്പനിയോട്) അനുബന്ധിച്ചാണു നമ്മുടെ വ്യവസായസംരക്ഷണം ആരംഭിച്ചതു് എന്നു പ്രത്യേകം ഓർമ്മിക്കണം. ഈ നയം നടപ്പാക്കിയതു ടാട്ടായ്ക്കു് ഏതാനും സാധനങ്ങളിൽ ബൗണ്ടി അനുവദിക്കുന്നതിനു മാത്രമാണ്. താരിപ്പു ഉപേക്ഷിക്കാവുന്നതായിരുന്നു. 1925-ൽ ഈ രീതിതന്നെ ആവർത്തിച്ചു. മൂന്നുകൊല്ലം ഊർജ്ജിതമായിരുന്ന ഈ നയം അനുവദിക്കുന്നതിനു നിയമസമിതിയെ പ്രേരിപ്പിച്ചു. ഭാവിയിൽ നടത്തേണ്ട സംരക്ഷണത്തിരിപ്പിന് ഈ പ്രശസ്തമായ ബൗണ്ടിനയം ഒരു ആപ്പിൻേറ ഘനംകുറഞ്ഞ ഭാഗംമാത്രമായിട്ടാണ് ഇൻഡ്യൻ ഉപഭോക്താവിലും ജനങ്ങളിലും ഭാഗ്യദോഷത്താൽ കൊണ്ടുകയറിയതു്. സ്റ്റീൽ വ്യവസായത്തെ സംരക്ഷിക്കുന്നതിനു മാത്രമായിട്ടുള്ള നയമെന്നത്രെ അന്നു അസംബ്ളിയെ വിശ്വസിപ്പിച്ചതു്. അങ്ങനെയെങ്കിൽ ബൗണ്ടിയൊ താരിപ്പോ എന്തായാലും വിഷമമൊന്നും വരാനില്ലല്ലോ എന്നും അവർ ഉറച്ചു. അതിവ്യക്തമായ ഒരു മാററമാണ് ഇതെന്ന് ഇപ്പോൾ വ്യക്തമായി. ഇതു് ഇംപീരിയൽ അല്ലെങ്കിൽ ബ്രിട്ടീഷ് പ്രിഫറൻസിനു അത്യന്തോപയുക്തമാ

യ ഒരു നയമാണ്. അന്നു കച്ചവടത്തിനും റെയിൽവേക്കും മെംബർ ആയിരുന്ന സർ ചാറൽസ്ഇൻസ്, ലണ്ടനിൽവച്ചു നടന്ന ഇംപീരിയൽ എക്കണോമിക്സ് കാൺഫ്രൻസിൽ 1923-ൽ ഇൻഡ്യയെ പ്രതിനിധീകരിച്ചിരുന്നു. അദ്ദേഹമാകട്ടെ അവിടെവച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു:— "ഇൻഡ്യയിലെ റെയിൽവേ സംവദ്ധനത്തിന് ഒരു വലിയ സംഖ്യ നീക്കിവച്ചിട്ടുണ്ട്. ചില പുതിയ നിമ്മാണം തുടങ്ങാൻ തന്നെ നാം ശക്തരാകുമെന്നു ഞാൻ ആശിക്കുന്നു. റെയിൽവേ ഉപകരണങ്ങൾക്കു മാത്രമായി 8½ മില്യൻ സ്റ്റർലിങ്ങ് ഈ നാട്ടിൽതന്നെ ചിലവുചെയ്തിട്ടുണ്ട്. മററു് അഭിവൃദ്ധിക്കു വേണ്ട ആലോചനകൾ നടക്കുന്നുമുണ്ട്. ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ 70 മില്യൻ സ്റ്റർലിങ്ങ് അടുത്ത അഞ്ചുകൊല്ലംകൊണ്ടു റെയിൽവേയ്ക്കും മററു് അഭിവൃദ്ധിക്കും വേണ്ടി ഇറക്കുമതിച്ചരക്കുകൾക്കായി ചിലവഴിക്കാൻ ഗവൺമെൻറു നിശ്ചയിച്ചിരിക്കുന്നു. കഴിഞ്ഞ കാലത്തേപോലെ ഭാവികാലത്തും ഇൻഡ്യയിൽനിന്നും വലിയ ഒരു സംഖ്യ ഇവിടത്തെ സാധനനിമ്മിതാക്കൾക്കു സിദ്ധിക്കും"

'അടുത്ത അഞ്ചുകൊല്ലം' 1928-ൽ അവസാനിക്കുന്നതാണ്. ബ്രിട്ടീഷുസ്റ്റീലിനു പ്രിഫറൻസും ഇൻഡ്യൻസ്റ്റീൽ വ്യവസായത്തിനു സംരക്ഷണവും അസംബ്ളിയിൽ നടപ്പായതു 1927-ൽ ആണ്. മുകളിൽ ഉദ്ധരിച്ച സംഗതി ഒന്നുകൂടി വിശദീകരിച്ചാൽ മാത്രമെ വ്യക്തമാകയുള്ളു. ഇൻഡ്യയിലെ ഡവലപ്പ്മെൻറ് എന്നപേരിൽ റെയിൽവേയുടെ ഒരു ഭീമനിമ്മിതിക്ക് ഇൻഡ്യൻഗവൺമെൻറ് പരിപാടി നിശ്ചയിച്ചു. അഞ്ചുകൊല്ലത്തേക്കു കൊല്ലംതോറും മുപ്പതുകോടി രൂപ ഇംഗ്ലണ്ടിൽനിന്നു കടം വാങ്ങാനും നിശ്ചയിച്ചു. ബ്രിട്ടീഷുസ്റ്റീൽ വാങ്ങുന്നതിനാണ് ഇതിലധികവും ചിലവുചെയ്തതു്. ഈ അഞ്ചുകൊല്ലംകൊണ്ടു പണം മുഴവൻ ചിലവഴിക്കയൊ വാങ്ങിയ സാധനങ്ങൾ മുഴവനും റെയിൽവേയ്ക്കു ചിലവിടുകയൊ ചെയ്തിട്ടില്ല. പഞ്ചവത്സരപദ്ധതി 1928-ൽ അവസാനിച്ചു. വിപണികളിൽ ബ്രിട്ടീഷുസ്റ്റീൽ സപ്ളൈ ചെയ്യേണ്ട പല വഴികളും ആവശ്യമായിത്തീരുകയും ചെയ്തു. ബ്രിട്ടീഷുവ്യവസായത്തിനു പ്രിഫറൻസ് സംരക്ഷണം ചെയ്യാൻ യുക്തിഹീനങ്ങളായ വാദങ്ങൾതന്നെ ആവശ്യമില്ലാത്തതാണ്. ഇൻഡ്യൻ ലജിസ്ലേച്ചറിൻെറ ട്രഷറിബഞ്ചിന് അവിടെ ഏതാണ്ടു ഫലപ്രദമായി ചിലതെല്ലാം ചെയ്യാവുന്നതാണല്ലൊ. പ്രിഫറൻസ് ഒഴിച്ചുകൂടുവാൻ അരുതാത്തതെങ്കിൽ ഇൻഡ്യൻ നികുതിദായകനോടു മററു മാർഗ്ഗങ്ങളെ അന്വേഷിക്കാൻ അഭിപ്രായപ്പെടാം. ഒരു നിശ്ചിതതുകയ്ക്കു സാമാനം വാങ്ങണമെന്നു വ്യവസ്ഥചെയ്യാം. സംരക്ഷണതാരിപ്പിൻ താഴെ നിന്നുകൊണ്ട് ഒരു പ്രിഫറൻസ് ആരുമൊന്നുമറിയാതെ വേലചെയ്യുന്നതു്

ധനതത്വമനുസരിച്ച ഹാനികരവും രാഷ്ട്രത്തിന്റെ സന്മാൎഗ്ഗശക്തിക്കു ബാധകവുമാണ്.

സംരക്ഷണതാരിപ്പു നമ്മുടെ ഇന്നത്തെ സ്ഥിതിക്കു കഴിയുന്ന മാൎഗ്ഗങ്ങളിലെല്ലാംകൂടി ഒഴിക്കേണ്ടതാണ്. വ്യവസായത്തിനു സംരക്ഷണം ആവശ്യമെന്നു തെളിയിക്കാമെങ്കിൽ അതു ബൗണ്ടിമൂലം സാധിപ്പാനെ പാടുള്ളൂ. ഇതെല്ലാം കഴിഞ്ഞിട്ടും താരിപ്പുനയം അഭിലഷണീയമെന്ന് ആലോചിക്കുന്നു എങ്കിൽ ഒന്നാമതായി പ്രിഫറൻസുകളെല്ലാം കളയണം. രണ്ടാമതായി ചുങ്കം ഇനത്തിൽ പിരിയുന്ന പണംമുഴുവനും പ്രത്യേകം നീക്കിവച്ചു വ്യവസായത്തിനും മററു സമുദായാഭിവൃദ്ധിക്കും ചിലവിടേണ്ടതാണ്. ക്ഷേമകാംക്ഷയുള്ള ഒരു ഗവൺമേൻേറാ ഒരു മുതലാളിയോ അഭിമാനമുള്ള ഉപഭോക്താക്കളെ വേണ്ടിടത്തോളം വിശദമാക്കാത്തതോ പ്രതിവിധിക്കു മാൎഗ്ഗമില്ലാത്തതോ ആയ ദുരിതസരിണിയിലേക്കു നയിക്കുന്ന ഒരു മാൎഗ്ഗവും നിൎദ്ദേശിക്കരുതാത്തതാണെന്നു മാത്രം പറഞ്ഞുകൊള്ളുന്നു.

# പരിണാമവാദം.

(ടി. സുധാകരൻ)

പരിണാമവാദമെന്നു കേൾക്കുമ്പോൾ നമുക്ക് ആദ്യമായി ഓൎമ്മ വരുന്നതു ഡാർവിന്റെ സിദ്ധാന്തത്തെക്കുറിച്ചാകുന്നു. എന്നാൽ ഡാർവിൻ ജനിക്കുന്നതിന്നു വളരെക്കാലം മുമ്പിൽതന്നെ പരിണാമവാദം ശാസ്ത്രജ്ഞന്മാരുടെ ഇടയിൽ സ്ഥാനംപിടിച്ചു കഴിഞ്ഞിരുന്നു. തന്റെ പൂൎവ്വഗാമികളുടെ സിദ്ധാന്തങ്ങൾക്ക് ഒരു ശരിയായ അടിസ്ഥാനം നൽകുവാൻ മാത്രമേ ഡാർവിൻ യത്നിച്ചിട്ടുണ്ടായിരുന്നുള്ളൂ.

നമ്മുടെ എല്ലാ മതങ്ങളിലും പരിണാമവാദത്തിന്റെ ബീജം മറഞ്ഞുകിടക്കുന്നുണ്ട്. ഹിന്ദുമതത്തിലെ പുനർജന്മസിദ്ധാന്തവും അവതാരങ്ങളും പരിണാമവാദത്തെയാണു ചൂണ്ടിക്കാണിക്കുന്നതു്. ഈശ്വരൻ ലോകത്തെ ആറു ദിവസംകൊണ്ടു സൃഷ്ടിച്ചു എന്നും മനുഷ്യനെ സൃഷ്ടിച്ചതു് ആറാംദിവസമാണെന്നും ബൈബിൾ ഘോഷിക്കുന്നു. ഈ അഭിപ്രായം ശാസ്ത്രദൃഷ്ട്യാ അടിസ്ഥാനരഹിതമാകുന്നു എങ്കിലും വളരെക്കാലം ശാസ്ത്രജ്ഞന്മാർ ബൈബിളിലെ അഭിപ്രായത്തെ വിശ്വസിച്ചിരുന്നു. ക്രി. മു.

4004-ൽ ആണ് ഈശ്വരൻ ഭൂമി സൃഷ്ടിച്ചതെന്ന് ഒരു ക്രൈസ്തവപുരോഹിതൻ നിർലജ്ജം അഭിപ്രായപ്പെട്ടിരിക്കുന്നു. പതിനേഴാംശതാബ്ദത്തിന്റെ അന്ത്യഘട്ടത്തിൽ ക്രുവിയർ മുതലായ പ്രകൃതിശാസ്ത്രജ്ഞന്മാർ പുരോഹിതന്മാരുടെ അഭിപ്രായത്തെ ഖണ്ഡിച്ചുതുടങ്ങി. ക്രിസ്തു ജനിക്കുന്നതിനും അഞ്ഞൂറു സംവത്സരംമുമ്പുതന്നെ എമ്പിഡോക്ലീസ് മുതലായ ഗ്രീക്കു തത്വചിന്തകന്മാർ പരിണാമവാദത്തെക്കുറിച്ചു പ്രസ്താവിച്ചുകാണുന്നുണ്ട്.

ഇന്നത്തെ പരിണാമവാദത്തിന്റെ സ്ഥാപകൻ ബഫ്ഫൺ എന്ന ഫ്രഞ്ച്പ്രകൃതിശാസ്ത്രജ്ഞനാകുന്നു. മതവിരുദ്ധമായി എന്തെങ്കിലും പ്രസ്താവിച്ചാൽ ഭയങ്കരമായ മരണശിക്ഷപോലും ലഭിച്ചിരുന്ന ഒരു കാലത്തായിരുന്നു ബഫ്ഫൺ ജീവിച്ചിരുന്നതു്. ശാസ്ത്രത്തിന്റെ പുരോഗതിക്കു ക്രിസ്തുമതം എത്രമാത്രം പ്രതിബന്ധമായിരുന്നു എന്നു ഗലീലിയൊ മുതലായ ശാസ്ത്രജ്ഞന്മാരുടെ അനുഭവങ്ങൾ വിളിച്ചുപറയുന്നുണ്ടല്ലൊ. അതിനാൽ തന്റെ അഭിപ്രായങ്ങളെ വിശദമായി പ്രകടിപ്പിക്കുവാൻ ബഫ്ഫണു കഴിഞ്ഞിരുന്നില്ല. പോപ്പും അനുയായികളും പരിണാമവാദത്തെ വേരോടെ നശിപ്പിക്കുവാൻ കഴിയുന്നതു ഉത്സാഹിച്ചിരുന്നു.

പരിണാമവാദത്തെ ഇന്നത്തെ നിലയിൽ കൊണ്ടുവന്നതു ലാമാർക്ക് എന്ന ഫ്രഞ്ച്ശാസ്ത്രജ്ഞനാകുന്നു. അദ്ദേഹം ഒരു നല്ല വിദ്വാനും ചിന്തകനുമായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളിൽ പ്രഥമഗണനീയമായിട്ടുള്ളതെന്തെന്നാൽ ജീവികൾക്കു പരിതസ്ഥിതികളും ആവശ്യങ്ങളുമനുസരിച്ചു വ്യത്യാസങ്ങൾ വരുന്നു എന്നുള്ളതാണ്. ഈ വ്യത്യാസങ്ങൾ പരമ്പരയായി തുടൎന്നുപോന്നു കാലാന്തരത്തിൽ പുതിയ ജീവികൾ ഉത്ഭവിക്കുന്നു. ചിത്രോഷ്ട്രത്തിന്നു ഇത്രവളരെ നീണ്ട കഴുത്തുണ്ടായിട്ടുള്ളതു് അതിന്റെ ആവശ്യങ്ങളും പരിതസ്ഥിതികളും അനുസരിച്ചാണെന്നാണു ലാമാർക്കിന്റെ അഭിപ്രായം

ചാറൽസ്ഡാർവിന്റെ ആഗമനത്തോടുകൂടി പരിണാമവാദം ഒരു പുതിയ ദശയെ പ്രാപിച്ചു. അദ്ദേഹത്തിന്റെ 'orgin of species' എന്ന വിശിഷ്ടപുസ്തകം 1889-ൽ പ്രസിദ്ധീകൃതമായപ്പോൾ പ്രകൃതിശാസ്ത്രജ്ഞലോകത്തിന്നു ഒരു പുതിയ ഉണൎവാണു് ഉണ്ടായതു്. എങ്കിലും ഈ പുസ്തകം അന്നത്തെ പുരോഹിതന്മാരേയും വേദാന്തികളേയും ഭയവിഹ്വലരാക്കിയെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. സുപ്രസിദ്ധസാഹിത്യകാരനും ചിന്തകനുമായിരുന്ന തോമസ് കാർലയിൽ പരിണാമത്തെക്കുറിച്ചു പറയുന്നതു നോക്കുക:—"മനുഷ്യർ കുരങ്ങുകളിൽനിന്നും പരിണമിച്ചവരത്രെ! അങ്ങിനെയാണെങ്കിൽ ഒരു സൃഷ്ടികർത്താവിനുള്ള സ്ഥാനം എവിടെ? മനുഷ്യൻ തവളക്കൊത്തലുകളേക്കാൾ സ്വല്പംമാത്രം ഉയൎന്നവനാണെന്നാണു ന

മ്മുടെ പുതിയ ദൈവദൂതൻ അഭിപ്രായപ്പെടുന്നതു്. ഇക്കൂട്ടരോടു തർക്കിച്ചിട്ടു യാതൊരു ഫലവുമില്ല."

ഡാർവിൻ തന്റെ സിദ്ധാന്തങ്ങളെ പ്രകടിപ്പിച്ച അവസരത്തിൽ തന്നെ വാലസ് എന്നൊരു പ്രകൃതിശാസ്ത്രജ്ഞൻ മലയാ അർദ്ധദ്വീപിൽ വച്ചു സ്വതന്ത്രമായി ഇതേ അഭിപ്രായങ്ങളെതന്നെ പ്രകടിപ്പിച്ചു. ഡാർവിനും വാലസ്സും പണ്ടേതന്നെ വലിയ സ്നേഹിതന്മാരായിരുന്നു. അതിനാൽ വാലസ്സിന്റെ കത്തുകിട്ടിയപ്പോൾ, തന്റെ സിദ്ധാന്തങ്ങളെ മറച്ചുവച്ചു സ്നേഹിതന്റെ സിദ്ധാന്തങ്ങളെമാത്രം പ്രസിദ്ധപ്പെടുത്തുവാൻ ഡാർവിൻ ആലോചിച്ചു. പക്ഷെ മററു സ്നേഹിതന്മാരുടെ നിർബ്ബന്ധം മൂലം രണ്ടു സിദ്ധാന്തങ്ങളും പ്രത്യേകം പ്രസിദ്ധപ്പെടുത്തേണ്ടതായിട്ടാണു വന്നതു്. ഡാർവിന്റെ സിദ്ധാന്തങ്ങളെ കൂടുതലായി പ്രകാശിപ്പിച്ചതു തോമസ്സ്ഹൈക്സിലിയാണെന്നുള്ള സംഗതിയും ഇവിടെ വിസ്മരിക്കത്തക്കതല്ല.

ഇനി നമുക്കു ഡാർവിന്റെ സിദ്ധാന്തങ്ങളെ പരിശോധിക്കാം.

എല്ലാ ജന്തുക്കളും സസ്യങ്ങളും അനവധി സന്താനങ്ങളെ ഉല്പാദിപ്പിക്കുന്നു. ഒരു സസ്യത്തിന്റേയോ ജന്തുവിന്റേയോ എല്ലാ സന്താനങ്ങളും ജീവിച്ചുപോരുന്നപക്ഷം ഭൂമിയിൽ സ്ഥലമുണ്ടാകുമോ എന്നു സംശയമാണ്. പ്രകൃതിയിൽ ഇങ്ങിനെ ഒരിക്കലും കാണുന്നില്ല. ആണ്ടുതോറും ജനിക്കുന്ന അനേകായിരം സന്താനങ്ങളിൽ വളരെ കുറച്ചുമാത്രമെ ജീവിക്കുന്നുള്ളു. വളരെകുറച്ചു സന്താനങ്ങളെമാത്രം ഉല്പാദിപ്പിക്കുന്ന ആന മുതലായ ജന്തുക്കൾപോലും ഭൂമിയിൽ ജീവിച്ചിരിക്കുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയേക്കാൾ കൂടുതൽ സന്താനങ്ങളെ ജനിപ്പിക്കുന്നുണ്ടു്.

ഈ സന്താനങ്ങളുടെ ഇടയിൽ ഒരു ജീവിതസമരം നടന്നുപോരുന്നു. ഈ ജീവിതസമരത്തിൽ വിജയികളായവർ മാത്രമെ ജീവിച്ചിരിക്കുന്നുള്ളു. ഇങ്ങിനെയുള്ള വിജയികളുടെ സന്താനങ്ങൾ തമ്മിൽ വീണ്ടും ജീവിതസമരമുണ്ടാകുന്നു. വീണ്ടും വിജയികളായ സന്താനങ്ങൾമാത്രം ജീവിച്ചുപോരുന്നു. ഇങ്ങിനെ ജീവികൾ ലോകജീവിതത്തിനു യോഗ്യരായിത്തീരുന്നു എന്നുമാത്രമല്ല പുതിയ ജീവികൾ ഉണ്ടാകുകയും ചെയ്യുന്നു. കുരങ്ങിൽനിന്നു മനുഷ്യനും മത്സ്യത്തിൽനിന്നു തവളയും ഇഴജന്തുക്കളിൽ നിന്നു പക്ഷികളും ഇപ്രകാരം ഉണ്ടായിട്ടുള്ളതാകുന്നു.

ജീവിതസമരത്തിന്റെ അനന്തരഫലമായി ജീവികളുടെ എണ്ണത്തിനു ക്രമീകരണമുണ്ടാകുന്നു. സാംക്രമികരോഗങ്ങൾ മുതലായ പ്രകൃതിയുടെ വികൃതികൾ സമാതീതമായ വർദ്ധനതയെ തടയുന്നു.

സന്താനങ്ങൾക്കു മാതാപിതാക്കന്മാരുടെ ഗുണങ്ങൾ പാരമ്പര്യാവകാശമായി ലഭിക്കുന്നു. നല്ല മാതാപിതാക്കന്മാരുടെ സന്താനങ്ങൾ ജീ

വിതമത്സരത്തിന്ന കൂടുതൽ പ്രാപ്തന്മാരായിത്തീരുന്നു. രോഗികളും ശക്തിഹീനരും ആയ മാതാപിതാക്കന്മാരുടെ സന്താനങ്ങൾ പരാജിതന്മാരായിത്തീരുന്നു. മനുഷ്യന്റെ രക്ഷാകർത്തൃത്വത്തിൻകീഴിൽ സസ്യങ്ങൾക്കും ജന്തുക്കൾക്കും ഗണ്യമായ വ്യത്യാസം വരുത്തുവാൻ സാധിക്കും. മെക്സിക്കോവിലെ കാട്ടുകളിൽ വളൎന്നിരുന്ന ഉരുളൻകിഴങ്ങിനെ കൊണ്ടുവന്നു കൃഷിചെയ്ത് ഇന്നത്തെ നിലയിൽ കൊണ്ടുവന്നതു മനുഷ്യനാകുന്നു. നായ്, കുതിര, പശു, പ്രാവ്, കോഴി മുതലായ ജന്തുക്കളിലും, പയറു്, വഴതിന, പരുത്തി മുതലായ സസ്യങ്ങളിലും കൃത്രിമത്തിരഞ്ഞെടുപ്പുകൊണ്ടു മനുഷ്യൻ അനവധി വൎഗ്ഗങ്ങളെ ഉണ്ടാക്കിട്ടുണ്ട്. പ്രകൃതിയിലും ഇത്തരത്തിലുള്ള തിരഞ്ഞെടുപ്പുണ്ടെന്നാണു ഡാർവിന്റെ അഭിപ്രായം.

കരയിൽ അധിവസിക്കുന്ന ജന്തുക്കളിൽ പ്രഥമസ്ഥാനം കൊടുക്കാവുന്നതു തവളയ്ക്കാകുന്നു. തവളയുടെ പരിണാമം മത്സ്യത്തിൽനിന്നാകുന്നു. മത്സ്യം വെള്ളത്തിൽ ജീവിയ്ക്കുന്നു, തവള കരയിലും വെള്ളത്തിലും ജീവിക്കുന്നു. മത്സ്യം ചിറകുകൾകൊണ്ടു സഞ്ചരിക്കുന്നു, തവളയ്ക്കു സഞ്ചരിക്കുവാൻ നാലു കാലുകളുണ്ട്. മത്സ്യം ശ്വാസോഛ്വാസം ചെയ്യുന്നതു ചെകിളകൾകൊണ്ടാകുന്നു. തവളയ്ക്കു രണ്ടു ശ്വാസകോശങ്ങൾ ഉണ്ട്. മത്സ്യത്തിന്റെ ഹൃദയം ഒരു വെറും കുഴൽമാത്രമാകുന്നു. തവളയുടെ ഹൃദയത്തിനു മൂന്നു പ്രത്യേക അറകൾ ഉണ്ട്. തവളയുടെ തലച്ചോറു മത്സ്യത്തിന്റേതിനേക്കാൾ കൂടുതൽ വളൎന്നതാകുന്നു. ജീവിതസമരത്തിൽ ജയിച്ചു ശത്രുക്കളിൽനിന്നും രക്ഷപ്രാപിച്ചു കരയിൽ അഭയംനേടിയ മത്സ്യങ്ങളാണു തവളകളായിത്തീൎന്നതു്. തവളയുടെ കുട്ടികൾ "തവളക്കൊത്തലുകൾ" ആകൃതിയിലും പ്രകൃതിയിലും ശരീരനിൎമ്മാണരീതിയിലും മത്സ്യങ്ങൾതന്നെയാകുന്നു. തവളയുടെ പൂൎവ്വജന്മത്തെയാണ് ഈ ദശ ചൂണ്ടിക്കാണിക്കുന്നതു്. ചെകിളകൾകൊണ്ടുമാത്രം ശ്വസിക്കുന്ന ഒരു തവളക്കൊത്തലിന്നു കാലുകൾ മുളച്ചു ശ്വാസകോശങ്ങൾകൊണ്ടു ശ്വസിക്കുന്ന ഒരു തവളയായിത്തീരുന്നു. ഈ കാഴ്ച പരിണാമവാദത്തെ ബലമായി സ്ഥാപിക്കുകയല്ലെ ചെയ്യുന്നതു്? ആഫ്രിയ്ക്കായിലെ നയിൽനദിയിലും ആസ്ത്രേലിയായിൽ ക്വീൻസ്‌ലാൻഡിലെ നദികളിലും തെക്കെ അമേരിക്കയിൽ ഗ്രാഞ്ചാക്കോവിലെ ചളിപ്രദേശങ്ങളിലും ഒരുതരം മത്സ്യങ്ങളെ കണ്ടുവരുന്നുണ്ട്. ഇവയ്ക്കു ചെകിളകളും ശ്വാസകോശങ്ങളുമുണ്ട്. ഈ മത്സ്യങ്ങൾ തവളയുടെ പരിണാമത്തിൽ ഒരു ദശയെയാണു ചൂണ്ടിക്കാണിക്കുന്നതു്. തവളയിൽനിന്നാണ് ഇഴജന്തുക്കളുടെ പരിണാമം. ഇഴജന്തുക്കൾക്കു മേലാസകലം ചിതമ്പലുകൾ ഉണ്ട്. ഇഴജന്തുക്കളിൽനിന്നു പക്ഷികളും മൃഗങ്ങളും ഉണ്ടായി. ചിതമ്പലുകൾ പക്ഷികളിൽ തൂവലുകളായും മൃഗങ്ങളിൽ രോമങ്ങളായും രൂപാന്തരപ്പെട്ടു. കോഴി മുതലായ പക്ഷികളുടെ കാലുകളിന്മേൽ ചിതമ്പ

ലുകളുടെ അവശിഷ്ടങ്ങൾ കാണാം. പക്ഷികൾ ഇഴജന്തുക്കളെപ്പോലെതന്നെ മുട്ടയിടുന്നു. അവയുടെ മുൻകാലുകൾ ചിറകുകളായി പരിണമിച്ചു. മൃഗങ്ങളെല്ലാം പ്രസവിക്കുന്നവയും കുട്ടികൾക്കു മുലകൊടുക്കുന്നവയുമാകുന്നു. എന്നാൽ ആസ്ട്രേലിയായിൽ മാത്രം കണ്ടുവരുന്നവയും മൃഗങ്ങളിൽ ഏററവും താഴ്ന്നപടിയിൽ പെട്ടവയും ആയ ഡക്ക്മോൾ, സ്പൈനി ആൻററീററർ എന്നീ രണ്ടു മൃഗങ്ങൾ മുട്ടയിടുകയും മുട്ടവിരിഞ്ഞുണ്ടാകുന്ന കുട്ടികൾക്കു മുല കൊടുക്കുകയും ചെയ്യുന്നു. മൃഗങ്ങളുടെ പരിണാമത്തിൽ ഏററവും ഉയർന്നപടിയിലാണു മനുഷ്യൻെറ നില. മനുഷ്യൻ കുരങ്ങിൽനിന്നും പരിണമിച്ചവനാകുന്നു.

ജീവജാലങ്ങളുടെ ഇടയിൽ പരിണാമമുണ്ടായിട്ടുണ്ടെന്നുള്ളതിലേയ്ക്കുള്ള തെളിവുകളെയാണ് ഇനി നമുക്കു പരിശോധിക്കുവാനുള്ളൂ. ഒന്നാമതു ജീവജാലങ്ങളെ തരംതിരിച്ചിരിക്കുന്ന രീതിതന്നെ നോക്കുക. ഏററവും സൂക്ഷ്മങ്ങളായ സസ്യങ്ങളും ജന്തുക്കളും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ഇവയെ കാണണമെങ്കിൽ സൂക്ഷ്മദർശിനിയുടെ സഹായം വേണം. ഇവയ്ക്കുപരിയായി സൂക്ഷ്മങ്ങളായ ജന്തുക്കളേയും സസ്യങ്ങളേയും കണ്ടുവരുന്നു. ആൽഗാ, ബാക്ടീരിയ മുതലായ സൂക്ഷ്മസസ്യങ്ങൾ മുതൽ പൂവും കായുമുള്ള വൃക്ഷലതാദികൾവരെ ഒന്നിനുപരി മററൊന്നായി പരിണാമസംബന്ധമായ വ്യത്യാസങ്ങൾ കാണുന്നുണ്ട്. അമീബാ, പരമീഷ്യം, മുതലായ സൂക്ഷ്മജന്തുക്കൾ മുതൽ മനുഷ്യൻവരെയുള്ള ജന്തുലോകത്തിലും ഇത്തരം വ്യത്യാസങ്ങൾ ഉണ്ട്. ഇതെല്ലാം പരിണാമത്തെയാണു ചൂണ്ടിക്കാണിക്കുന്നത്.

രണ്ടാമതു് ഈ നാനാതരം ജീവജാലങ്ങളുടെ ശരീരനിർമ്മാണത്തെ പരിശോധിക്കുന്നപക്ഷവും പരിണാമംതന്നെ കാണുന്നുണ്ട്.

മൂന്നാമതു് ഇന്നു ജീവിച്ചിരിപ്പില്ലാത്ത അനവധി ജന്തുക്കളുടെ അവശിഷ്ടങ്ങൾ പാറകളിലും മററും കണ്ടുകിട്ടീട്ടുണ്ട്. ഇത്തരം അവശിഷ്ടങ്ങൾ ഇന്നു ജീവിച്ചിരിക്കുന്ന മൃഗങ്ങളുടെ പരിണാമത്തെ ചർച്ചചെയ്യുവാൻ വളരെ സഹായിച്ചിട്ടുണ്ട്. ബവേറിയായിൽ സൊളൻഹോഫനിൽനിന്നു കിട്ടിയ 'ആക്കിയോപ്ടെറിക്ക്സ്' എന്ന പക്ഷിയുടെ അവശിഷ്ടങ്ങൾ ഇഴജന്തുക്കളിൽനിന്നു പക്ഷികൾ ഉണ്ടായതിനു ലക്ഷ്യം വഹിക്കുന്നു. ഈ പക്ഷിക്കു പല്ലുകൾ ഉണ്ടായിരുന്നു എന്നുമാത്രമല്ല അതിൻെറ അസ്ഥികൾ മിക്കവാറും ഇഴജന്തുക്കളുടേതുപോലെയായിരുന്നു. അപ്രകാരംതന്നെ ആദിമമനുഷ്യരുടെ തലയോട്ടും ഇന്നത്തെ മനുഷ്യക്കുരങ്ങിൻെറ തലയോട്ടും തമ്മിൽ വളരെ സാമ്യമുണ്ട്. കുരങ്ങിൽനിന്നു മനുഷ്യനുണ്ടായതുവരെയുള്ള പരിണാമഘട്ടങ്ങളെ സൂചിപ്പിക്കുന്ന അവശിഷ്ടങ്ങൾ കിട്ടീട്ടു

ണ്ടു്. ഹിമാലയാപൎവ്വതത്തിലെ ശിവാലിക്കുന്നുകളിൽനിന്നു പതിനഞ്ചുതരം ആനകളുടെ അവശിഷ്ടങ്ങൾ കണ്ടുകിട്ടീട്ടുണ്ടു്. ഇവയിൽ രണ്ടെണ്ണംമാത്രമെ ഇന്നു ജീവിച്ചിരിക്കുന്നുള്ളു—ഇൻഡ്യൻ ആനയും ആഫ്രിക്കൻ ആനയും. ഈ പതിനഞ്ചുതരം ആനകളിൽ ചിലതിനു നാലു കൊമ്പുകൾ ഉണ്ടായിരുന്നു എന്നുള്ളതും പ്രസ്താവയോഗ്യമാണു്. ഹിന്ദുക്കളുടെ പുരാണങ്ങളിൽ നാല്ക്കൊമ്പനാനയെക്കുറിച്ചു പ്രസ്താവിച്ചിരിക്കുന്നതിൽനിന്നു പുരാണങ്ങൾ എഴുതിയകാലത്തു് ഇത്തരം ആനകൾ ഉണ്ടായിരുന്നു എന്നു് ഊഹിക്കാം. അടുത്തകാലംവരെ ജീവിച്ചിരുന്ന മാമത്തു് എന്നൊരുതരം രോമമുള്ള ആനയുടെ ശവശരീരങ്ങൾ സൈബീരിയായിലെ മഞ്ഞിൻകട്ടകളിൽനിന്നു കിട്ടീട്ടുണ്ടു്. ഈ അവശിഷ്ടങ്ങളെല്ലാം ഇന്നത്തെ ആനകളുടെ പരിണാമദശകളെ വ്യക്തമായി ചൂണ്ടിക്കാണിക്കുന്നുണ്ടു്.

നാലാമതായി പറയുവാനുള്ളതു ജീവികളുടെ ബീജത്തെക്കുറിച്ചാകുന്നു. ഏററവും താഴ്ന്നനിലയിലുള്ള സസ്യങ്ങളും ജന്തുക്കളും അതിസൂക്ഷ്മങ്ങളാകുന്നു. ഈ സൂക്ഷ്മജീവികളെയാണു വലിയ ജീവികളുടെ ബീജങ്ങൾ സൂചിപ്പിക്കുന്നതു്. മത്സ്യത്തിൻെറ ബീജത്തിൽ ചെകിളകൾ ഉണ്ടു്. ഈ ചെകിളകൾ വലിയ മത്സ്യങ്ങളിലും നിലനിന്നുപോകുന്നു. തവളകളിലാകട്ടെ കുട്ടികളിൽമാത്രം ചെകിളകൾ ഉണ്ടു്. ഇഴജന്തുക്കളിലും പക്ഷികളിലും മൃഗങ്ങളിലും മനുഷ്യരിലും ബീജത്തിൽമാത്രമെ ചെകിളകൾ കാണുന്നുള്ളു. ഒരോ ജീവികളുടേയും ബീജം അതിൻെറ പൂൎവ്വഗാമികൾ ആരാണെന്നു വിളിച്ചുപറയുന്നു. ഇതും പരിണാമവാദത്തിനു ബലം കൂട്ടുകയാണു ചെയ്യുന്നതു്.

ഡാർവിൻെറ കാലത്തിനുശേഷം പരിണാമവാദത്തിനു പറയത്തക്കവ്യത്യാസങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. ഡാർവിൻെറ ചില അഭിപ്രായങ്ങളോടു യോജിക്കാത്ത ശാസ്ത്രജ്ഞന്മാർ ധാരാളമുണ്ടെങ്കിലും, പരിണാമവാദത്തെ ശാസ്ത്രജ്ഞലോകം പൊതുവെ സ്വീകരിക്കുകയാണു ചെയ്തിരിക്കുന്നതു്. പുരോഹിതന്മാരും മതഭ്രാന്തന്മാരും വേദാന്തികളും ചന്ദ്രഹാസമെടുത്തു് എത്ര അട്ടഹസിച്ചാലും പരിണാമവാദം ശാസ്ത്രദൃഷ്ട്യാ അൎത്ഥവത്തുതന്നെയാകുന്നു.

# ഭാരതീയസ്ത്രീകൾക്കവശ്യം വേണ്ട വിദ്യാഭ്യാസം. *

ഏഴാമത്തെ വയസ്സിൽ ഒരു പെൺകുട്ടി വിദ്യാലയത്തിൽ ചേരണം. ആദ്യത്തെ രണ്ടുകൊല്ലം അവൾ ഭാഷാവിഷയംമാത്രം അഭ്യസിക്കണം. ഇതിനു പുറമെ നാട്ടിൽ നടപ്പുള്ള പല ഐതിഹ്യങ്ങളും, പഴംകഥകളും അവൾ മനസ്സിലാക്കണം. അടുത്ത വത്സരദ്വയത്തിൽ അവൾ കണക്കിൽ അല്പസ്വല്പം ചിലതൊക്കെ മനസ്സിലാക്കണം. ഇങ്ങനെ നാലു കൊല്ലംകൊണ്ടു് അവൾ എഴുതാനും വായിക്കുവാനും കണക്കുകൂട്ടുവാനും സാമാന്യമായി ശീലിക്കണം. ഐതിഹ്യത്തിലും സാമാന്യമായ പരിജ്ഞാനം സമ്പാദിക്കണം. ഇതിനുശേഷം ഇന്നത്തെ ഉപജീവനോപയുക്തഭാഷയായ ഇംഗ്ലീഷുഭാഷയിലേക്കു പ്രവേശിക്കയും അതോടുകൂടി ചരിത്രം, ഭൂവിവരണം, ഭൌതികവിജ്ഞാനം, കാവ്യം ഇവയുടെ സംക്ഷിപ്തമായ ജ്ഞാനവുംകൂടി സമ്പാദിക്കണം. ഇപ്രകാരം പതിമൂന്നൊ പതിനാലൊ വയസ്സാകുമ്പോഴേക്കു അവശ്യം വേണ്ട കാൎയ്യങ്ങൾക്കു സാമാന്യമായ ജ്ഞാനം ഉണ്ടാകാനിടയുണ്ടു്. ഈ ഘട്ടത്തിൽ അവൾക്കു വാസനയില്ലാത്തതായ വിഷയങ്ങളെ പരിത്യജിക്കയും, ആരോഗ്യശാസ്ത്രം ശരീരശാസ്ത്രം, ഗൃഹഭരണം, മതം ഇവയിലേക്കു ശ്രദ്ധപതിക്കയും വേണം. ഇതാണു സ്ത്രീപുരുഷബന്ധതത്വത്തെക്കുറിച്ചുള്ള അറിവു സമ്പാദിക്കാനുള്ള കാലം. വാസനയനുസരിച്ചു സംഗീതം, വിനോദം, ചിത്രകല, സൌചികവിദ്യ ഇവയുടെപരിശീലനത്തിനും ഇതാണു തക്കഅവസരം. പിന്നീടു ശരീരശക്തിപരമായ സംസ്കാരത്തിനു പ്രതിദിനം കാൽ മണിക്കൂറുവീതം വ്യായാമംചെയ്യണം. ഇതു കുറച്ചധികമായ ഭാരമായി പക്ഷെ തോന്നിയേക്കാം. എന്നാൽ ഈ പ്രായത്തിൽ അവൾക്കു് ഇങ്ങിനെയുള്ള ഭാരം വഹിക്കുന്നതിനുതക്ക ശേഷിയുണ്ടെന്നുള്ളതു് ഓൎമ്മിക്കേണ്ടതാണു്. എന്തുകൊണ്ടെന്നാൽ യഥാൎത്ഥജീവിതം അതിന്റെ പ്രവേശനദ്വാരങ്ങളെ അവൾക്കായി തുറക്കുമ്പോൾ അവൾ ഒരു നഷ്ടചൈതന്യയൊ വികലാത്മയൊ ആയിത്തീരാതിരിക്കാൻ ഇതു സഹായിക്കുന്നതാണു്. വിവാഹപ്രായം വരുമ്പോൾ അവൾ ഒരു പ്രാജ്ഞനായ പുരുഷന്റെ സഹധൎമ്മിണിയായിരിപ്പാൻതക്കവണ്ണം കൃതസംസ്കാരയായും, അവളുടെ ജന്മസമുദായത്തിന്റെ ഒരു ഉത്തമമായ അംഗമായും താൻ വിവാഹമൂലം സ്വീകരിച്ച കുടുംബത്തിലെ വിലയേറിയ സമ്പാദ്യവുമായി ഭവിക്കുന്നതാണു്.

* മാഡേൺ റവ്യൂവിൽനിന്നു്.

“ഗുരുനാഥൻ അനുബന്ധം.”





ആരോഗ്യകേന്ദ്രമായ ആലുവായിലെ സുപ്രസിദ്ധമായ യൂണിയൻ ക്രിസ്ത്യൻ·കാളേജിനോടു് ചേൎന്ന രണ്ടു വിദ്യാൎത്ഥിസദനങ്ങൾ.